# സത്യദൂതൻ

2025 മെയ് | ലക്കം 05

വില ₹ 30

100TH YEARS

ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ മലയാളത്തിലെ
— ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം —



- നീതിയുടെ ലംഘനം
- ദിവംഗതനായ ഫ്രാൻസിസ് മാർപ്പാപ്പ
- വിവാദാത്മകമായ വഖഫ് ഭേദഗതി ബിൽ

# ഉടൻ


# പുറത്തിറങ്ങുന്നു!!

# കേവലനീതി
# കാരുണ്യം, ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

---

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.




Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : ഏ. എം. മുഹമ്മദ് സലീം

**പ്രസാധകർ**

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**



# അകം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2021 ആഗസ്ത് 8 ന് യുകെ വാർഷിക ദേശീയ സമ്മേളനത്തിൽ ചെയ്ത ഉപസംഹാര പ്രഭാഷണ സംഗ്രഹം

**10** **നീതിയുടെ ലംഘനം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)



**14** **ധാർമ്മികത; സനാതനമോ? കാലികമോ?**
താഷിഫ് മഹ്മൂദ്

**16** **ലിംഫ് എന്ന അത്ഭുത ദ്രാവകം**
മൂസാ സത്താർ, ലണ്ടൻ


**18** **ക്രിസ്ത്യൻ സയണിസവും ഇസ്രയേൽ അമേരിക്കൻ രാഷ്ട്രീയവും**
എ. എം. മുഹമ്മദ് സലീം

**22** **ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ)**
**അഹ്മദിയ്യാ ജമാഅത്തിലെ ഭാരതീയനായ ആദ്യ ശഹീദ്**
ഇബ്നു വഫാ ബേപ്പൂർ



**28** **ഇസ്‌ലാമിനെ സ്നേഹിച്ച ടോൾസ്റ്റോയ്**
ബശാറത്ത് അഹ്മദ് ബശീർ

**കുറിപ്പുകൾ**



**33** **ദിവംഗതനായ ഫ്രാൻസിസ് മാർപ്പാപ്പ**
മുസാഫിർ

**37** **വിവാദാത്മകമായ വഖഫ് ഭേദഗതി ബിൽ**
മുസാഫിർ

**41** ഖലീഫത്തുൽ മസീഹിന്റെ അനുശോചന സന്ദേശം

**42** **പഹൽഗാം ആക്രമണം അപലനീയം:**
അഹ്മദിയ്യാ ജമാഅത്ത്
**അനുസ്മരണം**


സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.


لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2025 – മെയ്
ഹി.ശ. 1405– ഹിജറത്ത്
1446 ശവ്വാൽ – ദുൽഖഅദ്
പുസ്തകം 97 ലക്കം 05
വില 30 രൂപ

എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

സർകുലേഷൻ മനേജർ
**കെ.എ.സാജിദ്**
**ഫോൺ : 9995950052**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്റ്റ് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.


**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചരേ, നീതി പാലിക്കുന്നതിൽ നിങ്ങൾ കണിശക്കാരായിരിക്കുവീൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മാതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന്ന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ച് നിൽക്കുവീൻ, അവർ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോവാതിരിക്കാൻ നിങ്ങൾ സ്വേഛക്ക് അടിപ്പെടാതെ സൂക്ഷിക്കുവീൻ. നിങ്ങൾ സത്യം മറച്ച് വെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്തെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ (4: 136)



## നബിവചനം

അബൂമറിയമി(റ)വിൽ നിന്ന് നിവേദനം: ഞാനൊരിക്കൽ മുആവിയ(റ) യോട് പറഞ്ഞു. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. മുസ്‌ലിംകളുടെ വല്ല കാര്യവും അല്ലാഹു ഒരാളെ ചുമതലപ്പെടുത്തി, എന്നിട്ടവരുടെ ദാരിദ്ര്യത്തിന്റെയും മറ്റാവശ്യങ്ങളുടെയും മുമ്പിലവൻ വിലങ്ങായാൽ അന്ത്യദിനത്തിൽ അല്ലാഹു അവന്റെ ആവശ്യത്തിനുമുമ്പിൽ തടസ്സം സൃഷ്ടിക്കുന്നതാണ്. (അബൂദാവൂദ്, തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

മനുഷ്യന്റെ പ്രകൃതി ധർമ്മങ്ങളിൽ പ്രത്യേകമായിരിക്കുന്ന ഒരു ഗുണമാണ് സത്യസന്ധത. സ്വാർത്ഥപരമായ എന്തെങ്കിലും പ്രേരണാശക്തിയാലല്ലാതെ അവൻ വ്യാജം പറയാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന്ന് പ്രകൃത്യാ അറപ്പും വെറുപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറഞ്ഞതായി തെളിയുന്ന ആളുടെ നേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ ഗുണം കേവലം ഒരു സദ്ഗുണമായി പരിഗണിക്കാവതല്ല. എന്തു കൊണ്ടെന്നാൽ ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്യേശങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലം വരെ മനുഷ്യന് യഥാർത്ഥത്തിൽ സത്യസന്ധനായി തീരാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചേടത്തോളം സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുമെന്ന് കാണുന്ന ഘട്ടത്തിൽ കള്ളം പറയുകയും സത്യം പറയാതെ മൗനം ദീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനേക്കാളും യാതൊരു മെച്ചവുമില്ല. (ഇസ്‌ലാംമത തത്വജ്ഞാനം)



# തീവ്രവാദം: നാശത്തിന്റെ തത്ത്വശാസ്ത്രം.

**സൗ**മ്യതയും കാരുണ്യവും ഉദാരതയും കാണിച്ച മതങ്ങളും ജനസമൂഹങ്ങളും രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും തീവ്രതയിലേക്കും വെറുപ്പിലേക്കും വിദ്വേഷത്തിലേക്കും വഴി മാറുന്ന അസാധാരണമായ പ്രതിഭാസമാണ് ലോകത്ത് പലയിടത്തും കാണുന്നത്. പടിഞ്ഞാറും കിഴക്കുമുള്ള രാജ്യങ്ങളിൽ ഈ പ്രതിഭാസത്തിന്റെ പ്രഭാവം കാണാം. മത-സാമൂഹിക ജീവിത പ്രത്യയ ശാസ്ത്രങ്ങൾ ഉയർത്തി പിടിച്ച സ്നേഹത്തിന്റേയും വിവേകത്തിന്റേയും മിതത്വത്തിന്റെയും മാനവീയ മൂല്യങ്ങൾ അസ്തപ്രജ്ഞമാകുകയും അതിവൈകാരികതക്കും കാർക്കശ്യത്തിന്നും ശക്തിപ്രകടനത്തിന്നും പ്രാമുഖ്യം വരികയും ചെയ്തിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പൊതുവേ ശാന്തതയിലും സഹവർത്തിത്വത്തിലും ജീവിച്ചിരുന്ന മതസമൂഹങ്ങൾ അക്രമാസക്തവും പ്രക്ഷുബ്ദവും ഹിംസാത്മകവുമായി തീർന്നിരിക്കുന്നു. സമൂഹ മനശ്ശാസ്ത്രത്തിന്റെ ഈ ഭാവപകർച്ചയും ഗതിമാറ്റവും കണ്ട് തദാനുഗതരായി ലോകത്തുടനീളമുള്ള ജനനേതാക്കന്മാർ ഇത്തരം പ്രവണതകളുടെ ഒഴുക്കിൽ ശക്തി സംഭരിക്കുകയാണ്. പഞ്ചേന്ദ്രിയങ്ങളെ ത്രസിപ്പിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്ന ദൃശ്യശ്രാവ്യ വാർത്താ മാദ്ധ്യമങ്ങളാണ് സമൂഹത്തിലെ വിനാശകരമായ ഈ വികാര ധാരയുടെ സിരയും ധമനിയുമായി വർത്തിക്കുന്നത്.

മതം പൊതുവേ വിട്ടുവീഴ്ച്ചയുടെയും മാപ്പിന്റെതും ആർദ്രതയുടെതുമാണ്. ബാഹ്യമായ നിയന്ത്രണത്തേക്കാളും സമ്മർദ്ദത്തേക്കാളും ആത്മനിയന്ത്രണത്തിലാണ് മതം ഊന്നുന്നത്. യഥാർത്ഥ നന്മ ഭയഭക്തിയും സൽക്കർമ്മവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ തീവ്രവാദം രോഗാതുരമായ ഒരു മാനസികാവസ്ഥയാണ്. അത്തരം ചില മനോവൈകല്യങ്ങളും നിലപാടുകളും സ്വഭാവത്തിന്റെ ഭാഗമായുള്ള മനുഷ്യരുണ്ട്. അവർ മതത്തിലായാലും രാഷ്ടീയത്തിലായാലും സാമൂഹിക ഗ്രൂപ്പുകളിലായാലും തീവ്രമായി പ്രതികരിക്കുന്നു. അയവില്ലാത്ത കാർക്കശ്യ നിലപാടുകൾ സ്വീകരിക്കുന്നു. ജീവിത വിശുദ്ധിയിൽ കളങ്കിതരായ അവർ അത് മറച്ച് പിടിക്കാൻ കൂടി തീവ്രത ആയുധമാക്കുന്നു. ഒരേതൂവൽ പക്ഷികൾ കൂട്ടം കൂടുന്നത്പോലെ ഇത്തരക്കാർ സംഘം ചേർന്നാണ് തീവ്രഗ്രൂപ്പുകൾ രൂപം കൊള്ളുന്നത്. മതത്തിൽ വ്യാഖ്യാന സാദ്ധ്യതകളുള്ള മതസൂക്തങ്ങളെ അവരുടെ മനോഭാവത്തിനനുസരിച്ച് വ്യാഖ്യാനിച്ച് തീവ്രവാദത്തിന്ന് മതത്തിന്റെ ഛായ വരുത്തുകയാണ് ചെയ്യുന്നത്. ആത്മ സമർപ്പിതരായ ഭക്തരോട് മതം സ്നേഹപൂർവ്വം അവശ്യപ്പെടുന്ന അച്ചടക്കങ്ങളും നിയന്ത്രണങ്ങളും അധികാര ശാസനങ്ങളാക്കി ഇവർ ഉപയോഗപ്പെടുത്തുന്നു. മതം ഇത്തരം കാർക്കശ്യമാണെന്ന് കരുതുന്ന അജ്ഞരായ മതസമൂഹം ഇത്തരം തീവ്രവാദ മനോഭാവക്കാർക്ക് പിന്നിൽ എളുപ്പത്തിൽ അണിനിരക്കുന്നു. മതത്തിന്റെ നല്ലഗുണങ്ങളൊന്നുമില്ലാത്ത വൈകാരികത ആളിക്കത്തിക്കുന്ന വംശീയതയും ഗോത്രീയതയും ഇത്തരം തീവ്രവാദ ഭീകരവാദ ഗ്രൂപ്പുകളുടെ ഊർജ്ജ സ്രോതസ്സാണ്. മതപരമായ പക്ഷപാതിത്വത്തോടൊപ്പം പാശ്ചാത്യനാടുകളിൽ അരങ്ങേറുന്ന തീവ്രവാദ ഭീകരവാദത്തിന്ന് ക്രിസ്തുമത പക്ഷപാതിത്വത്തോടൊപ്പം വംശീയതയും വർണ്ണവെറിയും അന്തർധാരയായി പ്രവർത്തിക്കുന്നു. തീവ്രവാദം അതിതീവ്ര രൂപത്തിലും തീവ്രരൂപത്തിലും മൃദുരൂപത്തിലും ലോകത്തെല്ലായിടത്തും ദൃശ്യമാണ്. അഹ്മദിയ്യാ ജമാഅത്ത് ഉദ്ഘോഷിക്കുന്ന എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവാക്യം ലോകം എത്രയും വേഗം തിരിച്ചറിയുമാറാകട്ടെ. ഇബ്നു അബ്ബാസ് നിവേദനം ചെയ്ത് അർത്ഥഗർഭമായ ഒരു നബി വചനം ഇപ്രകാരമാണ് :

**'ദീനിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക.**
**നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിലെ തീവ്രത മൂലമാണ്.' (അഹ്മദ്)**



# ജിഹാദ്: തെറ്റായ അദ്ധ്യാപനം മുസ്‌ലിംകളെ ഹൃദയശൂന്യരാക്കി

**ഹദ്റത്ത് അഹ്മദ്** عليه السلام

**ഈ** രാജ്യത്തെ മുസ്‌ലിം ജനസാമാന്യത്തിന്റെ ധാർമികജീവിതത്തിൽ, ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുഃസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗത്തിന്റെ അഭാവം, ദുഷ്ടവിചാരങ്ങൾ, ഹൃദയകാഠിന്യം, അനുകമ്പയില്ലായ്മ, എന്നിങ്ങനെയുള്ള ആത്മീയരോഗങ്ങൾ ഇത്തരം അടിസ്ഥാന രഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിൻെറ ഫലമായി മിക്ക മുസ്‌ലിം കക്ഷികളിലും വ്യാപിച്ചിരിക്കുകയാണ്. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേയ്ക്കുമായി വിടചോദിച്ചു പിരിയുമെന്നമട്ടിൽ, ദിവസംതോറും അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും അധാർമികതയും അനേകം മുസ്‌ലിംകളെ കാട്ടുജന്തുക്കളെപ്പോലെയാക്കി മാറ്റിയിരിക്കുന്നു. ഒരു ജൈനനോ ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോ പോലും കൊല്ലാൻ പേടിക്കുമ്പോൾ, അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവശക്തനായ അല്ലാഹുവിനെപ്പോലും - എല്ലാ ജീവ ജന്തുക്കളെയ്ക്കാളും മനുഷ്യജീവന്നു അവനാണ് ഏറ്റവും ഉയർന്ന വില കല്പിച്ചിട്ടുള്ളതെങ്കിലും - ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാ ദാരിദ്ര്യവും എങ്ങനെയാണുണ്ടായിത്തീർന്നത്? അതിനു കാരണം ഇതാണ്: ചെറുപ്പം മുതലേ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാകുകയും ചെയ്കയാൽ, സാവധാനത്തിൽ അവർ ധാർമികമായി ശവ പ്രായരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടൂരതയെ കുറിച്ചു ബോധമറ്റവരായിത്തീരുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ഒരാൾ കൊല്ലപ്പെട്ട ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താനൊരു നന്മ പ്രവർത്തിച്ചവനെപ്പോലെയാണ് സ്വയം കരുതുന്നത്. അഥവാ, സ്വസമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കി എന്നു ധരിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള ഉപദേശപ്രസംഗങ്ങളോ ഖുത്ബകളോ നമ്മുടെ നാട്ടിലെവിടെയും നിർവ്വഹിക്കപ്പെടുന്നില്ലാത്തതിനാൽ - അഥവാ അങ്ങിനെ പ്രസംഗിക്കുന്നുവെങ്കിൽ തന്നെ; അല്പമൊരു കപടഭാവത്തോടെയാവാനേ തരമുള്ളൂ - സാധാരണക്കാർ ഇത്തരം ദുഷ്കൃത്യങ്ങൾക്ക് അംഗീകാരമുള്ളതായി കരുതും. ആകയാൽ, എന്റെ സ്വന്തം സമുദായക്കാരോടുള്ള അനുകമ്പ നിമിത്തം, മുസ്‌ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നിലനിൽക്കുന്ന വിശ്വാസങ്ങൾ ഇതര സമുദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുതയും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള ദീർഘ ദൃഷ്ടിയില്ലാത്ത ഉലമാക്കൾ പഠിപ്പിച്ചുപോന്ന തെറ്റായ വിശ്വാസങ്ങളാണെന്നു വിവരിച്ചു കൊണ്ടുള്ള ഒട്ടേറെ പുസ്തകങ്ങൾ ഞാൻ അറബിയിലും ഉറുദുവിലും പേർഷ്യനിലും രചിച്ചിരിക്കുന്നു. *(മസീഹ് ഹിന്ദുസ്ഥാൻ മെ)*

# മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റുക

**2021 ആഗസ്ത് 8 ന് യുകെ വാർഷിക ദേശീയ സമ്മേളനത്തിൽ ചെയ്ത ഉപസംഹാര പ്രഭാഷണ സംഗ്രഹം**



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

**വി**ശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനിയുടെ തിരുഹദീസുകളുടെയും വെളിച്ചത്തിൽ നിറവേറ്റപ്പെടേണ്ട വിവിധ അവകാശങ്ങളുണ്ട്. അത് പ്രായോഗികവൽക്കരിച്ചാൽ മാത്രമെ യഥാർത്ഥ രീതിയിൽ സമൂഹത്തിന്റെ സമസ്ത ശ്രേണികളിലുള്ളവരുടെ കടമകൾ നിറവേറ്റാനാകു: എന്ന് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് (അയ്യദഹു) പറയുകയുണ്ടായി. ഖുർആനിക അദ്ധ്യാപനങ്ങൾ സമ്പന്നവും സമ്പൂർണ്ണവും എല്ലാ കാലത്തേക്കുമുള്ള സമസ്യകൾക്കുള്ള പരിഹാരവുമാണ്. ഈ പ്രപഞ്ചത്തിന് ഒരേയൊരു സ്രഷ്ടാവ് ഉണ്ടെന്ന് അംഗീകരിക്കപ്പെടുന്നതുവരെ സമൂഹത്തിന്റെ അവകാശങ്ങൾ മാനിക്കപ്പെടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ആരാധനയ്ക്ക് അർഹനായി അല്ലാഹുവല്ലാതെ ആരും തന്നെ ഇല്ല, അവന് ഒരു പങ്കാളിയുമില്ല. എന്ന് വിശ്വസിച്ചു കഴിഞ്ഞാൽ ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം സ്ഥാപിക്കപ്പെടുന്നു. പിന്നീട് ലോകത്തിന് യഥാർത്ഥ സമാധാനം സ്ഥാപിക്കുന്നതിലേക്ക് നീങ്ങാൻ കഴിയും.

**ദൈവത്തോട് നന്ദിയുള്ളവൻ മനുഷ്യവർഗത്തോട് നന്ദിയുള്ളവരായിരിക്കണം.**

തന്റെ സൃഷ്ടിയുടെ അവകാശങ്ങളെ ബഹുമാനിക്കാൻ ദൈവം ഓരോ ചുവടുവയ്പിലും മനുഷ്യരോട് കൽപ്പിക്കുന്നു വാസ്തവത്തിൽ, നമ്മുടെ സഹജനങ്ങളോട് നന്ദിയുള്ളവരായിരിക്കുന്നതുവരെ നമുക്ക് ദൈവത്തോട് നന്ദിയുള്ളവരായിരിക്കാൻ കഴിയില്ലെന്നാണ് അവിടുന്ന് പറഞ്ഞിട്ടുള്ളത്. അങ്ങനെ, മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റുന്നതിനുള്ള മനോഹരമായ അദ്ധ്യപനങ്ങളാണ് ഇസ്‌ലാം അവതരിപ്പിക്കുന്നത്.

താൻ മുമ്പ് പരാമർശിച്ച മറ്റുള്ളവരുടെ അവകാശങ്ങളെ സംബന്ധിച്ച ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ തുടരുമെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ വളരെ സമഗ്രമാണ്, അത് മൃഗങ്ങളുടെ അവകാശങ്ങൾ പോലും വകവെച്ചുകൊടുക്കുന്നു. ഇസ്‌ലാം ഈ അവകാശങ്ങൾ പഠിപ്പിക്കുക മാത്രമല്ല അവ എങ്ങനെ നടപ്പാക്കണമെന്നും പഠിപ്പിക്കുന്നു.

**സുഹൃത്തുക്കളുടെ അവകാശങ്ങൾ**

സുഹൃത്തുക്കളുടെ അവകാശങ്ങളെ പറ്റിയാണ് മറ്റൊന്ന്. ഹൃദയശുദ്ധിയുള്ളവരുമായിട്ടായിരിക്കണം നാം സൗഹൃദം പുലർത്തേണ്ടത്. ആ സൗഹൃദത്തെ ബഹുമാനിക്കുകയും വേണം. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **'സത്യവിശ്വാസം സ്വീകരിച്ചവരേ, നിങ്ങളുടെ സ്വന്തം ആളുകളെ വിട്ടുകൊണ്ട് (മറ്റുള്ളവരെ)നിങ്ങൾ ആത്മ മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾക്ക് നാശമുണ്ടാക്കുന്നതിൽ അവർ യാതൊരു കുറവും വരുത്തുകയില്ല. നിങ്ങൾ പ്രയാസപ്പെടുന്നത് അവർ ഇഷ്ടപ്പെടുന്നു. അവരുടെ വായിൽ നിന്നും വിദ്വേഷം ഇതിനകം തന്നെ പ്രകടമായിട്ടുണ്ട്. അവരുടെ ഹൃദയത്തിൽ മറച്ചുവെച്ചിരിക്കുന്നത് അതിലും വലുതാണ്. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നമ്മുടെ കൽപനകൾ നിങ്ങൾക്ക് നാം വ്യക്തമാക്കിത്തന്നിരിക്കുന്നു.'** (3:119)

സർവ്വശക്തനായ ദൈവം അടുത്ത ബന്ധുക്കളുടെ വൃത്തത്തിൽ സുഹൃത്തുക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതുവഴി അവരോട് പെരുമാറേണ്ട രീതിയും കരുതലും കാണിക്കുന്നുവെന്നും ഹുസൂർ പറഞ്ഞു.

ദൈവത്തിനുവേണ്ടി സൗഹൃദത്തെ ബഹുമാനിക്കാൻ ഇസ്‌ലാം പഠിപ്പിക്കുന്നു. മറ്റേതൊരു സൗഹൃദവും താൽക്കാലികം മാത്രമാണ്, അതേസമയം ദൈവത്തിനായുള്ള സൗഹൃദം ഉറച്ചതും ശക്തവുമായ ഒരു ബന്ധമായിരിക്കും. അത് കേവലമൊരു സൗഹൃദമല്ല. അതിനാൽ ആ സൗഹൃദം നിലനിർത്തേണ്ടുന്ന ബന്ധമാണ്. സുഹൃത്തുക്കൾ പരസ്പരമുള്ള സ്നേഹത്തെയും ഇത് വർദ്ധിപ്പിക്കുന്നു. 'തങ്ങളുടെ സഹോ

ദരൻ ഹാജരാകാത്തപ്പോൾ അവർക്കുവേണ്ടി ആരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ, മാലാഖമാർ അത് പ്രാർത്ഥിക്കുന്നവർക്ക് അനുകൂലമായി സ്വീകരിക്കപ്പെടാൻ പ്രാർത്ഥിക്കുമെന്ന് റസൂൽ തിരുമേനി(സ) പറഞ്ഞതാണ്. ഇവിടെയുള്ള സഹോദരന്മാരിൽ സുഹൃത്തുക്കളും ഉൾപ്പെടുന്നു. ഈ വിധത്തിലാണ് സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹം ഇസ്‌ലാം വളർത്തിയെടുക്കുന്നത്. സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധം പരസ്പരം കലുഷിതമാകാൻ പാടില്ല. മൂന്ന് ദിവസത്തിൽ കൂടുതൽ പരസ്പരം സംസാരിക്കാതിരിക്കാൻ പാടില്ല എന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. കൂടാതെ, ഒരാൾ മരിച്ചതിനുശേഷവും അവരുടെ മാതാപിതാക്കളുടെ സൗഹൃദം ഉയർത്തിപ്പിടിക്കണമെന്ന് ഇസ്‌ലാം നിഷ്ക്കർഷിക്കുന്നു. അങ്ങനെ തലമുറകളായി സൗഹൃദത്തിന്റെ നീണ്ട ശൃംഖല സംരക്ഷിക്കപ്പെടുന്നു. ഒരു ഭാഗത്ത് വേദന അനുഭവപ്പെടുമ്പോൾ ശരീരത്തിലുടനീളം വേദന അനുഭവിക്കുന്ന ഒരു ശരീരത്തോട് സുഹൃത്തുക്കളോടുള്ള തന്റെ ബന്ധത്തെ വാഗ്ദത്ത മസീഹ്(അ) ഉപമിക്കുന്നുണ്ട്. തന്റെ സുഹൃത്തുക്കളുടെ ക്ഷേമത്തിനായുള്ള തന്റെ അസ്വസ്ഥത, തന്റെ മക്കളുടെ ക്ഷേമത്തിനായുള്ള ഒരു മാതാവിന്റെ അസ്വസ്ഥത പോലെയാണെന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞു. വാഗ്ദത്ത മസീഹ്(അ) രണ്ട് സുഹൃത്തുക്കളുടെ ഒരു സംഭവം വിവരിക്കുകയുണ്ടായി. അവരിൽ ഒരാൾ ഒരു യാത്രയ്ക്ക് പോയി. ഒരാൾ യാത്രയിലായിരിക്കുമ്പോൾ, മറ്റൊരാൾ തന്റെ സേഫിന്റെ താക്കോൽ ചോദിക്കുകയും കുറച്ച് പണം എടുക്കുകയും ചെയ്തു. മറ്റേ സുഹൃത്ത് മടങ്ങിയെത്തുകയും ഇക്കാര്യം അറിയിക്കുകയും ചെയ്തപ്പോൾ അദ്ദേഹം വളരെ സന്തുഷ്ടനായി. ഈ സന്തോഷം കാരണം, തന്റെ സുഹൃത്തിനെ അങ്ങനെ ചെയ്യുന്നതിൽ നിന്ന് തടഞ്ഞുനിർത്താത്ത തൊഴിലാളിയെ സ്വതന്ത്രനാക്കി വിട്ടു. സുഹൃത്തുക്കൾ വളർത്തിയെടുക്കേണ്ട അടുത്ത ബന്ധം പ്രകടിപ്പിക്കുന്നതായിരുന്നു ഈ സംഭവം.

**രോഗിയുടെ അവകാശങ്ങൾ**

ഇസ്‌ലാം മുസ്‌ലിംകളോട് നോമ്പനുഷ്ഠിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രോഗബാധിതർക്ക് അവരുടെ അവകാശങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സർവ്വശക്തനായ ദൈവം പറയുന്നു:

**'നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചു കൊള്ളട്ടെ.'** (2:185)

അങ്ങനെ, ഇസ്‌ലാം രോഗികളുടെ അവകാശങ്ങൾ സ്ഥാപിക്കുകയും അവർ രോഗികളായിരിക്കുന്നിടത്തോളം കാലം അവരുടെ ആരോഗ്യം പുനഃസ്ഥാപിക്കപ്പെടുന്നതുവരെ നോമ്പിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

രോഗബാധിതരുടെ ആഗ്രഹങ്ങൾ നിറവേറ്റാനും ഇസ്‌ലം പഠിപ്പിക്കുന്നു. ഒരിക്കൽ, റസൂൽ തിരുമേനി(സ) രോഗിയായ ഒരാളെ സന്ദർശിക്കുകയായിരുന്നു. ആ വ്യക്തി കുറച്ച് അപ്പത്തിനായുള്ള ആഗ്രഹം പ്രകടിപ്പിച്ചു.രോഗിയായ ഒരാൾ എന്തെങ്കിലും കഴിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് അത് നൽകാൻ ശ്രമിക്കണമെന്ന് പ്രവാചകൻ(സ) പറഞ്ഞു. രോഗികളെ സന്ദർശിക്കുന്നവർക്ക് വലിയ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു, ഇത്തരത്തിൽ രോഗികളുടെ അവകാശങ്ങൾ ഇസ്‌ലാമിൽ സംരക്ഷിക്കപ്പെടുന്നു.

വാഗ്ദത്ത മസീഹ്(അ)നെ കാണാൻ ആഗ്രഹിച്ച ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് കാലിലെ അസുഖം കാരണം നടക്കാൻ കഴിഞ്ഞിരുന്നില്ല. പറഞ്ഞു. വാഗ്ദത്ത മസീഹ് അദ്ദേഹത്തെ സന്ദർശിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും അടുത്ത ദിവസം അദ്ദേഹം ഈ വാഗ്ദാനം നിറവേറ്റുകയും ആ വ്യക്തിയെ സന്ദർശിക്കുകയും ചെയ്തു.ചില സമയങ്ങളിൽ, രോഗികളായിരുന്നവർ മരുന്ന് തേടി നേരെ വാഗ്ദത്ത മസീഹിന്റെ മുറിയിലേക്ക് പോകുകയും അവരുടെ സങ്കടങ്ങൾ പ്രകടിപ്പിക്കുകയും ചിലപ്പോൾ ഒരു മണിക്കൂർ പോലും അവിടെ തങ്ങുകയും ചെയ്യുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും വാഗ്ദത്ത മസീഹ്(അ) അവരെ അകറ്റിയില്ല. പകരം ക്ഷമയോടും ശ്രദ്ധയോടും കൂടി കേൾക്കും. രോഗികളെ പരിപാലിക്കുന്നതും വിശ്വാസത്തിന്റെ കാര്യമാണെന്നും യഥാർത്ഥ വിശ്വാസികൾ ഇക്കാര്യം അവഗണിക്കരുതെന്നും വാഗ്ദത്ത മസീഹ്(അ) പറയുകയുണ്ടായി.

പരിശുദ്ധ പ്രവാചകൻ(സ) പ്രസ്താവിച്ചതുപോലെ ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്നുള്ള അഞ്ച് അവകാശങ്ങളിൽ ഒന്ന് രോഗികളെ സന്ദർശിക്കുക എന്നതാണ്.

**അനാഥരുടെ അവകാശങ്ങൾ**

ഇസ്‌ലാം അനാഥരുടെ അവകാശങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

**'അനാഥൻ പ്രായപൂർത്തിയെത്തുന്നത് വരെ ഏറ്റവും നല്ല മാർഗ്ഗത്തിൽ ലൂടെയല്ലാതെ നിങ്ങൾ അവന്റെ ധനത്തെ സമീപിക്കരുത്. നിങ്ങൾ കരാറുകൾ പൂർത്തിയാക്കുക. തീർച്ചയായും കരാറുകളെ കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്'**(17:35)

**അനാഥരെ പരിപാലിക്കുക**

ഒരാൾക്ക് കഴിയുമെങ്കിൽ, അനാഥകളെ പരിപാലിക്കാൻ അവർ സ്വന്തം പോക്കറ്റിൽ നിന്ന് ചെലവഴിക്കണമെന്നും അവർക്ക് അത് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അനാഥരുടെ സമ്പത്ത് ചെലവഴിക്കുന്നതിൽ അവർ അങ്ങേയറ്റം സൂക്ഷ്മത കാണിക്കണമെന്നും ഇസ്‌ലാം പറയുന്നു. കൂടാതെ, അനാഥർ പ്രായപൂർത്തിയാകുമ്പോൾ അവരുടെ സമ്പത്ത് അവർക്ക് നൽകണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. വിശുദ്ധ ഖുർആനിൽ പറയുന്നു: **'അല്ല, ആ ധാരണ ശരിയല്ല) നിങ്ങൾ അനാഥരെ ആദരിക്കുന്നില്ല., അഗതികൾക്ക് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നില്ല.'** (89:18,19)

അതിനാൽ, അനാഥരെ ബഹുമാനിക്കാത്തവർക്ക് ശിക്ഷയുണ്ടെന്ന് ഇസ്‌ലാം മുന്നറിയിപ്പ് നൽകുന്നു. ഈ രീതിയിൽ, ഒരുപക്ഷേ സമൂഹത്തിലെ ഏറ്റവും ദുർബലമായ വിഭാഗത്തെ ഇസ്‌ലാം സംരക്ഷിക്കുന്നു.

റസൂൽ തിരുമേനി(സ) ഒരിക്കൽ തന്റെ ചൂണ്ടുവിരലും നടുവിരലും ചേർത്ത് അനാഥരെ പരിപാലിക്കുന്നവർ രണ്ട് വിരലുകളും ചേർന്നതു പോലെ സ്വർഗത്തിൽ തന്നോട് അടുത്തിരിക്കുമെന്ന് പറയുകയുണ്ടായി. അനാഥകളുടെയും സ്ത്രീകളുടെയും അവകാശങ്ങൾ പാലിക്കാത്തവർ അല്ലാഹുവിന്റെ കോപത്തെ ഭയപ്പെടണമെന്നും പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകി. മൂന്ന് അനാഥകളെ പരിപാലിക്കുന്ന ഒരാളുടെ പ്രതിഫലം രാത്രി മുഴുവൻ പ്രാർത്ഥനയിൽ മുഴുകുകയും രാവിലെ നോമ്പെടുക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമിക്കുകയും ചെയ്യുന്ന ഒരാളുടെ പ്രതിഫലത്തിന് തുല്യമാണെന്ന് പ്രവാചകൻ(സ) പറഞ്ഞു.

ഒരാൾ അനാഥരെയും ദരിദ്രരെയും പരിപാലിക്കണമെന്നും അത് അവരുടെ സ്വന്തം താൽപര്യത്തിനോ നേട്ടത്തിനോ വേണ്ടിയല്ല, മറിച്ച് സർവ്വശക്തനായ അല്ലാഹുവിന്റെ പ്രീതി നേടുന്നതിനും അവന്റെ സാമീപ്യം നേടുന്നതിനും മാത്രമാണെന്നും വാഗ്ദത്ത മസീഹ്(അ) പറഞ്ഞു:

### സത്യപ്രതിജ്ഞയുടെ അവകാശങ്ങൾ

നാം ചെയ്യുന്ന പ്രതിജ്ഞകൾ ഉയർത്തിപ്പിടിക്കാനും നിറവേറ്റാനും ഇസ്‌ലാം പഠിപ്പിക്കുന്നുവെന്നും അതുവഴി പ്രതിജ്ഞകളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നുവെന്നും ഹുസൂർ പറയുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

**'ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരിൽ ഒരാളെയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ കാലാവധി വരെ നിങ്ങൾ തികച്ചു പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.'**(9:4)

അതിനാൽ, സത്യപ്രതിജ്ഞകൾ ഉയർത്തിപ്പിടിക്കുകയും നിറവേറ്റുകയും ചെയ്യുക എന്നതാണ് നീതിമാന്മാരുടെ ഗുണങ്ങളിലൊന്ന്. ആരെങ്കിലും അവരുടെ പ്രതിജ്ഞ ലംഘിക്കുകയാണെങ്കിൽ, വിശുദ്ധ പ്രവാചകൻ(സ) ന്യായവിധി ദിനത്തിൽ അവരോട് ഭിന്നിക്കുമെന്ന് പ്രവാചകൻ(സ) പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. .മറ്റൊരു അവസരത്തിൽ, പരിശുദ്ധ പ്രവാചകൻ(സ) രണ്ട് അമുസ്ലിംകൾ കൊല്ലപ്പെട്ടതായും അവർക്ക് വിശുദ്ധ പ്രവാചകനുമായി കരാറുകളുണ്ടെന്നും പറഞ്ഞു. അങ്ങനെ, വിശുദ്ധ പ്രവാചകൻ(സ) അവരുടെ കുടുംബങ്ങൾക്ക് ബ്ലഡ് മണി നൽകി, അങ്ങനെ അമുസ്‌ലിംകളുമായുള്ള പ്രതിജ്ഞ പോലും ഒരിക്കലും ലംഘിക്കാൻ പാടില്ല എന്ന് കാണിക്കുന്നു.

ഉടമ്പടി പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ നടന്ന ഹുദൈബിയ ഉടമ്പടിയുടെ സമയത്ത് പ്രസിദ്ധമായ ഒരു സംഭവമുണ്ടായിരുന്നു: പറഞ്ഞു. മക്കയിൽ നിന്ന് ആരെങ്കിലും നബി(സ) യുടെ അടുത്തേക്ക് പോയാൽ അവരെ മക്കയിലേക്ക് തിരിച്ചയക്കുമെന്നായിരുന്നു വ്യവസ്ഥകളിലൊന്ന്. ഉടമ്പടി എഴുതപ്പെടുമ്പോൾ, മക്കയിൽ നിന്ന് പലായനം ചെയ്യുകയും അവിടെ പീഡനങ്ങൾ നേരിടുകയും ചെയ്ത ഒരു മുസ്‌ലിം, പ്രവാചകന്റെ അടുത്ത് വന്ന് അദ്ദേഹത്തോടൊപ്പം താമസിക്കാൻ അഭ്യർത്ഥിച്ചു.എന്നിരുന്നാലും, അദ്ദേഹത്തെ താമസിക്കാൻ അനുവദിക്കാനാവില്ലെന്ന് പ്രവാചകൻ(സ) പറഞ്ഞു. ഉടമ്പടി ഇതുവരെ ഒപ്പിട്ടിട്ടില്ലെങ്കിലും വ്യവസ്ഥ എഴുതിയിട്ടുണ്ടെന്നും അതിനാൽ താൻ ഈ പ്രതിജ്ഞയെ മാനിക്കുന്നുവെന്നും അവിടുന്ന് പറഞ്ഞു.

### യുദ്ധസമയത്ത് മറ്റുള്ളവരുടെ അവകാശങ്ങൾ

യുദ്ധത്തിൽ ഏർപ്പെടുന്നവരുടെ അവകാശങ്ങളും ഇസ്‌ലാം സ്ഥാപിച്ചിട്ടുണ്ട്. പലപ്പോഴും, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അവരുടെ ശക്തി നടപ്പിലാക്കാൻ മാത്രമാണ് ശ്രമിക്കുന്നത്, അവകാശങ്ങൾക്കായി പോരാടുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവർ മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. യുദ്ധം ചെയ്യാൻ ഇസ്‌ലാം അനുമതി നൽകുന്നുവെങ്കിൽ, അത് സമാധാനവും മത സ്വാതന്ത്ര്യവും സ്ഥാപിക്കുന്നതിന് മാത്രമുള്ളതാണ്. വിശുദ്ധ ഖുർആനിൽ പറയുന്നു:

**'ഞങ്ങളുടെ നാഥൻ അല്ലാഹുവാകുന്നു' എന്ന് അവർ പറഞ്ഞയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണവർ മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്ന് അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിലിന അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ അല്ലാഹുവിന്റെ നാമം ധാരാളം അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും.** (22:41)

മനുഷ്യരെ സർവ്വത്ര സ്വതന്ത്രരായി വിട്ടാൽ മതം പൂർണ്ണമായും നശിപ്പിക്കപ്പെടുമെന്ന് ഇസ്‌ലാം പറയുന്നു. ഇസ്‌ലാമിന്റെ ചരിത്രവും സഹാബികളുടെ ഉദാഹരണങ്ങളും നോക്കുമ്പോൾ അവർ ഒരിക്കലും ഒരു തരത്തിലും അനീതിയോ ക്രൂരതയോ പ്രവർത്തിച്ചിട്ടില്ലെന്ന് നാം കണ്ടെത്തുന്നു.

ഇവ താൻ പരാമർശിച്ച ചില അവകാശങ്ങൾ മാത്രമാണെന്ന് ഹുസൂർ പറഞ്ഞു. ഈ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുകയാണെങ്കിൽ, ലോകത്തിൽ യഥാർത്ഥ സമാധാനവും ഐക്യവും സ്ഥാപിക്കാൻ കഴിയും. എന്നിരുന്നാലും, ഈ അവകാശങ്ങളുടെ പൂർത്തീകരണത്തെ ലോകം അവഗണിക്കുകയാണെങ്കിൽ, ലോകം ഒരു ആഗോള യുദ്ധത്തിന് തയ്യാറാകുന്നതാണ്. അത്തരം നാശം ഒഴിവാക്കാൻ ലോകത്തിനായി നാം പ്രാർത്ഥിക്കണമെന്നും ഏകനായ യഥാർത്ഥ ദൈവത്തെ തിരിച്ചറിയാൻ മനുഷ്യവർഗത്തിന് കഴിയണമെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു.

# നീതിയുടെ ലംഘനം

**പ്രപഞ്ചത്തിലാകമാനം നിറഞ്ഞു നിൽക്കുന്നത് നീതിയുടെ സംന്തുലനമാണ്. ഔദാര്യത്തിന്റെ പരിധിയും അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. ദൈവാസ്തിത്വത്തെ വിഭജിതമാക്കുന്ന ത്രിത്വസങ്കൽപത്തിലും നീതി തത്ത്വങ്ങൾ ലംഘിക്കപ്പെടുന്നു. നീതിയുടെ ലംഘനങ്ങൾ നാശത്തിലേക്കാണ് നയിക്കുക.**


**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്** ؓ

**ഖലീഫത്തുൽ മസീഹ് നാലാമൻ**


ആരെങ്കിലും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ തിന്മകളുടെ കാരണം തുറന്ന മനസ്സോടെ അന്വേഷിക്കുകയാണെങ്കിൽ അനീതിയായിരിക്കും അതിന്റെ മൂല കാരണമെന്ന് അയാൾക്ക് എല്ലായ്പ്പോഴും കണ്ടെത്തനാകും. നീതിയോട് ചേർന്ന് നിൽക്കാത്തിടത്തോളം കാലം ലോകത്തിന്ന് ശാന്തിയുടെ ഒരിടമായിത്തീരാൻ സാദ്ധ്യമല്ല. അനീതി, സ്വേച്ഛാധിപത്യം, മർദ്ദനം മുതലായവ സംഭവിക്കുമ്പോൾ തിന്മ പിറക്കുകയും നാശം ആരംഭിക്കുകയും ചെയ്യും.

മനുഷ്യൻ ദൈവത്തോട് അവന്റെ ബാദ്ധ്യതകൾ നിർവഹിക്കുന്നതിൽ നീതി പുലർത്തിയില്ലെങ്കിൽ അവൻ തന്റെ സഹജീവികളോടും നീതി കാണിക്കാൻ സാദ്ധ്യതയില്ല. ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഒരാൾ സ്വയം തന്നെ ശിക്ഷക്ക് വിധേയമാവുന്ന അനന്തരഫലം അനുഭവിക്കാതെ നീതിയുടെ താൽപര്യങ്ങളെ അവഗണിക്കാൻ ആർക്കും സാദ്ധ്യമല്ല. അത്തരം ശിക്ഷകൾ ആകാശത്ത് നിന്നിറങ്ങുന്നത് പോലെയുള്ള ദൈവത്തിന്റെ കോപവുമായി ബന്ധമുള്ളതല്ല. മറിച്ച് പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നത് മൂലം സ്വാഭാവികമായുണ്ടാകുന്ന അനന്തരഫലമാണ്. യാതൊന്നും തന്നെ പ്രകൃതി നിയമത്തിന്റെ മേഖലക്ക് പുറത്തുള്ള കാര്യമല്ല.

ഇവിടെയും ദൈവത്തിന്റെ കാരുണ്യവും പൊറുമയും ഔദാര്യവുമെല്ലാം പ്രവർത്തന നിരതമാവുന്നതിനാൽ മനുഷ്യൻ അവന്റെ ഓരോ പാപത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നില്ല. അവന്റെ അതിലംഘനങ്ങൾ ഒരു നിശ്ചിത പരിധി കടക്കുമ്പോൾ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും അയാൾക്കും ശിക്ഷക്കും നടുവിൽ മറ്റൊന്നിന്നും നിൽക്കാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു. നിങ്ങളൊരിക്കലും ഭൂമിയിൽ (അല്ലാഹുവിന്റെ പദ്ധതി) പരാജയപ്പെടുത്തുന്നവരല്ല. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായകനോ ഇല്ലതാനും. (സൂറ: അശ്ശൂറ: 42:31-32)

മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ സ്വയം തന്നെയാണ് അവന്റെ മേൽ നിർഭാഗ്യംകൊണ്ട് വരുന്നത്. എന്നാൽ പലപ്പോഴും ദൈവം മനുഷ്യന്റെ പാപങ്ങൾ പൊറുത്തു തരികയും അവന്റെ സ്വയംകൃത നശീകരണത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ എല്ലാ സമാധാനഭംഗത്തിന്റെയും അടിയിലെ കാരണമായി വർത്തിക്കുന്നത് നീതി തത്വങ്ങളുടെ ലംഘനങ്ങളാണെന്ന് തീർച്ചയായും കണ്ടെത്താവുന്നതാണ്.

### ത്രിത്വ സിദ്ധാന്തം

ദൈവവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം മനുഷ്യന്റെ അതിഘോരമായ അനീതിയുടെ ഉചിതമായ ഉദാഹരണമായി കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് വാദിച്ച കാരണത്താൽ (സൂറ: മർയം 19: 91-92)

മനുഷ്യ വ്യവഹാരങ്ങളിൽ യുദ്ധത്തിന്റെയും ക്രമരാഹിത്യത്തിന്റെയും കാരണങ്ങളെപ്പറ്റി അഗാധമായി ചിന്തിക്കുകയാണെങ്കിൽ മേൽപറഞ്ഞ ഖുർആനിക പ്രസ്താവനയുടെ ആശയം അവസാനം ഇവിടെ ആരോപിക്കാവുന്നതാണെന്ന് കാണാം. നാം ഇപ്പോൾ അത് വിവരിക്കുമ്പോൾ അത് വ്യക്തമാവും.

മേൽ ഖുർആൻ വചനം ഇങ്ങനെ പ്രസ്താവിച്ചിട്ടും ക്രിസ്തു മതത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്യനികൾ അവരുടെ വിശ്വാസം കാരണമായി നേരിട്ട് എന്തെങ്കിലു തരത്തിലുള്ള ദൈവ കോപത്തിന്നോ ദൈവത്തിന്റെ അപ്രീതിക്കോ പാത്രമായി എന്ന് നമുക്ക് കാണാൻ സാധിച്ചിട്ടില്ല. മറിച്ച് ലൗകികാർത്ഥത്തിൽ

അവർ അനുഗൃഹീത രാജ്യങ്ങളായി കാണുന്നു. ലോകം മുഴുവനും അവർ ഒന്നിച്ച് ഭരിക്കുന്നു. അക്രൈസ്തവ രാജ്യങ്ങളുടെ ശാക്തിക സന്തുലനം പോലും അവരുടെ കൈകളിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്. അത്കൊണ്ട് അവർ ലോകത്തിന്റെ പരമാധികാരമുള്ള യജമാനന്മാരായി ഗണിക്കപ്പെടുന്നു. കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും ക്രമേണ സ്വാതന്ത്ര്യത്തോടു കൂടി ഉയർന്നു വന്ന ചില രാജ്യങ്ങളെ നാം കാണുകയുണ്ടായി. അത്പോലും നിലവിലുള്ള പാശ്ചാത്യ മേൽക്കോയ്മയിൽ വളരെ നിസ്സാരമായ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ വീക്ഷണകോണിൽ നോക്കുമ്പോൾ മേൽ പ്രതിപാദിച്ച ഖുർആനിക പ്രസ്താവനയുടെ യഥാർത്ഥ പ്രധാന്യം എന്താണ്?

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ആദിമ ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നു കൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിച്ചു. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വ സങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ പാതയിലെന്ന് വാദിച്ചുകൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചുകൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരു തരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്രകുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

ദൈവത്തിന്റെ ഏകത്വത്തെ പറ്റി അവർ അധരസേവ നടത്തുന്നുണ്ടെങ്കിലും അവരുടെ പ്രവൃത്തി ബിംബാരാധകരുടെത് പോലെയാണ്. ഖുർആനിലെ ഈ പ്രവചന പുലർച്ച ഏത് വിധത്തിലാണ് സംഭവിച്ചതെന്ന ചോദ്യമാണ് ഉയരുന്നത്. ഈ വചനത്തെ സംബന്ധിച്ച ആഴത്തിലുള്ള പഠനം വെളിവാക്കിത്തരുന്നത് ഇത് സംബന്ധിച്ച് ദൈവം ഈ വചനത്തിൽ പ്രകടിപ്പിച്ച അനിഷ്ടം ആഗോളീയമായ ഒരു കുഴപ്പമായിട്ടാണ് പ്രകടമാവുന്നത് എന്നാണ്.

ഇത് സൂചിപ്പിക്കുന്നത് സ്വയം തന്നെ പരസ്പരം ഭിന്നിച്ചു പോകുന്ന അപകടം ക്രിസ്തു മതത്തിന്റെ ഉള്ളിൽ തന്നെ അന്തർലീനമായിട്ടുണ്ട് എന്നാണ്. അതായത് കുറ്റത്തിന്ന് ഉചിതമായ ശിക്ഷയാണ് പ്രതിപാതിച്ചിരിക്കുന്നത്. ത്രിത്വം എന്നത് ദൈവത്തിന്റെ ഏക വ്യക്തിത്വത്തിൽ ഒരു ഭിന്നത സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ത്രിത്വത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ ഭിന്നത ഉടലെടുത്തു. ക്രൈസ്തവ രാഷ്ട്രങ്ങളുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ പോളിസി തന്നെ ഈ സമീപനത്തിന്റെ ഭാഗമായുണ്ടായതാണ്.

നവോത്ഥാന കാല സാഹചര്യത്തെപ്പറ്റി ആലോചിക്കുക. അതായത് യുക്തിയുടെയും താർക്കിക ജ്ഞാനത്തിന്റെയും സത്യാന്വേഷണത്തിന്റേയും ജനനം സന്ദർഭത്തിൽ പാശ്ചാത്യ ക്രിസ്തു മതത്തിന്ന് ഒരു പുതിയ ഉച്ഛരാസത്തിന്ന് തുടക്കം കുറിക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ക്രിസ്ത്യൻ മതസിദ്ധാന്തം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും മനുഷ്യന്റെ ധിഷണയുമായി അത് സംഘട്ടനത്തിലാവുകയും ചെയ്തു. ഈ ധൈഷണിക വിപ്ലവത്തിന്നെതിരെ ക്രിസ്തുസഭ രൂക്ഷമായി പ്രതികരിക്കുകയും അവരുടെ മതസിദ്ധാന്തത്തിന്റെ സാധുതയെ ചോദ്യം ചെയ്തവരെ അപലപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ക്രിസ്തുസഭക്കെതിരെ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് തത്വചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും മറുപടി കണ്ടെത്താനായില്ല. അവർ ഒന്നടങ്കം മതത്തിൽ നിന്ന് വിട്ടകലാൻ ആരംഭിച്ചു. അവർ ചർച്ചിനെ സംബന്ധിച്ച് ആകെ നിരാശിതരായി. ശാസ്ത്രീയ യുക്തിയും മതസിദ്ധാന്തവും തമ്മിലുള്ള വിഭജനം പൂർണ്ണമായി.

ക്രിസ്തു മതം അങ്ങനെ അവഗണനയുടെ ഉച്ചകോടിൽ തള്ളപ്പെട്ടതിനാൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ യുക്തിജ്ഞാനത്തിന്റേയും ഗവേഷണത്തിന്റേയും വിജ്ഞാനാന്വേഷണത്തിന്റേയും സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ഉദിച്ചുയരാൻ തുടങ്ങി. അവർ കാര്യങ്ങൾ പൂർണ്ണമായും വ്യത്യസ്തമായ പരിപ്രേക്ഷ്യത്തിൽ കാണാൻ തുടങ്ങി. ഭൂമി സ്ഥിരമായ നിൽക്കുകയല്ലെന്ന് തീർച്ചയായും അവർ തിരിച്ചറിയുകയായിരുന്നു. സൂര്യൻ യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് പ്രണാമമർപ്പിച്ച് ചുറ്റും കറങ്ങുകയല്ല എന്ന് അവർ കണ്ടെത്തി. ശാസ്ത്രീയ വിപ്ലവം പ്രപഞ്ച വീക്ഷണം തന്നെ മാറ്റി മറിച്ചു. യേശുവിന്റെ ജന്മ ഗ്രഹമായ ഭൂമിക്ക് യാതൊരു ബഹുമതിയുമില്ലാതെ

അത് സൂര്യനെ ഭ്രമണം ചെയ്യുക യാണെന്ന് അന്തിമമായി അവർ കണ്ടെത്തി.

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുകയായിരുന്നു. ക്രിസ്തുസഭക്കെതിരെ ഒരു തുറന്ന കലാപം ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തിൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേയവാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്വശാസ്ത്രങ്ങളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

ത്രിത്വവാദം ക്രിസ്തീയ ലോകത്തെ പരസ്പരം പോരടിക്കുന്ന രണ്ട് കേന്ദ്രങ്ങളായി വീണ്ടും വിഭജിച്ചു. അവരെ അത് കൂടുതൽ അകറ്റുകയും അവരുടെ സമീപനങ്ങൾ പരസ്പരം കഠിനതരമാക്കുകയുമുണ്ടായി. വാസ്തവത്തിൽ പാശ്ചാത്യ ക്രിസ്തീയ ലോകം മാത്രമാണ് രണ്ടായി ധ്രുവീകരിക്കപ്പെട്ടത് എന്നിരിക്കെ ലോകം മൊത്തം രണ്ടായി വിഭജിക്കപ്പെട്ടു എന്ന് പ്രസ്താവിക്കുമ്പോൾ ചിലർ നെറ്റി ചുളിച്ചേക്കാം. എന്നാൽ മാനവശക്തി പരിഗണിക്കുമ്പോൾ ഭിന്നിപ്പിന്റെ ഗുരുത്വ കേന്ദ്രം സംയോജിത ക്രിസ്തീയ ശക്തികൾക്കകത്തും കമ്മ്യൂണിസ്റ്റ് ചേരിക്കകത്തുമാണ്. ആ പ്രദേശമാകട്ടെ പഴയ ക്രിസ്തുമതത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്.

ഈ പരിപ്രേക്ഷ്യത്തിൽ രണ്ട് ലോകമഹായുദ്ധങ്ങളും മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ബന്ധപ്പെട്ട മാനവീയ ആശയങ്ങളുടെയും ആദർശങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും മേൽ വിപുലയായ ഒരു ആഘാതമേൽപ്പിച്ചു എന്ന് പറയാൻ സാധിക്കും.

## നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം

മനുഷ്യ ശരീരത്തിലെ നിയമലംഘനവുമായി ബന്ധപ്പെട്ട കാര്യക്ഷമമായ മുന്നറിയിപ്പ് സംവിധാനത്തെപ്പറ്റി നമുക്ക് പരിശോധിക്കാം.

രോഗത്തിന്റെ നേരിയ ഒരു സൂചന പോലും മനുഷ്യശരീരത്തെ ആകമാനം അസ്വസ്ഥമാക്കും. ബാഹ്യമായി നോക്കുമ്പോൾ നമുക്ക് ഇതൊരു അനാവശ്യമായ തടസ്സമായി തോന്നും. എന്നാൽ യഥാർത്ഥത്തിൽ അതിജീവനത്തിന്നും ജീവന്റെ സുരക്ഷക്കും ഇത് ഏറ്റവും ആവശ്യമാണ്. എല്ലാ ജീവജാലങ്ങളിലും വേദനയുടെ അടയാളം ഉറങ്ങിക്കിടക്കുന്ന ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ഉണർത്തുന്നു. വേദനയും അസ്വസ്ഥതയും ശരീരത്തിൽ പൊതുവേയുള്ള ഒരു മുന്നറിയിപ്പ് സംവിധാനം മാത്രമല്ല. ആസന്നമായ അപകടം സ്ഥിതി ചെയ്യുന്ന ശരീരത്തിലെ പ്രത്യേക ഭാഗത്തേക്ക് പ്രതിരോധ സംവിധാനത്തെ അവ നയിക്കുകയും ചെയ്യും. അവ അപകടത്തെയും അത് സ്ഥിതിചെയ്യുന്ന സ്ഥലത്തെയും കൃത്യമായി നിർവ്വചിക്കുന്നു. ആയതിനാൽ പ്രതിരോധ സംവിധാനം ആ ഭീഷണിയെ നേരിടാനുള്ള പ്രതിസംവിധാനം കൃത്യമായ അളവിലും സ്ഥലത്തും സ്വീകരിക്കുന്നു. ജീവന്റെ മുഴുവൻ പ്രതിരോധ സംവിധാനവും വേദനയുള്ള സ്ഥലത്ത് മാത്രമല്ല വ്യക്തിയുടെ ശരീരത്തിൽ ജീവനെ ഭീഷണിപ്പെടുത്തുന്ന എല്ലാ അപകടങ്ങൾക്കെതിരെയും ജാഗ്രതപ്പെടുന്നു.

അതിന്ന് ശേഷം വളരെ സങ്കീർണ്ണവും കുഴഞ്ഞു മറിഞ്ഞതുമായ പ്രതികരണം ഓരോ ജീവികളിൽ നിന്നുമുള്ള പ്രതിരോധ സംവിധാനത്തിൽ നിന്നും ഉണ്ടാവുന്നു. ഇത് ഒരേ സമയം പ്രതിരോധ ഏജന്റിന്റെ ഉദ്പാദനവും അത് ആവശ്യമായ സ്ഥലത്തേക്ക് വഹിച്ച്കൊണ്ട് പോകുന്നതും ഉറപ്പ് വരുത്തുന്നു.

ഈ മുന്നറിയിപ്പ് സംവിധാനം മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകമായി നൽകിയിരിക്കുന്നത് മനുഷ്യർക്കാണ്. രോഗത്തെ സംബന്ധിച്ച് ഈ സൂക്ഷ്മ ഗ്രാഹിത്വം ശരീരത്തിന്ന് വേണ്ടി മാത്രമല്ല. മനുഷ്യൻ ധാർമികമായി സ്വയം ജാഗ്രത പാലിക്കാനും അപ്രകാരം ദൈവ ബന്ധത്തിൽ ജാഗ്രതപാലിക്കാനുമാണ് ഈ മുന്നറിയിപ്പ് വ്യവസ്ഥ. അങ്ങനെ ഈ സംവിധാനം മനുഷ്യന്നും ദൈവത്തിന്നും മദ്ധ്യേ ഒരു നിർണ്ണായക പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇത്പോലെ മതവും ധാർമിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പിന്റെയും പ്രതിരോധത്തിന്റേയും ഒരു സംവിധാനം മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ, പ്രവാചകന്മാർ അവരുടെ ശത്രുക്കളുടെ കൈകളാൽ നേരിട്ട പീഡനങ്ങളുമായി ബന്ധപ്പെട്ട് മതങ്ങളുടെ ചരിത്രം വിവരിക്കുന്നുണ്ട്. അത് പല കാലങ്ങളിലായി ധാർമികവും സാമൂഹികവുമായി മനുഷ്യനുണ്ടായ അധ:പതനത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ആസന്നമായ നാശത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കാൻ ദൈവദൂതന്മാർ നിയോഗിതരാവുമ്പോൾ ചിലപ്പോൾ അവർ അതികഠിനമായി എതിർക്കപ്പെടും. പക്ഷേ എതിരാളികൾ അവരുടെ അന്ധമായ എതിർപ്പിന്റെ അനന്തരഫലം അനുഭവിക്കേണ്ടിവന്നു. അവർ അതിവേഗം ഉന്മൂലനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ സമൂഹ ജീവിത വേദിയിൽ പ്രസ്താവ്യയോഗ്യരല്ലാത്ത വിധം സുദീർഘമായ കാലം കൊണ്ട് സാവകാശത്തിൽ ശിഥിലീകരിക്കപ്പെട്ട് അപ്രസക്തരാവുകയോ ചെയ്യും.

നീതിയുടെ താൽപര്യം അവഗണിച്ച അത്തരത്തിലുള്ള നിരവധി

സംഭവങ്ങൾ വിശുദ്ധ ഖുർആൻ പ്രതിപാതിക്കുന്നുണ്ട്. ഇത് വരാനിരിക്കുന്ന തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്.

ഈ മുന്നറിയിപ്പ് സംവിധാനം മനുഷ്യന്റെ മുഴുവൻ വിശ്വാസലോകത്തും മതലോകത്തും പരന്നു കിടക്കുന്നു. ഇതിന്റെ സമുന്നത ബിന്ദുവിൽ വിശ്വാസം ദൈവത്തിന്റെ ഏകത്വത്തിന്നായുള്ള സമർപ്പണമാണെന്ന് സംഗ്രഹിച്ചു പറയാം. ഏറ്റവും താഴ്ന്ന വിതാനത്തിൽ ഒരു അവിശ്വാസിയിൽ നിന്നും ഒരു യഥാർത്ഥ സത്യവിശ്വാസിയെ തിരിച്ചറിയുന്ന ഒരാളുടെ ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളുമാണെന്നും പറയാം.

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന്ന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ വിശ്വാസിയെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശദീകരിച്ചു കൊണ്ട് പരിശുദ്ധ പ്രവാചകൻ ഒരു വഴി പോക്കന്ന് ഹാനികരമായി ഭവിക്കുന്ന പലകാര്യങ്ങളെകുറിച്ചും പ്രതിപാതിക്കുകയുണ്ടായി. പ്രവാചകന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന്ന് ഹാനിയുണ്ടാക്കുന്ന വിധം ഒരു ആണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്കളോ വഴിയിൽനിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാസത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും ക്രമേണയാണ് വലിയ അനുപാതത്തിൽ അപകടങ്ങളുണ്ടാവുക.

ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ കൗതുകകരമായ മേഖലയാണിത്. ഇത് സംബന്ധിച്ചുള്ള വിപുലവും ആഴത്തിലുമുള്ള പഠനം ഇസ്‌ലാമിനെ കുറിച്ച് ഒരാളുടെ പൊതുവായ ധാരണയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കും. ഇതേകാര്യം തന്നെ മറ്റൊരവസരത്തിൽ പരിശുദ്ധ പ്രവാചകൻ വിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: 'മനുഷ്യന്ന് മറ്റുള്ള വസ്തുക്കളിൽ അവകാശങ്ങളുണ്ട്. അതുപോലെ കമ്പോള സ്ഥലങ്ങൾക്കും നിരത്തുകൾക്കും വഴികൾക്കും അവ ഉപയോഗിക്കുന്നവരുടെ മേൽ ചില അവകാശങ്ങളുണ്ട്.' കമ്പോള സ്ഥലത്തിന്റെ അവകാശം ചൂണ്ടിക്കാട്ടി പ്രവാചകൻ നമ്മെ ഓർമിപ്പിച്ചു: 'ഒരു ഉദ്ദേശ്യവുമില്ലാതെ വെറുതേ പൊതു ഇടങ്ങളിലും വഴികളിലും നിൽക്കുന്നത് പാടില്ലാത്തതാണ്. അത് സ്വഛന്ദമായ ഗതാഗതത്തെ ബാധിക്കും' അതുപോലെ പീടികകളും മറ്റും വികസിപ്പിക്കാൻ വേണ്ടി സ്വന്തം അതിര് വിട്ട് അതിക്രമിച്ചു കടക്കരുത്. ഇത് പ്രവാചകന്റെ താക്കീതിന്റെ സ്പിരിറ്റിന്നെതിരാണ്. പ്രവാചകൻ പറഞ്ഞു: 'വിശ്വാസത്തിന്ന് എഴുപതോളം വിഭാഗങ്ങളുണ്ട്. അതിലേറ്റവും താഴെയുള്ളത് വഴിയിൽ നിന്നും തടസ്സങ്ങൾ എടുത്തുമാറ്റലാണ്.'

ഭൂമിയിൽ എങ്ങനെയാണ് ഇത് വിശ്വാസത്തിന്റെ ഘടകമായി മാറുന്നത് എന്ന് ഒരാൾ അത്ഭുതപ്പെടുന്നുണ്ടാവില്ലേ? ഈ വിഷയത്തിൽ ഒരു രണ്ടാം വിചാരം നടത്തുകയാണെങ്കിൽ പ്രവാചകന്റെ ഈ പ്രസ്താവനയിലടങ്ങിയ വിവേകജ്ഞാനം എളുപ്പത്തിൽ മനസ്സിലാവും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം ദൈവത്തിൽ നിന്നും വിശ്വാസിക്ക് സുരക്ഷയും സംരക്ഷണവും ആവശ്യമായി വരുന്നു. അത് അയാളുടെ മറ്റു സഹജീവികളിലേക്കും പകരേണ്ടതുണ്ട്. ആരെങ്കിലും മറ്റുള്ളവർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്ന തന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയെങ്കിൽ അയാൾ തന്റെ വിശ്വാസത്തിൽ വീഴ്ച വരുത്തിയിരിക്കും.

ഇതിൽ നിന്നും വ്യക്തമാവുന്നത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന്ന് ആവശ്യമായിവരുന്ന ഏറ്റവും താഴ്ന്ന തലം വരെ എല്ലാത്തിനെയും സ്പർശിക്കുന്നു എന്നാണ്. തീർച്ചയായും മിക്കവാറും എല്ലാ മുസ്‌ലിം രാജ്യങ്ങളും ഇന്ന് ഈ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾ പൊതുവേ ലംഘിക്കപ്പെടുന്നു എന്നത് ഒരു വിരോധാഭാസവും ദുരന്തവുമാണ്. പലപ്പോഴും പാതകളും വീഥികളും അറ്റകുറ്റപ്പണികൾ നടത്താതെ ദുരിതം നിറഞ്ഞു നിൽക്കുന്ന അവസ്ഥയിലാണ്. ഗവർമെന്റ് ഏജൻസികൾപോലും മുഖ്യഹൈവേകളിൽ പൈപ്പുകൾ, കേബിളുകൾ മുതലായവ സ്ഥാപിക്കാൻ വേണ്ടി കിടങ്ങുകൾ കുഴിക്കുന്നു. ഗതാഗതത്തിന്ന് അപകടം വരുത്തുമാറ് ഒരു മുന്നറിയിപ്പ് അടയാളം സ്ഥാപിക്കാതെയും രാത്രി യാത്രക്കാർക്ക് ഒരു വെളിച്ചം വെക്കാതെയും റോഡുകൾ താറുമാറായ അവസ്ഥയിലാക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ മിക്കവാറും റോഡുകളിൽ അപകടം സംഭവിക്കുന്നതും ദുരന്തങ്ങൾ ഉണ്ടാകുന്നതും അതിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ അവഗണിക്കുന്നത് മൂലമാണ്. ഉദാഹരണത്തിന്ന് ഒരിക്കൽ കീഴോട്ട് ഡിപ്പ് ചെയ്ത ഹെഡ് ലൈറ്റുമായി ഞാൻ ഇസ്‌ലാമാബാദിലൂടെ സഞ്ചരിക്കുകയായിരുന്നു. എന്തോ അസാധാരണമായ ഒന്ന് റോഡിന്ന് നടുവിലുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഒരു അലാറാം മുന്നറിയിപ്പ് തന്നത് പോലെ ഞാൻ പെട്ടെന്ന് ബ്രേക്കിട്ടു. ഏതാനും അടി മുന്നിൽ ഒരു വലിയ കുഴി റോഡിന്ന് കുറുകെയായി കുഴിച്ചിരിക്കുന്നു. അവിടെ ഒരു അടയാളമോ മുന്നറിയിപ്പ് സംവിധാമോ ഇല്ല. ആവശ്യമായ വെളിച്ചവും ഇല്ല. കൂടാ

ശേഷം പേജ് 27 ൽ

# ധാർമ്മികത; സനാതനമോ? കാലികമോ?

ധാർമ്മികത എന്ന ആശയം നമ്മുടെ പെരുമാറ്റ രൂപീകരണം നീതിബോധം എന്നിവയെ നിയന്ത്രിക്കുന്ന മനുഷ്യ നാഗരികതയുടെ മൂലക്കല്ലാണ്. ചരിത്രത്തിലുടനീളം, തത്ത്വചിന്തകരും ദൈവശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും ധാർമ്മികതയെ പറ്റി സംവാദങ്ങളിലേർപ്പെട്ടിട്ടുണ്ട്. ധാർമ്മികത എന്നത് ദൈവിക മാർഗനിർദേശത്തിൽ നിന്ന് ഉത്ഭവം കൊണ്ടതാണോ അതല്ല മനുഷ്യ സമൂഹത്തോടൊപ്പം പരിണമിച്ചുണ്ടായ ഒരു സാമൂഹിക നിർമ്മിതിയാണോ എന്ന് ചർച്ചയായിരുന്നു അത്.

താഷിഫ് മഹ്മൂദ്

ധാർമ്മികത എന്ന ആശയം നമ്മുടെ പെരുമാറ്റ രൂപീകരണം നീതിബോധം എന്നവയെ നിയന്ത്രിക്കുന്ന മനുഷ്യ നാഗരികതയുടെ മൂലക്കല്ലാണ്. ചരിത്രത്തിലുടനീളം, തത്ത്വചിന്തകരും ദൈവശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും ധാർമ്മികതയെ പറ്റി സംവാദങ്ങളിലേർപ്പെട്ടിട്ടുണ്ട്. ധാർമ്മികത എന്നത് ദൈവിക മാർഗനിർദേശത്തിൽ നിന്ന് ഉത്ഭവം കൊണ്ടതാണോ അതല്ല മനുഷ്യ സമൂഹത്തോടൊപ്പം പരിണമിച്ചുണ്ടായ ഒരു സാമൂഹിക നിർമ്മിതിയാണോ എന്ന ചർച്ചയായിരുന്നു അത്.

ഇസ്‌ലാമിക വീക്ഷണകോണിൽ, ധാർമ്മികത എന്നത് ദൈവിക വെളിപാടിൽ വേരൂന്നിയതാണ്. സാംസ്കാരികവും ചരിത്രപരവുമായ പരിവർത്തനങ്ങളെ അതിജീവിക്കുന്ന സനാതനവും കാലാതീതവുമായ ഒരു ചട്ടകൂട് ധാർമ്മിത വാഗ്ദാനം ചെയ്യുന്നു.

## ധാർമികത; ദൈവിക വെളിപാടിലധിഷ്ഠിതം

ധാർമ്മികത എന്നത് മനുഷ്യനിൽ അന്തർലീനമായ ഒരു ബോധമാണ്. അത് മനുഷ്യനിർമ്മിതിയല്ലെന്നും മറിച്ച് മനുഷ്യരാശിയെ നയിക്കാൻ ചരിത്രത്തിലുടനീളം പ്രവാചകന്മാരെ അയച്ച് അല്ലാഹു അതിന് ആധികാരികമായി പരിചരണവും മാർഗ്ഗദർശനവും നൽകുകയാണുണ്ടായത്. അത് അല്ലാഹുവിൽ നിന്നുള്ള ഒരു വരദാനമാണെന്നാണ് ഇസ്‌ലാം മതം പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

**'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക ദുശ്ശക്തികളെ വർജ്ജിക്കുക എന്ന് പറഞ്ഞുകൊണ്ട് ഓരോ ജനതയിലും നാം ഒരു ദൂതനെ നിയോഗിക്കുകയും ചെയ്തു.'** (സൂറ അൻ നഹൽ. 16:37) ഈ ദൂതന്മാർ ദൈവിക നിയമങ്ങളും തത്വങ്ങളും കൊണ്ട്വന്ന് നീതി, അനുകമ്പ, സത്യസന്ധത തുടങ്ങിയ സാർവത്രിക മൂല്യങ്ങൾ സ്ഥാപിച്ചു.

തികഞ്ഞ ധാർമ്മിക സ്വഭാവത്തിന്റെ ഉത്തമ നിദർശനമായ പരിശുദ്ധ പ്രവാചകനായ റസൂൽ തിരുമേനി(സ) യുടെ ജീവിതത്തെ പറ്റി ഖുർആൻ പറയുന്നു:


**'തീർച്ചയായും നീ മഹത്തായ ധാർമികഗുണങ്ങളുള്ളവനാണ്.'** (ഖുർആൻ 68:5)

ഇസ്‌ലാമിക വീക്ഷണകോണിൽ, ധാർമ്മികത എന്നത് അല്ലാഹുവിന്റെ ഇച്ഛയിൽ അധിഷ്ഠിതമാണ്. അത് മനുഷ്യരാശിക്ക് അനുയോജ്യമായ ഒരു ധാർമ്മികതയെ സംബന്ധിച്ച് ഒരു രൂപരേഖ നൽകുഅയും ചെയ്യുന്നു.

## ധാർമ്മികത; ഒരു സാമൂഹിക നിർമ്മിതിയോ?

ധാർമ്മികത സാമൂഹിക പരിണാമത്തിന്റെ ഉൽപ്പന്നമാണെന്നാണ് ചിലർ വാദിക്കുന്നത്. ഈ കാഴ്ചപ്പാടനുസരിച്ച് മനുഷ്യ സമൂഹങ്ങൾ സഹകരണം, അതിജീവനം, സാമൂഹികക്രമം എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ധാർമ്മിക നിയമങ്ങൾ വികസിപ്പിക്കുന്നത് എന്നാണ്. 'ധാർമ്മിക' മായി കണക്കാക്കുന്നത് പലപ്പോഴും ഒരു നിശ്ചിത കാലഘട്ടത്തിന്റെ സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ സന്ദർഭങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഉദാഹരണത്തിന്, പുരാതന നാഗരികതകൾ അടിമത്തം പോലുള്ളവ ഒരിക്കൽ ധാർമ്മികമായി കണക്കാക്കപ്പെട്ടിരുന്ന ആചാരങ്ങൾ ഇപ്പോൾ സാർവത്രികമായി അപലപിക്കപ്പെടുന്നു.

ഈ വീക്ഷണം ധാർമ്മികതയുടെ സ്ഥിരതയെയും സാർവത്രികതയെയും കുറിച്ച് ചോദ്യങ്ങൾ ഉയർത്തുന്നു. ധാർമ്മികത കേവലം ആത്മനിഷ്ഠവും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതുമായതാണെങ്കിൽ, ഒരു പൊതു ധാർമ്മിക ചട്ടക്കൂടിൽ മനുഷ്യരാശിക്ക് എങ്ങനെ യോജിക്കാൻ കഴിയും?



## ഇസ്‌ലാമിക പ്രതികരണം

ഇസ്‌ലാം ഈ രണ്ട് കാഴ്ചപ്പാടുകളേയും സമന്വയിപ്പിക്കുന്നു, ധാർമ്മിക തത്ത്വങ്ങൾ രൂപപ്പെടുത്തുന്നതിൽ മനുഷ്യസമൂഹങ്ങൾക്ക് ഒരു പങ്കുണ്ടെന്ന് അംഗീകരിച്ചുകൊണ്ട് തന്നെ അടിസ്ഥാന മൂല്യങ്ങൾ ദൈവത്താൽ നിർണ്ണയിക്കപ്പെട്ടതാണെന്ന് ഇസ്‌ലാമിക സങ്കൽപ്പം.

ഉദാഹരണത്തിന്, നീതി ഇസ്‌ലാമിൽ ഒരു സാർവത്രിക മൂല്യമാണ്, എന്നാൽ അതിന്റെ നടപ്പാക്കൽ സമയത്തെയും സ്ഥലത്തെയും അടിസ്ഥാനമാക്കി വ്യത്യാസപ്പെടാം. ഖുർആൻ പറയുന്നു:

**'നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുകൾക്കെന്ന പോലെ (അന്യർക്കും) സഹായം നൽകുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു. നീച പ്രവർത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമലംഘനത്തെയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനു വേണ്ടി.'** (ഖുർആൻ 16:91)

സമൂഹങ്ങൾക്ക് നീതിയുടെ പ്രയോഗവുമായി പൊരുത്തപ്പെടാമെങ്കിലും, ദൈവിക വെളിപാടുകൾ സനാതനമായി സ്ഥിരമായി തുടരുന്നു.

## മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലെ ധാർമ്മികത

മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ധാർമ്മികതക്ക് വേണ്ടിയുള്ള ഇസ്‌ലാമിക ചട്ടക്കൂട് എപ്പോഴും സ്ഥിരതയുള്ളതാണ്. കാലത്തിനനുസരിച്ചുള്ള സാപേക്ഷിക ധാർമികത പലപ്പോഴും ആശയക്കുഴപ്പത്തിലേക്കും സംഘർഷത്തിലേക്കും നയിക്കുന്ന ഇക്കാലത്ത് ഖുർആനും ഹദീസുകളും കാലാതീതമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. ധാർമ്മിക പെരുമാറ്റം സാമൂഹിക അംഗീകാരത്തെയോ പ്രവണതകളെയോ മാത്രം ആശ്രയിക്കുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് അല്ലാഹുവോടുള്ള വ്യക്തിപരമായ ഉത്തരവാദിത്തത്തിന് ഇസ്‌ലാം ഊന്നൽ നൽകുന്നു. ഉദാഹരണത്തിന്, ആധുനിക സമൂഹം സൗകര്യത്തിനോ ലാഭത്തിനോ വേണ്ടി അധാർമിക പെരുമാറ്റങ്ങളെ സാധാരണ നിലയിലാക്കിയേക്കാമെങ്കിലും, ജനപ്രീതിയില്ലാത്തതോ ബുദ്ധിമുട്ടുള്ളതോ ആണെങ്കിൽപ്പോലും യഥാർത്ഥ ധാർമ്മികത ആർജ്ജവത്തോടെ ഉയർത്തിപ്പിടിക്കാൻ ഇസ്‌ലാം വിശ്വാസികളോട് ആവശ്യപ്പെടുന്നു. ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നു:

**'ഒരു ജനതയോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്.** (ഖുർആൻ 5:9)

ധാർമ്മികത ഒരു ദിവ്യ വെളിപാട് ആണോ അതോ സാമൂഹിക നിർമ്മിതിയാണോ എന്ന ചോദ്യത്തിന് ജീവിതത്തിന്റെ ഉദ്ദേശ്യവും മനുഷ്യാവസ്ഥയും മനസ്സിലാക്കുന്നതിൽ കേന്ദ്രമാണ്. ഇസ്‌ലാമിക വീക്ഷണകോണിൽ, ധാർമ്മികത അല്ലാഹുവിൽ നിന്ന് ഉത്ഭവിക്കുകയും കാലത്തിനും സംസ്കാരത്തിനും അതീതമായ ധാർമ്മികതയുടെ സാർവത്രിക നിലവാരം വാഗ്ദാനം ചെയ്ത് എല്ലാ മനുഷ്യവർഗത്തിനും ഒരു മാർഗ്ഗനിർദ്ദേശമായി വർത്തിക്കുകയും ചെയ്യുന്നു. ഈ തത്ത്വങ്ങൾ നടപ്പാക്കുന്നതിൽ മനുഷ്യസമൂഹങ്ങൾ സ്വാധീനിച്ചേക്കാമെങ്കിലും, ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളിൽ വേരൂന്നിയ അടിസ്ഥാന മൂല്യങ്ങൾ സ്ഥിരവും സനാതനവുമായി തുടരുന്നു.

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്ത്, ധാർമ്മികതയ്ക്കുള്ള ഇസ്‌ലാമിക ചട്ടക്കൂട് ദൈവിക മാർഗനിർദേശത്തിന്റെ ശാശ്വത ശക്തിയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും നീതിയും അനുകമ്പയും സത്യവും തേടാൻ മനുഷ്യരാശിയെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

# ലിംഫ് എന്ന അത്ഭുത ദ്രാവകം

**മനുഷ്യശരീരത്തികത്തെ ലിംഫ് എന്ന ദ്രാവകം നമ്മെയെല്ലാവരേയും സംരക്ഷിക്കുന്ന അഗോചരമായ പരിചയാണ്- നമ്മുടെ ജീവനെ സംരക്ഷിക്കുന്ന നൈസർഗിസംവിധാനം ദൈവത്തിന്റെ അതുല്യമായ സൃഷ്ടി സംവിധാനത്തിന്റെ ശ്രേഷ്ഠത വിളിച്ചോതുന്നു.**

**വിവ: കെ.വി ഹസ്സൻ കോയ കോഴിക്കോട്**

**മൂസാ സത്താർ, ലണ്ടൻ**

**നി**ങ്ങളുടെ ചർമ്മത്തിനടിയിലൂടെ ശാന്തവും അഗോചരവുമായ ഒരു നദി ഒഴുകുന്നതായി സങ്കൽപിക്കുക. ഈ നദി താഴ്‌വരകൾ താണ്ടുകയോ കടലിൽ ചെന്നെത്തുകയോ ചെയ്യുന്നില്ല. എന്നാൽ അതിന്റെ നെറ്റ്‌വർക്ക് നിങ്ങളുടെ മുഴുവൻ ശരീരത്തിലും വ്യാപിച്ചു കിടക്കുന്നു. അത് പ്രകൃതിയുടെ ഇഞ്ചിനിയറിങ്ങിന്റെ ശ്രേഷ്ഠതയാണ്. ഇത് ലിംഫ് എന്ന ദ്രാവക വ്യവസ്ഥയാണ്. നിഗൂഢമായ സംരക്ഷണത്തിന്റെ ഒരു ജാലികാ വ്യവസ്ഥ. അന്യൂനമായി ആസൂത്രണം ചെയ്യപ്പെട്ട ഇതിന് അടുത്തെത്താൻ പോലും സാങ്കേതിക വിദ്യക്ക് സാധിച്ചിട്ടില്ല. അതിന്റെ ചാരുതയാർന്ന ഘടനയുടെയും സങ്കീർണ്ണതയുടെയും ശരിപ്പകർപ്പ് മനുഷ്യവിജ്ഞാനത്തിനപ്പുറമാണ്.

ഈ ലിംഫാറ്റിക്ക് വ്യവസ്ഥ പ്രവർത്തനനിരതമാവുന്നത് വിശിഷ്ടമായ ഒരു സംരക്ഷ ണസംഘം പോലെയാണ്. അവ നിങ്ങളുടെ ശരീരത്തെ ആക്രമണകാരികളായ ബാക്ടീരിയ, വൈറസ്, ടോക്സിൻ എന്നിവയിൽ നിന്ന് രക്ഷിക്കുന്നു. അത്യാവശ്യമായ അതിജീവനത്തിനാവശ്യമായ സന്തുലനം നിലനിർത്തുകയും ചെയ്യുന്നു. പ്രതിരോധനത്തിന്റെ ആദ്യഘട്ടത്തിൽ ആന്തരികവ്യവസ്ഥ (തൊലി, ആമാശയാമ്ലം, ശ്ലേഷ്മം എന്നിവയുൾപ്പെട്ടത്) സ്വാഭാവികമായും പൊതുവായ പ്രതിരോധ ശക്തി നൽകാൻ അക്ഷീണപരിശ്രമം നടത്തുന്നു. എന്നാൽ ചില അവസരങ്ങളിൽ പ്രത്യേക ആന്റിജൻസിനെ (രോഗകാരികളായ അന്യദ്രവ്യങ്ങൾ) നിന്നും സംരക്ഷിച്ച് ഭാവിയിലുണ്ടാവുന്ന ആക്ര മണത്തെ പ്രതിരോധിക്കാൻ ലിംഫാറ്റിക്ക് വ്യവസ്ഥ കൂടുതലായി കാര്യങ്ങൾ പഠിച്ച് ക്രമീകരണം നടത്തുന്നു.

നൈസർഗ്ഗികമായ നെറ്റ്‌വർക്കിന്റെ മുഖ്യവശം ലിംഫ് ഗ്രന്ഥികളാണ്. ചെറിയ പയറുമണി പോലെയുള്ള പരിശോധനാസ്ഥലങ്ങൾ ശരീരം മുഴുവൻ വ്യാപിച്ചു കിടക്കുന്നു. അവിടെ വെളുത്ത രക്തകോശങ്ങൾ പകർച്ചവ്യാധികളെ തിരിച്ചറിയാനും തടയാനും തയ്യാറായി നില്ക്കുന്നു. വലിപ്പത്തിൽ നമുക്ക് ഊഹിക്കാൻ പറ്റില്ലെങ്കിലും ഈ ഗ്രന്ഥികൾ ഊർജ്ജസ്വലമായ പ്രവർത്തന കേന്ദ്രങ്ങളാണ്. പ്രത്യേകമായ കോശങ്ങൾ നിങ്ങളെ സംരക്ഷിക്കാൻ ഒരുമിച്ചു പ്രവർത്തിക്കുന്നു. ഒരു വൈറസോ ആക്രമണകാരിയായ രോഗാണുവോ കടന്നുകയറുകയാണെങ്കിൽ ഒരു നിശ്ശബ്ദ അലാറം മുഖേന പ്രതിരോധ കോശങ്ങളുടെ ഒരു സൈന്യം ഏറ്റവും അടുത്ത ലിംഫ് ഗ്രന്ഥിക്ക് അറിയിപ്പ് നൽകുന്നു. ഇവിടെ, നൈസകർഗികമായ ഗ്രന്ഥി മൈക്രോസ്ഥിതികൾ യുദ്ധതന്ത്രങ്ങൾ മെനയുന്നു. ഈ ഗ്രന്ഥികൾ ഘടിപ്പിക്കപ്പെട്ടിരിക്കുന്നത് ഒരു വല പോലെയാണ്. അവയ്ക്ക് വ്യത്യസ്തമായ അറകളുണ്ട്. അവ പ്രത്യേകമായ ചുമതലകളാണ് നിർവഹിക്കുന്നത്. തലച്ചോറിന്റെ ബാഹ്യാവരണംപോലുള്ളയിടങ്ങളിൽ പ്രതിരോധകോശങ്ങൾ ഒരുമിച്ചു കൂടുകയും പഠിക്കുകയും പരിശീലനം നടത്തുകയും ചെയ്യുന്നു. തങ്ങളുടെ കഴിവ് തിരിച്ചറിയാനും ഉപദ്രവകാരികളായ അക്രമികളെ തുരത്താനും സന്ദേശം നൽകുന്നു. ഉപമസ്തിഷ്ക്കം പോലെയുള്ളയിടങ്ങളിൽ, വിന്യാസമേഖലകളായി പ്രവർത്തിക്കുന്നു. അങ്ങനെ കോശങ്ങളെ പ്രവർത്തനസജ്ജമാക്കുന്നു. ഈ ഗ്രന്ഥികളിലുള്ള ആശയവിനിമയം ആശ്ചര്യകരമാംവിധം സമർത്ഥമാണ്. ഈ കോശങ്ങളിൽ തന്മാത്ര സിഗ്നലുകൾ പരസ്പരം കൈമാറുന്നു. വേഗത്തിലും ഇണങ്ങിച്ചേരുന്നതിലും വേഗത ഉറപ്പുവരുത്തുന്നു.

രോഗാണുക്കളുടെ പെട്ടെന്നുള്ള ഭീഷണികൾ അടിച്ചമർത്തുന്ന കഴിവുകൾ കൂടാതെ ലിംഫ് ഗ്രന്ഥികൾക്ക് കഴിഞ്ഞുപോയ നേരിടലുകൾ ഓർത്തുവെക്കാനുള്ള കഴിവുണ്ട്. ഓർമ കോശങ്ങൾ (Memory cells), ഒരു പ്രത്യേക തരം പ്രതിരോധകോശം കഴിഞ്ഞ കാല നേരിടലുകളുടെ വിശദമായ രേഖകൾ നിലനിർത്തുന്നു. പ്രതിരോധവ്യവസ്ഥയെ പ്രതികരിക്കാൻ അനുവദിക്കുന്നു. വീണ്ടു

മുണ്ടാവുന്ന ഭീഷണികൾ വേഗത്തിൽ പ്രതിരോധിക്കാൻ സഹായകമാവുന്നു. ഈ ഓർമ മെക്കാനിസമാണ് വാക്സിനേഷനുകളുടെ അടിത്തറ. അത് നിങ്ങളുടെ ശരീരത്തെ രോഗങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനും നിങ്ങളെ പരിശീലിപ്പിക്കുന്നു. അതുകാരണം നിങ്ങളൊരിക്കലും രോഗഗ്രസ്തരാവുന്നില്ല.

ഒഴുകിക്കൊണ്ടിരിക്കുന്ന നൈസർഗികവും പോഷകനിർഭരവുമായ ഈ ദ്രാവക വ്യക്തമായ ഈ വ്യവസ്ഥയെയാണ് ലിംഫ് എന്നറിയപ്പെടുന്നത്. ജന്തുശാസ്ത്രപരമായ ഒരത്ഭുതമാണിത്. ലിംഫാറ്റിക്ക് രക്തധമനികളുമണ്. നൈസർഗികമായി കെട്ടു പിണഞ്ഞതാണ്. അവ നിർണായകമായ ഈ ദ്രാവകം ശേഖരിക്കുകയും അവ വഹിക്കുന്നത് പ്രത്യേകമായ വെളുത്ത രക്തകോശങ്ങളാണ്. അവ ലിംഫോസൈറ്റ്സ് പോലുള്ളതും പുറത്തുനിന്നുള്ള അക്രമികളെയും അസാധാരണകോശങ്ങളെയും ഉന്നംവെയ്ക്കുന്നു. മാക്രോഫേജസിനെയും ഉന്നംവെക്കുകയും പകർച്ചവ്യാധിയെ തടയുകയും ചെയ്യുന്നു. ഈ രക്തധമനികളിലുള്ള ഒരു വഴി മാത്രമുള്ള വാൾവുകൾ ഒരേ വഴിയിലുള്ള ലിംഫിന്റെ ഒഴുക്ക് ഒരേ നിലയിൽ നിലനിർത്തുന്നു. പിന്നോട്ടുള്ള ചലനം തടയുകയും ചെയ്യുന്നു. പ്രതിരോധപരമായ അതിന്റെ പങ്ക് കൂടാതെ ലിംഫ് ഉപയോഗ്യശൂന്യമായ ഉല്പന്നങ്ങൾ, ബാക്ടീരിയ, സംയുക്തകോശത്തിലെ കേടായ കോശങ്ങൾ എന്നിവ ശേഖരിക്കുകയും ഉപദ്രവകാരികളായ മൂലകങ്ങളെ ഫലപ്രദമായി നിഷ്കാസനം ചെയ്യുകയും ചെയ്യുന്നു. കേന്ദ്രപമ്പായി പ്രവർത്തിക്കുന്ന ഹൃദയത്തെ ആശ്രയിക്കാതെ ലിംഫാറ്റിക്ക് വ്യവസ്ഥ ലിംഫിനെ മുമ്പോട്ടു നയിക്കാൻ ഇടവിട്ട് പ്രവർത്തികുന്ന ഒരു യന്ത്രത്തെ പോലെ തത്ത്വം ഉപയോഗിക്കുന്നു. പ്രവർത്തിക്കുമ്പോഴുള്ള താളാത്മകമായ പേശീചലനങ്ങൾ, ശ്വസിക്കുമ്പോഴുള്ള നെഞ്ചിന്റെ വികാസസങ്കോചങ്ങൾ, രക്തധമനിയിലുള്ള ആയാസരഹിതമായ പേശികളുടെ സങ്കോചങ്ങൾ തുടങ്ങിയവ ഏകസ്വരതയോടെ പ്രവർത്തിക്കുകയും ലോലമായ വഴികളിലൂടെ ലിംഫിനെ ചലിപ്പിക്കുകയും ചെയ്യുന്നു. വഴിയിലുടനീളം ലിംഫിനെ ലിംഫ് ഗ്രന്ഥികളിലേക്ക് നയിക്കുന്നു. രക്തധാരയിലേക്ക് പുനഃപ്രവേശിക്കുന്നിന് മുമ്പ് ശുചീകരണത്തിനും ഏറെ ശ്രദ്ധാർഹമായ അരിക്കലിനും വിധേ യമാകുന്നു. തുന്നലില്ലാത്ത ഈ പുനരുപയോഗപ്രക്രിയ ദ്രോഹകരമായ പദാർത്ഥങ്ങളെ ഒഴിവാക്കുകയും ദ്രാവകസന്തുലനം നിലനിർത്തുകയും വീക്കം തടയുകയും സംയുക്ത കോശത്തിന്റെ ആരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ലിംഫാറ്റിക്ക് വ്യവസ്ഥയുടെ ബഹുമുഖമായ പ്രവർത്തനം അവിടെ അവ സാനിക്കുന്നില്ല. പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതോടൊപ്പം തന്നെ അത് നിർണ്ണായക പങ്കു വഹിക്കുന്നത് ഭക്ഷണക്രമവുമായി ബന്ധപ്പെട്ട കൊഴുപ്പ് ആഗിരണം ചെയ്യുന്ന തിലും അതിന്റെ പരിവഹനത്തിലുമാണ്. ലാക്ടിയ എന്നറിയപ്പെടുന്ന കുടലിലെ പ്രത്യേകരക്തധമനികൾ ഭക്ഷണക്രമമനുസരിച്ചുള്ള കൊഴുപ്പുകൾ ആഗിരണം ചെയ്യുകയും . ലിംഫാറ്റിക് നെറ്റ്‌വർക്കിലേക്ക് ഒഴുക്കി വിടുകയും ചെയ്യുന്നു. ഊർജ്ജത്തിനും കോശങ്ങളുടെ പ്രവർത്തനത്തിനും നിർണ്ണായകമായ കൊഴുപ്പുകൾ രക്തധാരയിലേക്ക് ഒഴുക്കിവിടുന്നു. ഈ വ്യവസ്ഥയുടെ ഇണങ്ങിച്ചേരാനുള്ള കഴിവാണ് ഇത്. ഇതുമുഖേന ശരീരത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. പ്രതിരോധത്തിന്റെ ഈ ഉൽഗ്രഥനവും പോഷണവും നമ്മുടെ ശരീരത്തിലുള്ള വ്യവസ്ഥയുമായി ഇണങ്ങിച്ചേരലിനെയും ഏകത യുമാണ് ഉയർത്തിക്കാട്ടുന്നത്. അങ്ങനെയുള്ള സങ്കീർണ്ണവും ഫലപ്രദവുമായ വ്യവസ്ഥ നിരീക്ഷിച്ചുകൊണ്ട് നമുക്ക് അത്ഭുതപ്പെടാതെ നിവൃത്തിയില്ല. ഈ നൈസർഗ്ഗികമായ ആസൂത്രണം നിലനില്ക്കുന്നത് വിവേകജ്ഞാനിയായ ഒരു സ്രഷ്ടാവിന്റെ ഹസ്തമില്ലാതെയാണോ?

ഈ ലിംഫാറ്റിക്ക് രക്തധമനികൾ സ്വതവേ മൃദുലമാണെങ്കിലും പൂർവ്വരൂപം പ്രാപിക്കാനുള്ള ഒരു മുടിയിഴയേക്കാൾ നേർത്തതായി മാറുന്നു. എന്നാൽ കേടുവന്നാൽ ഒഴുക്ക് വീണ്ടും ആ വഴിയിലേക്ക് നടത്തുന്നു. അവ പ്രതിരക്ഷോകോത്തജക വസ്തുക്കളുടെ പെരുവഴിയായി പ്രവർത്തിക്കുന്നു. അന്യപദാർത്ഥങ്ങൾക്കെതിരിൽ പ്രതിരോധ പ്രതികരണത്തിന്റെ കാഞ്ചി വലിക്കുന്നു. പ്രതിരോധ കോശങ്ങൾ ഇണങ്ങിച്ചേരാനുള്ള കഴവിന്റെ ക്ഷമത എളുപ്പമാക്കുകയും ഊർജ്ജസ്വലമാക്കുകയും ചെയ്യുന്നു. പകരുന്ന ഒരു സൂക്ഷ്മ രോഗാണു സംയുക്തകോശങ്ങളിലേക്ക് കടന്നുകയറുകയാണെങ്കിൽ ലിംഫാറ്റിക്ക് രക്ത കോശങ്ങൾ വേഗത്തിൽ അവയെ വഹിക്കുകയോ അല്ലെങ്കിൽ രോഗാണുവിനെ വിഴു ങ്ങിയ കോശങ്ങൾ അതിനെ തൊട്ടടുത്ത ലിംഫ്ഗ്രന്ഥിയിലെത്തിക്കുന്നു. ഈ പ്രക്രിയ പ്രതികരണത്തിന്റെ ഒരു പരമ്പര തന്നെ സൃഷ്ടിക്കുന്നു. അക്രമിയിൽ നിന്നും ഭാവിയിലുള്ള ഉപദ്രവമില്ലാതാക്കാൻ ആന്റിബോഡികളുടെ ഓർമ്മ സംരക്ഷിക്കുകയും ഭീഷണി ഇല്ലാതാക്കുകയും ചെയ്യുന്നു. (തുടരും)

ക്രിസ്ത്യൻ ഇവാഞ്ചലിസവും യഹൂദ സയണിസവും 3

# ക്രിസ്ത്യൻ സയണിസവും ഇസ്രയേൽ അമേരിക്കൻ രാഷ്ട്രീയവും

**ഇവാൻഞ്ചലിക്കലിസത്തിന്റെ വിവിധ ഗ്രൂപ്പുകൾ, അതിൽ നിന്നും രുപംകൊണ്ട ഡിസ്പെൻസേഷനലിസം (കാലഘട്ട വാദം), ക്രിസ്ത്യൻ സയണിസം, കൂഫി(CUFI) മുതലായ സംഘടനകളും പ്രസ്ഥാനങ്ങളും മതപരമായ അടിസ്ഥാനത്തിൽ അമേരിക്കൻ രാഷ്ട്രീയ നയങ്ങളെ സ്വാധീനിച്ച് ഇസ്റയേൽ നടത്തുന്ന നീതി ലംഘനങ്ങളെയും അക്രമങ്ങളെയും ന്യായീകരിക്കുകയാണ്.**

എ. എം മുഹമ്മദ് സലീം

ക്രിസ്ത്യൻ സയണിസം എന്നത് ക്രിസ്തുമതത്തിലെ പ്രൊട്ടസ്റ്റന്റ് വിഭാഗമായ ഇവാഞ്ചലിക്കലിസത്തിൽ നിന്നും ഉത്ഭവിച്ച ഇസ്റയേലീ അനുകൂലവും രാഷ്ട്രീയ ലക്ഷ്യങ്ങളുമുള്ള ഒരു ക്രിസ്തീയ പ്രസ്ഥാനമാണ്. ബൈബിൾ പ്രവചനങ്ങളിൽ പറയപ്പെട്ട യുഗാന്ത്യ സംഭവങ്ങളുടെ ഭാഗമായുള്ള പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണവും യഹൂദരുടെ ഇസ്റയേലിലേക്കുള്ള മടക്കവും എന്നാണ് ഇവാൻഞ്ചലിക്കലിസവും ക്രിസ്ത്യൻ സയണിസവും കരുതുന്നത്. ഇത് ബൈബിൾ പ്രവചനങ്ങളുടെ പൂർത്തീകരണവും ദൈവേഛയുമായും അവർ കരുതുന്നു.

ക്രിസ്ത്യൻ സയണിസത്തിന്റെ മാതൃപ്രസ്ഥാനം ഇവാൻഞ്ചലിക്കലിസമാണ്. ഇവാഞ്ചലിസവും ഇവാൻഞ്ചലിക്കലിസവും തമ്മിൽ വ്യത്യാസമുണ്ട്. ഇവാൻഞ്ചലിസം എന്നത് യേശുവിന്റെ ജീവിതവും ജീവിത സന്ദേശവും ബൈബിൾ സുവിശേഷവും പ്രഘോഷിച്ച് മറ്റുള്ളവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുക എന്ന ആശയത്തെ ഉൾക്കൊള്ളുന്നതാണ്. ഇവാൻഞ്ചലിസം അഥവാ സുവിശേഷ പ്രചാരണം കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് വ്യത്യാസമില്ലാതെ ഏറ്റകുറച്ചിലോടെ എല്ലാ ക്രിസ്തീയ സഭകളും ചെയ്യുന്ന മത പ്രചാരണ പ്രവർത്തനമാണ്. ഇവാൻഞ്ചലിക്കലിസം എന്നത് ബൈബിളിനെ അടിസ്ഥാനമാക്കിയുള്ളതും ഇസ്റയേൽ അനുകൂലവും കൂടുതൽ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഒരു പൊട്ടസ്റ്റന്റ് പ്രൊജക്റ്റാണ്.

കത്തോലിക്കർ, സഭയുടെ അധ്യാപനങ്ങൾക്കും കൂദാശകൾക്കും പാരമ്പര്യങ്ങൾക്കും മുൻതൂക്കം നൽകിയാണ് സുവിശേഷ പ്രവർത്തനങ്ങൾ അഥവാ ഇവാഞ്ചലിസം നടത്തുന്നത്. അവർ ആശുപത്രികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായ ജീവകാരുണ്യാത്മകമായ മാർഗ്ഗത്തിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. എന്നാൽ അമേരിക്കൻ ഇവാൻഞ്ചലിക്കലിസം കൂടുതൽ തീവ്രമായ രാഷ്ട്രീയ ലക്ഷ്യങ്ങളുമുള്ള പ്രസ്ഥാനമാണ്. പ്രത്യേകിച്ചും 2001 സെപ്തംബർ 11 ന് ശേഷം ഇസ്ലാമോഫോബിയ ഈ മേഖലയിൽ നിന്നാണ് ലോകം മുഴുവൻ പ്രചരിക്കുന്നത്. ഇവാൻഞ്ചലിക്കലിസത്തിന്റെ ചട്ടക്കൂട്ടിലുള്ള കാലഘട്ടവാദം അഥവാ ഡിസ്പൻസേഷനലിസവും കുഫീ പ്രസ്ഥാനവും ഇസ്റയേൽ അനുകൂലവും ഇസ്ലാമോഫോബിക്കുമാണ്.

## ഇവാൻഞ്ചലിക്കലിസം

ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റ് ധാരയിലെ ഇവാഞ്ചലിക്കൽ സഭകളിൽ 18-ാം നൂറ്റാണ്ടിലാണ് ക്രിസ്ത്യൻ ഇവാൻഞ്ചലിക്കലിസം ആവിർഭവിച്ചത്. സഭകൾക്കുപരിയായി സുവിശേഷ പുസ്തകമാണ് ക്രൈസ്തവ വിശ്വാസത്തിന്നാധാരം എന്നാണ് ഇവാഞ്ചലിക്കൽ പ്രസ്ഥാനങ്ങളുടെ താത്വിക നിലപാട്. കൂടുതൽ വിശ്വാസ തീവ്രതയോടെ ജീവിതം മുന്നോട്ടുകൊണ്ടു പോകണം എന്നാണ് ഇവാൻഞ്ചലിക്കലിസം പറയുന്നത്. അക്രൈസ്തവ മത വിശ്വാസികളെ സുവിശേഷ പ്രചാരണത്തിലൂടെ ക്രിസ്ത്യാനികളാക്കുകയാണ് ക്രിസ്ത്യാനികളുടെ പ്രഥമ കർത്തവ്യമെന്ന് ഇവർ വിശ്വസിക്കുന്നു. വീണ്ടും ജനിക്കുക (Born Again) എന്നതാണ് ഇവരുടെ മുദ്രാവാക്യം. ഇപ്പോൾ ക്രിസ്തുമതത്തെ ഊർജ്ജസ്വലതയോടെ മുന്നോട്ട് കൊണ്ട് പോകുന്നത് പ്രത്യേകിച്ച് അമേരിക്കയിൽ ഇത്തരം ഇവാൻഞ്ചലിക്കൽ സഭകളാണ്. അമേരിക്കയിൽ ഇവരുടെ രാഷ്ട്രീയ താൽപര്യങ്ങൾ വ്യക്തവും ശക്തവുമാണ്. അബോർഷൻ, വിവാഹം പോലെയുള്ള കാര്യങ്ങളിൽ ഫാഷനിലും ഉപഭോഗ സംസ്ക്കരത്തിലും അധിഷ്ഠിതമായ അമേരിക്കൻ മുഖ്യധാരയിൽ നിന്ന് മാറി മതതീവ്രതമായ കാഴ്ച്ചപാടാണ് ഇവർക്കുള്ളത്. ഇസ്റയേലിനോടുള്ള ആഭിമുഖ്യമാണ് തിരിച്ചറിയേണ്ട മറ്റൊരു അടയാളം. വെള്ള വംശീയത ഇവാൻഞ്ചലിക്കലിസത്തിന്റെ മറ്റൊരു അദൃശ്യമായ അന്തർധാരയാണ്. ബില്ലി ഗ്രഹാം (1918-2018) എന്ന അതിപ്രശസ്തനായ പ്രബോധകൻ ഒരു ഇവാൻ

ഞ്ചലിസ്റ്റ് ആയിരുന്നു. അമേരിക്കയാണ് ഇവാൻഞ്ചലിക്കലിസത്തിന്റെ കളിത്തൊട്ടിൽ. അമേരിക്കയിൽ അൽപ്പ സ്വൽപ്പം വ്യത്യസ്തകളോടെ നിരവധി ഇവാൻഞ്ചലിക്കലിസ്റ്റ് ഗ്രൂപ്പുകളുടെ സാന്നിദ്ധ്യമുണ്ട്. ബാപ്സ്റ്റിക് കൺവെൻഷൻ, പ്രസ്ബിറ്റേറിയൻ ഫ്രീ ചർച്ച് ഓഫ് അമേരിക്ക, ദ ഗോസ്പൽ കൊയ്ലീഷൻ, രോഗശാന്തി ആത്മീയ ശുശ്രൂഷ മുതലായ പ്രകടനപരമായ തീവ്ര മത പ്രചരണം നടത്തുന്ന കരിഷ്മാറ്റിക് / പെന്തക്കോസ്റ്റ് വിഭാഗങ്ങൾ, മെത്തേഡിസ്റ്റുകൾ, പുരോഗമന കാഴ്ച്ച പാടുകൾ വെച്ചു പുലർത്തുന്ന റെഡ് ലെറ്റർ ക്രിസ്ത്യൻസ് ഇവാൻഞ്ചലിക്കൽസ് ഫോർ സോഷ്യൽ ആക്ഷൻ മുതലായ നിരവധി ഗ്രൂപ്പുകൾ അമേരിക്കയിലുണ്ട്. ആഫ്രിക്കയിലും ദരിദ്ര ഏഷ്യൻ രാജ്യങ്ങളിലും ഇവാൻഞ്ചിലിസ്റ്റ് ഗ്രൂപ്പുകൾ അതിശക്തമായ ക്രിസ്തീയ പ്രചാരണം നടത്തികൊണ്ടിരിക്കയാണ്. ഇവാഞ്ചലിക്കലിസത്തിന്റെ നീതിരഹിതമായ ഇസ്റയേൽ അനുകൂല നിലപാടുകളും രാഷ്ട്രീയ തീരുമാനങ്ങളും കർക്കശമായ സിദ്ധാന്തങ്ങളും യുവ ക്രൈസ്തവ വിശ്വാസികളിൽ ഇപ്പോൾ ഇവാൻഞ്ചലിക്കലിസത്തിൽ അസംതൃപ്തി പടർത്തിയിരിക്കുന്നു. പരമ്പരാഗത ഘടനകൾക്ക് പുറത്ത് ആത്മീയത തേടി 'എക്സാഞ്ചലിക്കൽ- Exvangelical'അല്ലെങ്കിൽ 'ഡീകൺസ്ട്രക്റ്റഡ്' എന്നീ പേരുകൾ സ്വീകരിച്ച് പലരും പുറത്ത് വരുകയാണ്.

## ഡെസ്പൻസേഷനലിസം (Dispensationalism കാലഘട്ടവാദം)

പ്രൊട്ടസ്റ്റന്റ് സഭകളിലുള്ള മറ്റൊരു ഇസ്റയേൽ അനുകൂല ഇവാൻഞ്ചലിക്കൽ ക്രൈസ്തവ വിഭാഗമാണ് കാലഘട്ടവാദികൾ (ഡിസ്പെൻസേഷണലിസ്റ്റുകൾ). ബൈബിൾ വ്യാഖ്യാനത്തിലൂടെ മനുഷ്യ ചരിത്രത്തിൽ ദൈവം നിർണ്ണായകമായി ഇടപെട്ട സംഭവങ്ങളെ അടിസ്ഥാനമാക്കി ചരിത്രത്തെ വിഭജിക്കുകയാണ് അവർ ചെയ്യുന്നത്. ജോൺനെൽസൺ ഡാർബി (1800-1882) എന്ന ആംഗ്ലോ ബ്രിട്ടീഷ് ബൈബിൾ അധ്യാപകനാണ് കാലഘട്ടവാദത്തിന്റെ ഉപജ്ഞാതാവ്. കാലഘട്ടവാദികളിൽ തന്നെയുള്ള പലഗ്രൂപ്പുകൾക്കും പലവിധ ഗണനാരീതികളും വീക്ഷണ വ്യത്യാസങ്ങളുമുണ്ട്. ആധുനിക കാലത്തെത്തുമ്പോൾ ഇസ്റയേലിന്റെ രൂപീകരണത്തിലൂന്നിയാണ് ഇവർ ഈ കാലഘട്ടവാദം ഉയർത്തുന്നത്. ഇസ്റയേൽ രൂപീകരണം ബൈബിൾ പ്രവചനത്തിന്റെ പ്രത്യക്ഷ സാക്ഷാത്ക്കാരമാണ് എന്ന് പറഞ്ഞുകൊണ്ടാണ് യേശുവിന്റെ രണ്ടാം വരവ് അടുത്തിരിക്കുന്നു എന്ന പ്രചാരണം അവർ നടത്തുന്നത്.

കാലഘട്ടങ്ങളെ ഇപ്രകാരമാണ് ഏകദേശം തിരിച്ചിരിക്കുന്നത്. 1. **നിരപരാധിത്വത്തിന്റെ കാലഘട്ടം** (Period of Innocence):-ആദം പറുദീസയിൽജീവിക്കുന്ന കാലട്ടം മുതൽ അവിടെ നിന്നും ബഹിഷ്കൃതനാകുന്നത് വരെയുള്ള കാലം. ആദമിന്റെ കാലഘട്ടം എന്നും ചിലർ പറയുന്നു. 2. **മനസ്സാക്ഷിയുടെ കാലഘട്ടം** (Period of Conscience):- ആദമിന്റെ പറുദീസാ നഷ്ടത്തിൽ നിന്നും നോഹയുടെ മഹാ പ്രളയം വരെയുള്ളതാണ് ഈ കാലം 3. **മനുഷ്യ ഭരണത്തിന്റെ കാലം** (Period of Human or Civil Government) മഹാ പ്രളയത്തിനു ശേഷം മനുഷ്യനു ശിക്ഷ നൽകാനും ഭരണം നടത്താനുമുള്ള ഉത്തരവാദിത്തം നൽകി ദൈവത്തോടു മത്സരിച്ച് ബാബേൽ ഗോപുര നിർമ്മാനത്തിന്റെ കാലഘട്ടത്തിൽദൈവം കോപിഷ്ഠനായ കാലഘട്ടം വരെ 4. **വാഗ്ദാന കാലം അഥവാ കുലപതി ഭരണകാലം** (Promise or Patriarchal Rule) അബ്രഹാമിന്റെ കാലം മുതൽ മോസസ്സിന്റെ കാലം വരെ 5. **ന്യായപ്രമാണിത്വത്തിന്റെ കാലഘട്ടം** (Period of of Law) മോസസ്സിന്റെ കാലം മുതൽ യേശുവിന്റെ ക്രൂശീകരണ നടന്ന് ആകാശരോഹണ കാലം വരെ. അതോടെ ടൈറ്റസിന്റെ ആക്രമണം വന്ന് ഇസ്റയേൽ ജനത പൂർണ്ണമായും ചിതറിത്തെറിക്കുന്നു. ചില കാലഘട്ടവാദികൾ ഇതിനെ മോസസ്സിന്റെ ന്യായപ്രമാണ കാലഘട്ടം എന്ന് വിളിക്കും. 6 **മഹത്വത്തിന്റെ കാലഘട്ടമാണ്.** (Period of Grace) യേശുവിന്റെ ക്രൂശീകരണം മുതൽ സഭയുയുടെ തിരോധാനം വരെ ഈ കാലഘട്ടത്തിലാണ് ദൈവപുത്രനായ യേശു ആകാശത്ത് നിന്ന് ഇറങ്ങിവന്ന് മരിച്ച വിശ്വാസികളെയും ഉയിർപ്പിച്ചെഴുന്നേറ്റ് ക്രിസ്ത്യാനികളെയും കൂട്ടി ആകാശത്തക്ക് പിടിച്ചുകൊണ്ടു കൊണ്ടു പോകും. ഇങ്ങിനെ പിടിച്ചുകൊണ്ടു പോകലിനെയാണ് കാലഘട്ടവാദികൾ റപ്ച്ചർ (Rapture) എന്ന് പറയുക. ബൈബിൾ തെസലോനിക്ക 4: 13-18 വരെയുള്ള വചനങ്ങളിലും, 1 കൊറിന്ത്യർ 51 വചനങ്ങളിലും ഭാവിയിൽ നടക്കാനിരികുന്ന ഈ അത്ഭുത വാഗ്ദാനം പറഞ്ഞിട്ടുണ്ട്. ഈ കാലഘട്ടത്തിലാണ് ഇസ്റയേൽ സ്റ്റേറ്റിന്റെ രൂപീകരണം. ബൈബിൾ വെളിപാട് അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന തീവ്രമായ ആഗോള കഷ്ടപ്പാടുകളുടെയും(Tribulation) ദൈവിക ന്യായവിധിയുടെയും സമയമായി പ്രവചിക്കപ്പെട്ട ഏഴ് വർഷത്തെ കഷ്ടതയിൽ നിന്ന് സഭയെ ഒഴിവാക്കാനാണ് ഈ അതിശയകരമായ പിടിച്ചുകൊണ്ടുപോയി രക്ഷിക്കൽ സംവിധാനം. അതോടെ സഭ ഭൂമുഖത്ത് നിന്നും ഇല്ലാതാവും ആകാശത്തേക്ക് പറിച്ചു നടപ്പെടും എന്നാണ് ഡിസ്പൻസേഷനലിസ്റ്റുകൾ അഥവാ കാലഘട്ടവാദികൾ വിശ്വസിക്കുന്നത്. 7. **ക്രിസ്തുവിന്റെ രണ്ടാം വരവും സഹസ്രാബ്ദവാഴ്ച്ചയും-(Millennial Kingdom)** ഭൂമിയിലെ ക്രിസ്തുവിന്റെ അക്ഷരാർത്ഥത്തിലുള്ള 1000 വർഷത്തെ ഭരണം (വെളിപാട് 20:1-6) യെരുശലേമിനെ കേന്ദ്രീകരിച്ച്, അവസാനത്തെ യുദ്ധത്തോടുകൂടി ദൈവത്തിന്റെ

ന്യായവിധിയോടെ സഹസ്രസഹാബ്ദ വാഴ്ച്ച അവസാനിക്കുന്നു.

ക്രിസ്ത്യാനികളിലെ കാലഘട്ട വാദികൾ ഇസ്റയേലിന്റെ അസ്തിത്വത്തെ ദൈവിക ദൃഷ്ടാന്തമായി ഊന്നി പറയുകയും, ഇസ്റയേൽ രാഷ്ട്രത്തിന്റെ രൂപീകരണം ബൈബിൾ പ്രവചനങ്ങളുടെ പൂർത്തീകരണമായി അവർ കൊണ്ടാടപ്പെടുകയും ചെയ്യുന്നു. യഹൂദ ജനതയെ അവർ ദൈവപുത്രന്റെ ഒറ്റുകാരും ഘാതകരുമായി തിരസ്ക്കരിക്കുന്നില്ല. സഭായുഗത്തിൽ മിശിഹായായ യേശുവിനെ നിരസിച്ചതിനാൽ (റോമർ 11:25-26) ഒരു ജനത എന്ന നിലയിൽ താൽക്കാലികമായി അവരെ മാറ്റി നിർത്തപ്പെട്ടു എന്നുമാത്രം. എന്നാൽ ദൈവം അവർക്കുള്ള തന്റെ വാഗ്ദാനങ്ങൾ ഉപേക്ഷിച്ചിട്ടില്ല എന്നുമാണ് കാലഘട്ടവാദികളുടെ വിശ്വാസം.

## ക്രിസ്ത്യൻ സയണിസം

പ്രൊട്ടസ്റ്റന്റ് സഭകളിലെ പല വിഭാഗങ്ങളും യുഗാന്ത്യസംഭവങ്ങളുടെഭാഗമായി സംഭവിക്കുന്ന ദിവ്യ ദൃഷ്ടാന്തമായിട്ടാണ് യഹൂദരുടെ ഫലസ്തീനിലേക്കുള്ള തിരിച്ചു പോക്കും ഇസ്റയേലിന്റെ രൂപീകരണവും കാണുന്നത്. ക്രിസ്ത്യൻ പരിപ്രേഷ്യത്തിലുള്ള ഈ ആശയത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആശയത്തെയാണ് ക്രിസ്ത്യൻ സയണിസം എന്ന് പറയുന്നത്. യഹൂദരുടെ സയണിസവുമായി സാമ്യമുള്ളത് കാരണം സമീപകാലത്ത് അത് ക്രിസ്ത്യൻ സയണിസം എന്നാണ് അറിയപ്പെടുന്നത്. വാസ്തവത്തിൽ യഹൂദ സയണിസം പിറവികൊള്ളുന്നതിന് മുമ്പ് തന്നെ ക്രിസ്ത്യൻ സയണിസമുണ്ട്. പക്ഷേ അത് യേശുവിന്റെ ജന്മസ്ഥലത്തേക്കുള്ള തീർത്ഥാടനം എന്ന ആത്മീയാർത്ഥത്തിൽ മാത്രമായിരുന്നു. ജൂതന്മാരാണ് സയണിസം രാഷ്ട്രീയാർത്ഥത്തിൽ മുന്നോട്ട് വെച്ചത്. തങ്ങൾക്ക് ഒരു ജന്മഗേഹവും അതോടൊപ്പം അവരുടെ പഴയ ദാവീദിന്റെ സാമ്രാജ്യം പുനസ്ഥാപനവുമായാണ് അവർ ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണത്തെ കണ്ടത്. ഇരുപതാം നൂറ്റാണ്ടിൽ ഇസ്റയേൽ സ്റ്റേറ്റ് യാഥാർത്ഥ്യമാവുകയും ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും യഹൂദർ ഇസ്റയേലിൽ വന്നെത്തുകയും ചെയ്തതോടെ ഈ ബൈബിൾ സങ്കൽപ്പത്തിന് ക്രിസ്ത്യാനികൾക്കിടയിൽ വ്യാപകമായ സ്വീകാര്യത കിട്ടി. അതിന് മുമ്പ് കത്തോലിക്കാ സഭ യഹൂദജനത്തെ ദൈവ പുത്രന്റെ ഘാതകർ എന്ന നിലക്ക് ദൈവികപാരമ്പര്യത്തിൽ നിന്നും അകറ്റി നിർത്തിയിരുന്നു. ദൈവ ജനം, ഇസ്റയേൽ, യഹൂദജനം എന്നീ ബൈബിൾ പരാമർശത്തെ അത് യഹൂദ ജനമല്ല ക്രിസ്തു സഭതന്നെയാണ് എന്ന് പുനർ വ്യാഖ്യാനം നൽകി മാറ്റിസ്ഥാപിക്കുകയാണ് ചെയ്തത്. യേശുവിന്റെ പുതിയ ന്യായപ്രമാണത്തിലെ ദൈവവുമായുള്ള കരാറോടെ പഴയ മോസസ്സിന്റെ നിയമം അപ്രസക്തമായി. ഇങ്ങനെ മൊത്തത്തിൽ ദൈവശാസ്ത്രത്തെ മാറ്റി വ്യാഖ്യാനിക്കുന്നതിനെയാണ് സൂപ്പർ സെസ്സേഷനിസം എന്ന് പറയുന്നത്. കത്തോലിക്കാ സഭയിൽ നിന്ന് കലഹിച്ച് രൂപീകൃതമായ ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റുകളിലെ പല വിഭാഗങ്ങളും പിൽക്കാലത്ത് ക്രമേണ യഹൂദ ജനത്തെ അകറ്റുന്നതിനോട് വിയോജിച്ചു. പിന്നീട് യഹൂദരോടുള്ള സമീപനത്തിൽ കത്തോലിക്കാ സഭയിലും യഹൂദരോട് അനുഭാവ പൂർണ്ണമായ ഗണ്യമായ മാറ്റമുണ്ടായി.

പ്രൊട്ടസ്റ്റന്റിസത്തിന്റെ ചട്ടക്കൂട്ടിൽ നാമ്പിട്ടതാണ് ഇസ്റയേൽ അനുകൂലമായ ക്രിസ്ത്യൻ സയണിസം. അത്ഭുതകരമായ ഒരു വൈരുദ്ധ്യം ഇതിലുണ്ട്. എന്താണെന്ന് വെച്ചാൽ പ്രൊട്ടസ്റ്റന്റ് സ്ഥാപകനായ മാർട്ടിൻ ലൂതറും (1483-1546) അവരുടെ രണ്ടാം തലമുറയിൽ പെട്ട ആചാര്യനായ ജോൺ കാൽവിനും (1509-1564) കടുത്ത യഹൂദ വിരോധികളായിരുന്നു. അവരുടെ രചനകളിലൊന്നും യുഗാന്ത്യ സംഭവങ്ങളുടെ ഭാഗമായി യഹൂദരുടെ ഇസ്റയേലിലേക്കുള്ള തിരിച്ചു പോക്ക് പ്രതിപാദിച്ചിട്ടില്ല. മാത്രമല്ല അദ്ദേഹമെഴുതിയ 'On the Jews and Their Lies' (1543) എന്ന പുസ്തകത്തിൽ അതിതീവ്രമായ ജൂതവിരോധ പ്രസ്താവനകൾ നിർലോഭം എഴുതി ചേർത്തിട്ടുണ്ട്. യഹൂദ ദേവാലയങ്ങളായ സിനഗോഗുകൾ ചുട്ടുകരിക്കണമെന്ന് ആഹ്വാനം ചെയ്ത് ലൂതർ യഹൂദരെ എല്ലാവരേയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യേണ്ട പദ്ധതിയായിരുന്നു മുന്നോട്ടു വെച്ചത്. ലൂതറുടെ അതിനിശിതമായ ജൂത വിമർശനമാണ് യൂറോപ്പിൽ ഭീകരമായ തോതിൽ യഹൂദ വേട്ടക്ക് കാരണമായത്. ആ പ്രൊട്ടസ്റ്റന്റിസത്തിൽ നിന്നാണ് യേശുവിന്റെ രണ്ടാം വരവിനെ സ്വീകരിക്കാൻ ഫലസ്തീനിൽ യഹൂദർ നിറഞ്ഞ ഇസ്റയേലിനെ ഒരുക്കുക എന്ന തീവ്രവിശ്വാസം വെച്ച് പുലർത്തുന്ന ക്രിസ്ത്യൻ സയണിസത്തിന് രൂപം നകിയത് എന്നത് ചരിത്രത്തിലെ ഒരു വിരോധാഭാസമാണ്. അതോടനുബന്ധിച്ച് ഇസ്ലാമോ ഫോബിയയുടെ പ്രചാരണവും അവർ നടത്തുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ വ്യത്യാസമില്ലാതെ പല ക്രിസ്തീയ പുരോഹിതന്മാരും ഇപ്പോൾ ഇസ്ലാമോ ഫോബിയയുടെ വളർത്തുകാരാണ്. നമ്മുടെ കേരളത്തിലടക്കം അതിന്റെ അനുരണ ങ്ങൾ ദൃശ്യമാണ്.

ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണം കഴിഞ്ഞ് യേശു രണ്ടാമതും വന്നാൽ യഹൂദർ ക്രിസ്തുമതം സ്വീകരിക്കുമെന്ന് തീവ്ര പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ ഇവാൻഞ്ചലിക്കലിസ്റ്റ് സയണിസ്റ്റുകൾ കരുതുന്നു. ഫലസ്തീനികളെ അവരുടെ പിറന്ന മണ്ണിൽ നിന്നും അടിച്ചോടിച്ച് ഇസ്റയേൽ രൂപീകരണത്തിലും അതിന് ശേഷം യുദ്ധം ചെയ്തുകൊണ്ടുള്ള വികസനത്തിലും യഹൂദരോടൊപ്പം ഒരുമിച്ച് നിൽക്കുന്നവരാണ് ക്രിസ്

ത്യൻ സയണിസ്റ്റുകൾ. എങ്കിലും അന്തിമമായി യേശുവിന്റെ ഘാതകരായ യഹൂദരെയായിരിക്കും യേശു വന്നാൽ ആദ്യം പരിവർത്തനം ചെയ്യുക എന്ന് കരുതുന്നവരാണ് അധികം ക്രിസ്ത്യൻ സയണിസ്റ്റുകളും.

ഇസ്റയേൽ സ്റ്റേറ്റിന് ഏറ്റവും അനുകൂലമായ ഘടകം ജർമ്മനിയിൽ സംഭവിച്ച ഹോളോകാസ്റ്റ് എന്ന നിഷ്ഠൂരമായ യഹൂദ കൂട്ടക്കൊലയായിരുന്നു. അത്ക്രിസ്തു മതം യഹൂദരോട് ചെയ്ത അപരാധമായിട്ടാണ് പ്രചാരമുണ്ടായത്. അന്നത്തെ കത്തോലിക്കാ പോപ്പ് പീയൂസ് പന്ത്രണ്ടാമൻ ഹോളോകാസ്റ്റിന്റെ കാലത്ത് പാലിച്ച മൗനം അപരാധമായിട്ടാണ് ലോകം കണ്ടത്. യഹൂദ പീഢകരായ ജർമ്മനി പരാജയപ്പെട്ട രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം യഹൂദരോട് ലോകം മുഴുവൻ അനുഭാവം പുലർത്തുകയും അന്യായമായി ഇസ്റയേൽ രൂപീകരണം സംഭവിക്കുകയും ചെയ്തു.

## കിസ്ത്യൻ സയണിസം അമേരിക്കൻ രാഷ്ട്രീയത്തിൽ

ക്രിസ്ത്യൻ സയണിസവും ഇവാൻഞ്ചലിക്കലിസ്റ്റ് ഗ്രൂപ്പുകളും ഇസ്റയേൽ അനുകൂല നിലപാടുള്ള അമേരിക്കയിലെ പ്രബലമായ ഒരു രാഷ്ട്രീയ ലോബിയിംങ്ങ് ഗ്രൂപ്പായി ഇന്ന് മാറിയിട്ടുണ്ട്. വിവിധ പ്രൊട്ടസ്റ്റന്റ് നവീകരണ സഭകളിലാണ് ക്രിസ്ത്യൻ സയണിസത്തിന് വേരോട്ടമുള്ളത്. ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ ഇസ്ലമോഫോബിയ വർത്തുന്നതിൽ ഇവാൻഞ്ചലിസ്റ്റുകൾക്കും ക്രിസ്ത്യൻ സയണിസ്റ്റുകൾക്കും പങ്കുണ്ട്. അന്തരാഷ്ട്രാ നീതിതത്ത്വങ്ങൾക്ക് വിരുദ്ധവും അക്രമാസക്തവുമായ നയങ്ങളും ആക്രമണങ്ങളും അമേരിക്കൻ സമ്പത്തും അധികാരവും സൈന്യശക്തിയും ഉപയോഗിച്ചാണ് ഇസ്റയേൽ ഈ ബൈബിൾ പ്രവചനങ്ങളുടെ പൂർത്തീകരണവും അതിന്റെ വികസനവും നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെയെല്ലാം ബൈബിളിലെ ദൈവേച്ഛയാണെന്ന് പറയുമ്പോൾ ബൈബിളിലെ ദൈവം നീതിമാനല്ലാത്ത ഒരു ദൈവമാണെന്ന് പറയേണ്ടി വരും. ഇതിനെയെല്ലാം ബൈബിൾ പുലർച്ചയാണെന്ന് വാദിക്കുന്ന ക്രിസ്ത്യൻ സയണിസ്റ്റുകളുടെ വ്യാഖ്യാനങ്ങളുമായി യോജിക്കാത്ത നീതിബോധമുള്ള പ്രൊട്ടസ്റ്റന്റ്കാരായ ഇവാൻഞ്ചലിസ്റ്റുകളുമുണ്ട് എന്ന് മാത്രമല്ല അവരിൽ ചിലർ ക്രിസ്ത്യൻ സയണിസ്റ്റുകളുടെ കടുത്ത വിമർശകർ കൂടിയാണ്.

മറ്റൊരു കടുത്ത ഇസ്റയേലി അനുകൂല ഇവാൻഞ്ചലിസ്റ്റ് സിയോണിസ്റ്റ് പ്രസ്ഥാനം കൂഫി (Christians United for Israel CUFI) ആണ്. 2006 ൽ പാസ്റ്റർ ജോൺ ഹാഗീ സ്ഥാപിച്ച ഈ സംഘടന അമേരിക്കയിലെ ഇപ്പോഴത്തെ ഏറ്റവും വലിയതും ശക്തമായി ഇസ്റയേലിനെ പിന്തുണക്കുന്നതുമായ ഇവാൻഞ്ചലിക്കൽ ക്രിസ്ത്യൻ സിയോണിസ്റ്റ് സംഘടനയാണ്. 10 ദശലക്ഷം അംഗങ്ങളുള്ള കൂഫി ദൈവശാസ്ത്രപരമായ ശക്തമായ ബൈബിൾ അടിത്തറയിലാണ് യഹൂദർക്ക് വേണ്ടി ക്രിസ്ത്യാനികളെ ഇസ്റയേലീ അനുകൂലികളാക്കിമാറ്റുന്നത്. അന്തരാഷ്ട്രാ നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഇസ്റേയലിന്റെ എല്ലാ അക്രമണങ്ങൾക്കും കണ്ണടച്ച് പിന്തുണക്കാൻ അമേരിക്കയെ സജ്ജമാക്കുകയാണ് ഇവരുടെ പ്രധാന പ്രവർത്തനം. ഇസ്റയേലിന്റെ രൂപീകരണം തന്നെ അനിഷേധ്യമായ ബൈബിൾ ദൃഷ്ടാന്തമായാണ് അവർ അവതരിപ്പിക്കുന്നത്.' അവരെ അനുഗ്രഹിക്കുന്നവരെ ഞാനും അനുഗ്രഹിക്കും' എന്ന ദൈവ വചനം ഉദ്ദരിച്ചു കൊണ്ട് ഇവർ ക്രിസ്ത്യൻ വിശ്വാസികളുടെ മേൽ ഇസയേൽ അനുകൂല പ്രചാരണം നടത്തുകയാണ്. അമേരിക്ക ഇസ്റയേലിനെ പിന്തുണക്കുന്നത് വെറു രാഷ്ട്രീയവും സൈനികവുമായ കാരണം കൊണ്ട് മാത്രമല്ല അത് അമേരിക്കൻ പൗരന്മാരുടെ ധാർമികവും ആത്മീയവുമായ കടമയും ദൈവാനുഗ്രഹം ലഭിക്കാൻ വേണ്ടിയുമാണ്. ഇസ്റയേലിന്റെ ശത്രുക്കളെ ശക്തമായി നേരിടണമെന്നാണ് കൂഫിയുടെ ആവശ്യം. ഇസ്റയേൽ എല്ലാ അന്താരാഷ്ടാ നിയമങ്ങളും മര്യാദകളും ലംഘിച്ച് ഫലസ്തീനികളുടെ മേൽ അക്രമം നടത്തുമ്പോഴും ലോബിയിംങ്ങിലൂടെ അമേരിക്കൻ കോൺഗ്രസ്സിലും ഭരണരംഗത്തുമുള്ള ഉന്നതരായ ആളുകളെ കണ്ട് ഇസ്റയേലിന് വേണ്ടി ഇവർ പ്രചാരണം നടത്തുക സാധസാരണമാണ്. സ്വയം പ്രതിരോധിക്കാനുള്ള അവകാശത്തിനു വേണ്ടിയാണ് കൂഫീകാരുടെ പ്രചാരണം. കൂഫീ പരിപാടികൾക്ക് ഇസ്റയേലിന്റെ അകമഴിഞ്ഞപിന്തുണയും സഹായവും ലഭിക്കുന്നുണ്ട്.

അമേരിക്കയിലെ ഇവാൻഞ്ചലിക്കലിസ്റ്റുകൾ റിപ്പബ്ലിക്കൻ പാർട്ടിയെ പിന്തുണക്കുന്നവരാണ്. അവരിൽ ബഹുഭൂരിഭഗവും പ്രത്യക്ഷമായും പരോക്ഷമായും വെള്ള വംശീയതയെ പിന്തുണക്കുന്നവരാണ്. ഗർഭഛിദ്രം സ്വവർഗ്ഗ വിവാഹം മതസ്വാതന്ത്ര്യം എന്നീ വിഷയങ്ങളിൽ യഥാസ്ഥിതിക നിലപാട് സ്വീകരിക്കുന്നവരുമാണ്. വെള്ള വംശീയ വാദികളായ ഇവാൻഞ്ചലിസ്റ്റുകൾ 2016 ൽ 81%വും 2020 ൽ 80% 2024 ൽ 85 % റിപ്പബ്ലിക്കൻ പാർട്ടിയെ പിന്തുണച്ചവരാണ്. ഇപ്പോൾ അവരുടെ ആശയങ്ങൾക്ക് യോജിച്ച് ഡൊണാൾഡ് ട്രംപ് എന്ന ഒരു പ്രസിഡണ്ടിനെയാണ് അവർക്ക് ലഭിച്ചിരിക്കുന്നത്. 14 % ഇവാൻഞ്ചലിസ്റ്റുകൾ മാത്രമേ ഡമോക്രാറ്റിക് പാർട്ടിക്ക് വോട്ട് ചെയ്തിട്ടുള്ളൂ. അതാകട്ടെ ബ്ലാക്ക് ഇവാൻഞ്ചലിക്കലിസ്റ്റ് ക്രിസ്ത്യാനികളാണ്.

ഈഅവാൻഞ്ചലിക്കലിസ്റ്റുകളാണ് പലപ്പോഴും ഈസ്ലാമോഫോബിക്ക് ആയ പ്രചാരണങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഇസ്റയേലിന്റെ ഫലസ്തീൻ അക്രമണങ്ങൾക്ക് പശ്ചാത്തലമൊരുക്കുക എന്നൊരു

ശേഷം പേജ് 27 ൽ

**ഭാഗം : 02**

# ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ്(റ)

## അഹ്മദിയാ ജമാഅത്തിലെ ഭാരതീയനായ ആദ്യ ശഹീദ്

ഇബ്നുവഫ ബേപ്പൂർ

### യുവാവായ മകനെ നഷ്ടപ്പെട്ട പിതാവിന്റെ സഹനം

ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബിന്റെ പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി(റ) ഒരു തബ്ലീഗ് പര്യടനത്തിലായിരുന്ന അവസരത്തിലാണു തന്റെ പ്രിയപ്പെട്ട മകൻ വിദേശത്തു മരിച്ച വിവരം അറിയുന്നത്. അദ്ദേഹം ഇന്നാലില്ലാഹി വയിന്നാ ഇലൈഹി റാജിഊൻ എന്നു ചൊല്ലി ഭാര്യയേയും മറ്റു വീട്ടുകാരേയും സമാധാനിപ്പിച്ചു കൊണ്ട് അല്ലാഹുവിന്റെ തീരുമാനത്തിൽ സഹനം കൈകൊണ്ടു. അവിടെ നിന്നു അദ്ദേഹം നേരെ ഖാദിയാനിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അടുക്കൽ വരികയും താനും അല്ലാഹുവിന്റെ തീരുമാനത്തിലും തൃപ്തിയിലും സംതൃപ്തനാണെന്നും ക്ഷമ കൈകൊള്ളുന്നതാണെന്നും ഹുദൂറിനെ അറിയിച്ചു. എന്റെ മകനു അല്ലാഹു ശഹീദിന്റെ സ്ഥാനം നൽകിയെന്നതിലുപരി ഇതിലും വലിയ എന്തു സൗഭാഗ്യമാണു എനിക്കു ലഭിക്കേണ്ടതെന്നു അനുശോചനമറിയിക്കുന്ന എല്ലാവരോടും അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നു.

ഡിസംബർ 14-ാം തിയ്യതി വെള്ളിയാഴ്ച മസ്ജിദ് അഖ്സ ഖാദിയാനിൽ അദ്ദേഹം അസർ നമസ്ക്കരിപ്പിച്ച ശേഷം, എനിക്കു സഹോദരന്മാരോടു ചില കാര്യങ്ങൾ പറയുവാനുണ്ടെന്നു പറഞ്ഞു കൊണ്ട് മരണപ്പെട്ട തന്റെ മകനെ സംബന്ധിച്ചു ചില കാര്യങ്ങൾ വിവരിക്കുകയുണ്ടായി. അദ്ദേഹം പറയുകയാണ് എന്റെ കുട്ടിയുടെ മരണത്തിൽ അല്ലാഹുവിന്റെ മാഹാത്മ്യവും പ്രതാപവും വെളിപ്പെടുന്നതായി ഞാൻ കാണുന്നുണ്ട്. ഇനി എന്റെ ആഗ്രഹവും പ്രതീക്ഷയും ഇപ്പോൾ മൂന്നു വയസ്സു മാത്രം പ്രായമുള്ള എന്റെ പൗത്രൻ അതായത് ഉബൈദുല്ലാന്റെ മകൻ ബശീറുദ്ദീനിലാണ്. എത്രയും വേഗം അവനെ മൊറേഷ്യസിൽ നിന്നും എന്റെ അടുക്കൽ എത്തിക്കുകയാണെങ്കിൽ ഞാൻ അവനേയും പോറ്റിവളർത്തി പരിപാലിച്ചു വലുതാക്കി വിദ്യഭ്യാസം നൽകുകയും ഖുർആൻ പഠിപ്പിക്കുകയും ചെയ്ത ശേഷം അവനേയും ദീനീ സേവനത്തിനായി എന്റെ മകൻ അതായത് അവന്റെ പിതാവ് ശഹീദായ അതേ മണ്ണിലേയ്ക്കു അയക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടങ്കിൽ എന്റെ പ്രതീക്ഷകളും ആഗ്രഹങ്ങളും പൂവണിയുക എന്നത് അസാദ്ധ്യമായ കാര്യമൊന്നുമല്ല. അതിനു വേണ്ടി ഞാൻ നിങ്ങളോടെല്ലാവരോടും ദുആക്കപേക്ഷിക്കുന്നു.

എന്റെ മകന്റെ വേർപാടിൽ എനിക്കു ദു:ഖിക്കുകയും വ്യസനിക്കുകയും ചെയ്യേണ്ട ഒരാവശ്യവുമില്ല കാരണം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സാനി(റ) അവനെ ശഹീദായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഖുർആനും അതു തന്നേയാണു അനുശാസിക്കുന്നത്. ഞാൻ അല്ലാഹുവിനു അകമഴിഞ്ഞു നന്ദി രേഖപ്പെടുത്തുന്നു. കാരണം ഞാൻ ചെയ്ത എന്റെ ഈ ഖുർബാനി (ത്യാഗം) അവൻ സ്വീകരിച്ചിരിക്കുന്നു. ഉബൈദുല്ലാക്കു സുഖമില്ലെന്നറിഞ്ഞപ്പോൾ അവനെ തിരിച്ചു നാട്ടിലേയ്ക്കു കൊണ്ടുവരുന്നതിനായി ഹദ്റത്ത് സാഹിബിനോടപേക്ഷിക്കാൻ എന്നോടു ചിലർ പറയാറുണ്ടായിരുന്നു. ഏതൊരു പ്രവർത്തിക്കു വേണ്ടിയാണോ എനിക്കു ഉബൈദുല്ലാഹ്നെ അല്ലാഹു നൽകിയിരിക്കുന്നത് അവൻ ആ ജോലി ചെയ്യുന്നുണ്ട്. പിന്നെ ഞാനെന്തിനു അവനെ തിരിച്ചുവിളിക്കണം എന്നാണു ഞാൻ അവരോടെല്ലാം പറഞ്ഞിരുന്നത്.

എന്നെ കുറിച്ചോർത്തു വിഷമിക്കരുതെന്നാണു എനിക്കു നിങ്ങളോടു പറയുവാനുള്ളത്. ഞാൻ ഈ കാര്യത്തിൽ അഭിമാനം കൊള്ളുന്നു. അല്ലാഹു എനിക്കു ക്ഷമയും സഹനവും അതിന്റെ പ്രതിഫലവും നൽകുമാറാകട്ടെ. എനിക്കു നിഅ്മൽ ബദ്ൽ നൽകുമാറാകട്ടെ. എനിക്കു ഉബൈദുല്ലാഹ്നെ കൂടാതെ വേറേയും ധാരാളം ആൺമക്കൾ ഉണ്ടായിരുന്നുവെങ്കിൽ അവരെയെല്ലാം ഇത്തരത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പണം ചെയ്തു കൊണ്ട് അല്ലാഹുവിന്റെ സ്നേഹവും തൃപ്തിയും കരസ്ഥമാക്കാ

മായിരുന്നുവല്ലോ എന്നാണു ഞാൻ ചിന്തിക്കുന്നത്. ബാക്കിയുള്ള എന്റെ ജീവിത കാലത്തിന്നിടയിൽ എന്റെ കൊച്ചു മകനെ അതായത് ഉബൈദുല്ലാന്റെ മകനെ ദീനീ സേവനത്തിനായി തയ്യാറാക്കാൻ അല്ലാഹു എനിക്കു ശക്തിയും കഴിവും ആയുസ്സും നൽകുന്നതിനായി ഞാനിപ്പോൾ ദുആ ചെയ്തു കൊണ്ടിരിക്കുകയാണ്. നിങ്ങളും എനിക്കു വേണ്ടി ദുആ ചെയ്യണമെന്നാണു എനിക്കു നിങ്ങളോടു അപേക്ഷിക്കാനുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മദ്റസ അഹ്മദിയാ ആരംഭിക്കാൻ തീരുമാനിച്ച സമയത്തു തങ്ങളുടെ മക്കളെ ദീനീ സേവനത്തിനായി വഖ്ഫ് ചെയ്യുന്ന മാതാപിതാക്കളുണ്ടോ എന്നു ജമാഅത്തിൽ ചോദിക്കുകയുണ്ടായി. ആ സമയത്താണു ഞാൻ ഉബൈദുല്ലാനെ ദീനീ സേവനത്തിനായി സമർപ്പിച്ചത്. ആ ദിവസം മുതൽ എന്റെ ആ മകൻ എന്റേതല്ലെന്നും അവൻ അല്ലാഹുവിന്റെ സമ്പത്താണെന്നുമാണു ഞാൻ മനസ്സിലാക്കി വെച്ചത്. മദ്റസ അഹ്മദിയയിലെ പഠനം പൂർത്തിയായപ്പോൾ തന്നെ, മിടുക്കന്മാരായ ധാരാളം കുട്ടികൾ വേറെ ഉണ്ടായിട്ടും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ദീനീ സേവനത്തിനായി ആദ്യം അവനെയാണു തെരഞ്ഞെടുത്തത്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവനു ശഹാദത്തിന്റെ സ്ഥാനവും ലഭിച്ചു. ഞാൻ മരിച്ചാൽ ഏതാനും വർഷങ്ങൾക്കകം തന്നെ ഞാനും എന്റെ പേരും ജനഹൃദയങ്ങളിൽ നിന്നും അപ്രത്യക്ഷമാകും. എന്നെ ഓർക്കുന്നവരായി ആരും തന്നെ ഉണ്ടാവണമെന്നില്ല. എന്നാൽ അവന്റെ ശഹാദത്ത് കാരണം എന്റെ പേരും എന്നെന്നേക്കുമായി നിലനിൽക്കാൻ കാരണമായിരിക്കുകയാണ്. അതിനാൽ അവന്റെ വേർപാട് ഒരുതരത്തിൽ വലിയ ദുഃഖത്തിനും വ്യസനത്തിനും കാരണമായെങ്കിലും യഥാർഥത്തിൽ എനിക്കു അഭിമാനവും സന്തോഷവുമാണു അതു നൽകുന്നത്. ഉബൈദുല്ലാഹ് എന്റെ വളരെ അനുസരണമുള്ള മകനായിരുന്നു. മുപ്പത്തിരണ്ടു വർഷത്തിന്നിടയിൽ ഒരിക്കൽ പോലും അവൻ എന്നോടു അനുസരണക്കേടു കാണിച്ചിരുന്നില്ല. *(അൽ ഫസ്ൽ ഡിസംബർ 1923)*

ഹാഫിസ് സാഹിബ് മറ്റൊരവസരത്തിൽ പറയുകയാണ്: ഉബൈദുല്ലാഹ് ദീനീ സേവനത്തിനായി തന്നെ ജമാഅത്തിനു മുന്നിൽ സമർപ്പിച്ചതു പോലെ തന്നെ ആ പ്രതിജ്ഞ അവൻ ആത്മാർഥമായി നിർവഹിക്കുകയും ചെയ്തു. ജീവിതത്തിലൊരിക്കലും അവനെന്റെ ഇഷ്ടത്തിന്നെതിരിൽ പ്രവർത്തിച്ചിട്ടില്ല. മൊറേഷ്യസിൽ നിന്നും അവൻ അയക്കുന്ന കത്തുകളിൽ തബ്ലീഗ് പ്രവർത്തനങ്ങളും മതപരമായ കാര്യങ്ങളുമല്ലാതെ സ്വന്തം വിഷമങ്ങളെ കുറിച്ചൊ മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകളെ കുറിച്ചോ അവൻ ഒന്നും എഴുതാറേയില്ല. അവനെ ഇന്ത്യയിലേയ്ക്കു തിരികെ കൊണ്ടുവരാൻ ഞാനൊരിക്കലും ആഗ്രഹിച്ചിട്ടില്ല. മറിച്ച് ഹുദൂർ അവനെ എങ്ങനെയാണു ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത് അതു നടക്കട്ടെ എന്നാണു ഞാൻ കരുതിയത്. ഉബൈദുല്ലാഹ്ക്ക് ഒരു ആൺകുട്ടി ബശീറുദ്ദീൻ ജനിച്ചപ്പോൾ അവനെനിക്കെഴുതി. എത്രയോ തലമുറയായി നമ്മളുടെ കുടുംബത്തിൽ ഖുർആൻ മന:പ്പാഠമാക്കുന്ന ഒരു കീഴ്വഴക്കവും അനുഗ്രഹമുണ്ട്. അതിനാൽ ഞാൻ ആദ്യം മരിച്ചു പോവുകയാണെങ്കിൽ ഉപ്പ ബശീറുദ്ദീനെ ഹാഫിസ് ആക്കാൻ വേണ്ടതു ചെയ്യണം. ഇതേ കാര്യം ഞാൻ അവനു എഴുതിയിരുന്നു. ആ കത്തവിടെ കിട്ടുന്നതിനു മുമ്പാണെന്നു തോന്നുന്നു അതേ കാര്യം അവൻ എനിക്കെഴുതി. ഇനി ഇൻശാഅല്ലാഹ് അല്ലാഹു എനിക്കു ആയുസ് തരികയാണെങ്കിൽ അവന്റെ വസീയ്യത്ത് ഞാൻ പൂർത്തിയാക്കുന്നതായിരിക്കും. *(അൽ ഫസൽ ജനുവരി 1 1924)*

## ഉബൈദുല്ലാഹ് സാഹിബ് (റ)ന്റെ സ്വഭാവ വിശേഷണങ്ങൾ

മൊറേഷ്യസിലെ ആദ്യ കാല മുബല്ലിഗായ ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബ് (റ) മർഹൂം ഉബൈദുല്ലാഹ് സാഹിബിനെ അനുസ്മരിച്ചു കൊണ്ട് എഴുതുകയാണ്. എന്റെ ഓർമ ശരിയാണെങ്കിൽ ഉബൈദുല്ലാഹ് സാഹിബ് 1903 ലാണു ഖാദിയാനിൽ വന്നത്. അദ്ദേഹത്തിന്റെ പിതാവ് ഗുലാം റസൂൽ സാഹിബ് വസീറാബാദി ഖുർആൻ ഹാഫിസായിരുന്നു. ഈകാരണത്താൽ ഖാദിയാനിൽ ഇദ്ദേഹം ഹാഫിസ് ഉബൈദുല്ലാഹ് എന്ന പേരിലായിരുന്നു കൂടുതലായി അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം ഖുർആൻ വളരെ മനോഹരമായ രീതിയിലും ഈണത്തിലും തിലാവത്ത് ചെയ്യാറുണ്ടായിരുന്നു. മൊറേഷ്യസിലേയ്ക്കു വരുന്നതിനു മുമ്പ് അൽഫസ്ൽ പത്രത്തിൽ ജോലി ചെയ്തിട്ടുണ്ടായിരുന്നു. അതിനു ശേഷം പഞ്ചാബിൽ ചിലയിടങ്ങളിൽ മുബല്ലിഗായും ജോലി ചെയ്യുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടായി രുന്നു. വളരെ ആവേശത്തോടെ ആത്മാർഥമായി ദീനീ സേവനം ചെയ്യാറുള്ള ഒരു മുഖ്ലിസായ അഹ്മദി യുവാവായിരുന്നു അദ്ദേഹം. പരേതനു ഫ്രാൻസിൽ പോയി ജമാഅത്തിന്റെ സന്ദേശം വളരെ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കണമെന്ന അതിയായ മോഹമുണ്ടായിരുന്നു. എന്റെ ഭാര്യാമക്കൾ കൂടെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും തബ്ലീഗിന്നായി ഫ്രാൻസിലേയ്ക്കു പോകുമായിരുന്നുവെന്നു എന്നോടു അദ്ദേഹം പറയാറുണ്ടായിരുന്നു. ഒരി

ക്കൽ ഭാര്യയോടു പറഞ്ഞു നിങ്ങൾ ഇവിടെ എന്നോടൊപ്പം ഉള്ളതു കൊണ്ടാണു സ്വതന്ത്രമായി ഞാൻ ഉദ്ദേശിക്കുന്ന രീതിയിൽ ദീനീ സേവനം ചെയ്യുവാൻ സാധിക്കാത്തത്. അതിനാൽ സൂഫി സാഹിബ് ഭാര്യയേയും മക്കളേയും കൂട്ടി ഖാദിയാനിലേയ്ക്കു പോകുമ്പോൾ അവരോടൊപ്പം നീയും മക്കളേയും കൂട്ടി ഖാദിയാനിലേയ്ക്കു പോയ്ക്കൊള്ളൂ.

ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബ് ശഹീദിനെ അനുസ്മരിച്ചു പറയുകയാണു, ദീനീ സേവനത്തിനായി മുബല്ലിഗ്മാരെ അയക്കുമ്പോൾ അവരോടൊപ്പം അവരുടെ ഭാര്യാമക്കളേയും അയക്കാതിരിക്കുന്നതാണു ഉത്തമമെന്നും അവർ കൂടെയുണ്ടാകുന്നത് തബലീഗ് പ്രവർത്തനങ്ങൾക്കു തടസ്സമുണ്ടാക്കുമെന്നും ഒരിക്കൽ അമീറുൽ മുഅ്മിനീനു എഴുതിയതായി ഉബൈദുല്ലാഹ് സാഹിബ് എന്നോടു പറയുകയുണ്ടായി. അദ്ദേഹം മൊറേഷ്യസിൽ ആരംഭകാലം മുതൽ അവസാന നാൾ വരെ ഖുർആൻ മജീദ് ദറസ് നൽകാറുണ്ടായിരുന്നു. അദ്ദേഹം ധാരാളം ആൺകുട്ടികളേയും പെൺകുട്ടികളെയും ഖുർആൻ ഓതാൻ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. തന്റെ ഭാര്യയെ ഖുർആന്റെ തർജമ മുഴുവനായും പഠിപ്പിച്ചു. വളരെ പരിശുദ്ധനും മുത്ത്ഖിയുമായിരുന്ന അദ്ദേഹം ഇവിടെ മൊറേഷ്യസിൽ ഉണ്ടായിരുന്നപ്പോഴൊക്കെ റമസാൻ മാസത്തിൽ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു.

എല്ലാവരോടും വളരെ സന്തോഷത്തോടും ചിരിച്ചു കൊണ്ടുമായിരുന്നു അദ്ദേഹം ഇടപെട്ടിരുന്നത് ജമാഅത്തിന്റെ കാര്യത്തിൽ എപ്പോഴും അഭിമാനം കാത്തു സൂക്ഷിച്ചിരുന്നു. വളരെ കൂടുതലായി ദീനീ സേവനവും തബ്ലീഗും ചെയ്തിരുന്നു. ആ കാര്യത്തിൽ ഒരിക്കലും ആരെയും ഭയപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യ പറയുകയാണു ഞാൻ ഉബൈദുല്ലാഹ് സാഹിബിനെ പലപ്പോഴും എന്തോ കാരണത്താൽ ദു:ഖിതനായി കാണപ്പെട്ടിരുന്നു. ഒരിക്കൽ ഞാൻ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു എന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഇവിടെ ദീനീ സേവനത്തിനു വേണ്ടിയാണ് അയച്ചിരിക്കുന്നത്. പക്ഷേ, ഞാൻ ആഗ്രഹിക്കുന്നതു പോലെ ജമാഅത്തിന്റെ തബ്ലീഗ് പ്രവർത്തനങ്ങൾ നടക്കുന്നില്ല. ആ സ്ഥിതിക്കു ഞാൻ ഖാദിയാനിൽ ചെന്നാൽ എങ്ങനെ ഹുദൂറിനെ അഭിമുഖീകരിക്കും എന്ന ചിന്തയാണ് എനിക്കെപ്പോഴും. *(അൽ ഫസ്ൽ ജനുവരി 22 1924)*

## ജീവിതത്തിലെ അവസാന നിമിഷങ്ങൾ

ഹദ്റത്ത് മൗലവി സൂഫി ഗുലാം മുഹമ്മദ് സാഹിബ് പറയുകയാണു ആശുപത്രിയിലായിരുന്നപ്പോൾ അസുഖം വളരെയധികം മൂർഛിക്കുകയും ബലഹീനത കൂടുതലാവുകയും എല്ലാ പ്രതീക്ഷകളും അസ്തമിക്കുകയും ചെയ്തപ്പോൾ ഡോക്റ്റർമാർ ആ വിവരം ഞങ്ങളെ അറിയിക്കുകയും അദ്ദേഹത്തെ വീട്ടിലേയ്ക്കു കൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരുന്നു. അങ്ങനെ കാറിൽ മടങ്ങുന്ന അവസരത്തിൽ അദ്ദേഹം വഴിയിൽ

سَمِعَ اللّٰهُ لِمَنْ حَمِدَهٗ رَبَّنَا وَلَكَ الْحَمْدُ
التَّحِيَّات

മുതലായവ ചൊല്ലുന്നുണ്ടായിരുന്നു. വീട്ടിലെത്തിയ ശേഷം പിന്നീട് എന്നെ ഫോൺ ചെയ്തു ഉടനെ വീട്ടിൽ ചെല്ലാൻ ആവശ്യപ്പെട്ടു. ഞാൻ വീട്ടിൽ ചെന്നു കണ്ടപ്പോൾ എന്നോടു പറഞ്ഞു, ഞാൻ മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ(റ) യോടു വാങ്ങിച്ച ഒരു തുണ്ട് ഭൂമി മാത്രമാണ് എന്റെ കൈയിൽ ആകെയുള്ള സ്വത്ത്. ഞാൻ അതിന്റെ അഞ്ചിലൊരുഭാഗം ബഹിശ്തി മഖ്ബറയ്ക്കു വേണ്ടി വസിയ്യത്ത് ചെയ്യുന്നു. ആ അവസരത്തിൽ അവിടെ കൂടിയിരുന്നവരോടെല്ലാം അദ്ദേഹം ഹസ്തദാനം നടത്തുകയും അല്ലാഹുവിനെ എപ്പോഴും സ്തുതിക്കണമെന്നും അതിൽ സന്തോഷം കണ്ടെത്തണമെന്നും എല്ലാവരേയും ഉപദേശിക്കുകയുണ്ടായി. പിന്നീട് തന്റെ രണ്ടു ചെറിയ മക്കളെ വിളിച്ചു അടുത്തു നിർത്തി സ്നേഹപൂർവം അവരുടെ തലയിലും മുഖത്തും തടവുകയുണ്ടായി. ഡിസംബർ 4-ാം തിയ്യതി രാത്രി പത്തു മണിയോടടുത്ത് അദ്ദേഹത്തിന്റെ നെറ്റിയും മൂക്കും വിയർക്കുന്നതായി ഞാൻ കണ്ടു. മരണമടുത്താൽ മുഅ്മിന്റെ നെറ്റി കൂടുതലായി വിയർക്കുമെന്നു ഹദീസിൽ വന്നിട്ടുണ്ട്. ആ കാര്യം അപ്പോൾ അവിടെ സന്നിഹിതരായിരുന്ന നമ്മുടെ ചില സഹോദരന്മാരോടു ഞാൻ പറയുകയും ചെയ്തിരുന്നു. പത്തു മണി കഴിഞ്ഞു പത്തു മിനുട്ടായപ്പോൾ അദ്ദേഹം ദീർഘമായി ശ്വസിക്കാൻ തുടങ്ങിയപ്പോൾ അവിടെ നിന്നു പുരുഷന്മാരെ മാറ്റുകയും ഭാര്യ അദ്ദേഹത്തിന്റെ സമീപത്തേയ്ക്കു വരികയും ചെയ്തു. ഭാര്യയുടെ മുന്നിൽ അദ്ദേഹം അവസാനമായി മൂന്നു നാലു പ്രാവശ്യം ദീർഘമായി ശ്വസോഛ്വാസം ചെയ്യുകയുണ്ടായി. അതോടെ അദ്ദേഹം അല്ലാഹുവിങ്കലേയ്ക്കു യാത്രയായി. ഇന്നാലില്ലാഹി വയിന്നായിലൈഹി റാജിഊൻ.

## ഭാര്യയുടെ അസാധാരണമായ ധൈര്യവും ക്ഷമയും

ഹദ്റത്ത് മൗലവി സൂഫി സാഹിബ്(റ) എഴുതുകയാണ് രാത്രി തന്നെ കുളിപ്പിച്ച ശേഷം കഫൻ ചെയ്യുന്നതാണു നല്ലതെന്നു ഉബൈദുല്ലാഹ് സാഹിബിന്റെ ഭാര്യ അഭിപ്രായപ്പെട്ടതനുസരിച്ച് കുളിപ്പിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ അവർ എന്റെ ഭാര്യ മുഖേന എന്നെ ഒരു

കാര്യം അറിയിക്കുകയുണ്ടായി. ഹദ്റത്ത് മൗലവി ഉബൈദുല്ലാഹ് സാഹിബ് തന്റെ ജീവിത കാലത്തു ആരോഗ്യത്തോടെ ഇരിക്കുമ്പോൾ, ഭാര്യയോടു, ഞാനാണു ആദ്യം മരിക്കുന്നതെങ്കിൽ നീഎന്നെ കുളുപ്പിക്കണമെന്നും ഇനി നീയാണു എന്നെക്കാൾ നേരത്തെ മരിക്കുന്നതെങ്കിൽ ഞാൻ നിന്നെ കുളിപ്പിക്കുമെന്നും പറയാറുണ്ടായിരുന്നുവെന്നും അതുകൊണ്ട് മൗലവി സാഹിബിനെ ഞാൻ കുളിപ്പിക്കുന്നതാണെന്നു അവർ പറഞ്ഞു. താങ്കൾ എങ്ങനെ മൗലവി സാഹിബിനെ തനിച്ചു കുളിപ്പിക്കും എന്നു ഞാൻ ചോദിച്ചപ്പോൾ അവരെ കുളിപ്പിക്കാൻ അനുവദിക്കുകയില്ലെന്നു കരുതി അവർ കരയാൻ തുടങ്ങി. എന്നിട്ട് അവർ പറഞ്ഞു മൗലവി സാഹിബിന്റെ ഭാര്യ വെള്ളം ഒഴിച്ചാൽ മതി ഞാൻ കുളിപ്പിച്ചു കൊള്ളും. ഹദ്റത്ത് മൗലവി സൂഫി സാഹിബ് പറയുകയാണ് ഞാൻ ഇതേ കുറിച്ചു ചിലരോടൊക്കെ അഭിപ്രായം ചോദിച്ചു. അതിൽ കുഴപ്പമില്ലെന്നു എല്ലാവരും അഭിപ്രായപ്പെട്ടതനുസരിച്ച് അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. കുളിപ്പിക്കാനുള്ള സ്ഥലം നാലു ഭാഗവും മറക്കുകയും ഒരു വലിയ ബെഞ്ചിൽ മയ്യത്തു കിടത്തുകയും വെള്ളവും മറ്റു സാധനങ്ങളും അടുത്തു കൊണ്ടു വെക്കുകയും ചെയ്തു. പിന്നീട് മർഹൂമിന്റെ ഭാര്യ തന്നെ അദ്ദേഹത്തെ കുളിപ്പിക്കുകയും അവർ തന്നെ കഫൻ ചെയ്യുകയും ചെയ്തു. *(അൽഫസ്ൽ ദിനപത്രം ജനുവരി 22 1924)*

ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി തന്റെ മകന്റെ വിയോഗത്തിൽ അങ്ങേയറ്റം ക്ഷമ കൈകൊള്ളുകയും തന്റെ ഭാവി പരിപാടികൾക്കായി ദുആക്കപേക്ഷിക്കുകയും ചെയ്തതു നമ്മൾ കണ്ടതാണ്. എന്നാൽ പിന്നീടുള്ള സംഭവങ്ങളിലൂടെ അദ്ദേഹത്തെ അല്ലാഹു എങ്ങനെയാണു പിന്തുണച്ചതെന്നും സഹായിച്ചതെന്നും അദ്ദേഹത്തിന്റെ ആഗ്രഹങ്ങളും പദ്ധതികളും അല്ലാഹു എങ്ങനെയാണ് പൂർത്തിയാക്കിയതെന്നും നമുക്കു കാണുവാൻ സാധിക്കും. 1924 ൽ ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അനുവാദത്തോടെ മൊറേഷ്യസിലേയ്ക്കു യാത്ര തിരിച്ചു.

അവിടെ പരേതനായ തന്റെ മകന്റെ ഭാര്യയും രണ്ടു മക്കളുമുണ്ടല്ലോ? അവരെ കാണുകയും മകന്റെ ഖബർ സന്ദർശിക്കുകയും മാത്രമായിരുന്നില്ല ഉദ്ദേശ്യം. അവിടെ അദ്ദേഹം മൊറേഷ്യസിന്റെ പല പ്രദേശങ്ങളിലും തബ്‌ലീഗ് സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയുമുണ്ടായി. റമസാൻ മാസം മുഴുവനും അദ്ദേഹം തറാവിഹ് നമസ്ക്കരിപ്പിക്കുകയും ദർസുകൾ സംഘടിപ്പിക്കുകയും ചെയ്തു. അങ്ങനെ ഏതാനും മാസങ്ങൾ മൊറേഷ്യസിൽ തങ്ങിയ ശേഷം തന്റെ മകന്റെ ഭാര്യയേയും മക്കളേയും കൂട്ടി അദ്ദേഹം ഖാദിയാനിലേയ്ക്കു പുറപ്പെട്ടു. ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി ഖാദിയാനിൽ തന്റെ പൗത്രൻ ബശീറുദ്ദീൻ ഉബൈദുല്ലായുടെ പരിപാലനം വളരെ ശ്രദ്ധാപൂർവം നിർവഹിക്കാൻ തുടങ്ങി. ആദ്യം അവനു സ്ക്കൂൾ വിദ്യഭ്യാസം നൽകി. അതിനു ശേഷം മദ്റസ അഹ്മദിയായിൽ അവനെ പ്രവേശിപ്പിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പത്തിരുപത്തിയഞ്ചു വയസ്സാകുമ്പോഴേയ്ക്കും ബശീറുദ്ദീൻ ഉബൈദുല്ലാഹ് മദ്റസ അഹ്മദിയാ പഠനം പൂർത്തിയാക്കി മുബല്ലിഗ് ആയിത്തീർന്നു.

1949 ൽ മൊറേഷ്യസിലെ മൂന്നാമത്തെ മുബല്ലിഗായ മൗലവി ഹാഫിസ് ജമാൽ സാഹിബ് പെട്ടെന്നു മരണമടഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പ്രാദേശിക ജമാഅത്തിലെ മുഖ്‌ലിസായ അംഗം അസീം സുൽത്താൻ ഗോസ് സാഹിബിനെ താൽകാലിക അമീറായി നിശ്ചയിച്ചു. ആ വർഷം അദ്ദേഹം ജൽസ സാലാനയിൽ പങ്കെടുക്കാനായി അഹ്മദികളുടെ ഒരു സംഘത്തോടൊപ്പം റബ്‌വയിൽ പോയിട്ടുണ്ടായിരുന്നു. റബ്‌വയിൽ വെച്ച് ശഹീദ് മൗലവി ഉബൈദുല്ലാഹ് സാഹിബി(റ)ന്റെ മകൻ ബശീറുദ്ദീൻ ഉബൈദുല്ലാഹ് സാഹിബിനെ കണ്ടു മുട്ടി. ബശീറുദ്ദീൻ മൊറേഷ്യസിലായിരുന്നുവല്ലോ ജനിച്ചത്. അദ്ദേഹം മദ്റസ അഹ്മദിയായിൽ നിന്നും പഠനം പൂർത്തിയാക്കി ഇപ്പോൾ മുബല്ലിഗുമായിട്ടാണുള്ളത്. അസീം സുൽത്താൻ ഗോസ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കൽ ചെന്ന് മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാഹ്‌യെ മൊറേഷ്യസിലേയ്ക്കു മുബല്ലിഗായി അയക്കാൻ അപേക്ഷിച്ചു. കാരണം ആ സമയം മൊറേഷ്യസിൽ ഒരു മുബല്ലിഗിന്റെ അത്യാവശ്യമുണ്ടായിരുന്നു.

ആ അവസരത്തിൽ ശഹീദ് മൗലവി ഉബൈദുല്ലാഹ് സാഹിബിനെ എങ്ങനെയാണു താൻ മുബല്ലിഗായി മൊറേഷ്യസിലേയ്ക്കു അയച്ചതെന്നും പിന്നീട് ചെറിയ പ്രായത്തിൽ എങ്ങനെയാണ് അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹം തന്റെ ജീവൻ സമർപ്പിച്ചതെന്നും മറ്റുമുള്ള ആ പഴയ കാല സംഭവങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സ്മൃതിപഥത്തിലൂടെ മിന്നി മറഞ്ഞിരിക്കാം. ഇനി ആ ശഹീദിന്റെ മകനേയും അതേ വഴിയിൽ ദീനീ സേവനത്തിനായി അയക്കുന്നത് ഉചിതമായിരിക്കുമോ എന്നും മറ്റും ഹുദൂർ ചിന്തിച്ചിരിക്കാം. എന്നാൽ ദൂരെ ദിക്കിൽ നിന്നും ജൽസയ്ക്കു വന്നിട്ടുള്ള അതിഥികളായിട്ടുള്ള

ജമാഅത്തംഗങ്ങളുടെ അപേക്ഷ നിരസിക്കുന്നതും ഹുദൂറിനു പ്രയാസമായിരുന്നു. ഇവിടെ അല്ലാഹുവിന്റെ ഒരു തഖ്ദീർ അല്ലെങ്കിൽ ഒരു ദുആ പൂർത്തിയാകാനുണ്ടായിരുന്നു. ഞാനെന്റെ പൗത്രനെ മൊറേഷ്യസിൽ നിന്നു ഖാദിയാനിലേയ്ക്കു തിരികെ കൊണ്ടുവന്നു വിദ്യഭ്യാസം നൽകി മുബല്ലിഗാക്കി തിരിച്ചു എന്റെ മകൻ ശഹീദായ മൊറേഷ്യസിന്റെ ആ മണ്ണിലേയ്ക്കു അല്ലെങ്കിൽ അവന്റെ പിതാവിന്റെ ആഗ്രഹപ്രകാരം ദീനീ സേവനത്തിനായി അയക്കണമെന്നത് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാവബാദിയുടെ അകമഴിഞ്ഞ ദുആയായിരുന്നു. ആ ദുആ അല്ലാഹു സ്വീകരിച്ചിട്ടുണ്ടായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി[റ] മൊറേഷ്യസ് ജമാഅത്തംഗങ്ങളുടെ അപേക്ഷ സ്വീകരിച്ചു കൊണ്ട് പറഞ്ഞു മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാഹ് സാഹിബിനെ മൊറേഷ്യസിലേയ്ക്കു മുബല്ലിഗായി കൊണ്ടുപോകാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അദ്ദേഹത്തിനു അലൗവൻസായി മാസം മുന്നൂറ് രൂപ നൽകണം. ആ സമയം മൊറേഷ്യസിൽ മുബല്ലിഗീങ്ങൾക്കു തൊന്നൂറു രൂപയായിരുന്നു അലൗൺസ് നൽകിയിരുന്നത്. അതും ചിലപ്പോൾ കൃത്യസമയം ലഭിക്കാറുമുണ്ടായിരുന്നില്ല. ഹുദൂറിന്റെ ആ നിബന്ധന അവർ സ്വീകരിക്കുകയും മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാ സാഹിബ് ഖാദിയാനിൽ നിന്നും മൊറേഷ്യസിലേയ്ക്കു പുറപ്പെടുകയും ചെയ്തു. 1951 ജൂൺ 2-ാംതിയ്യതി അദ്ദേഹം അവിടെ എത്തി. എന്നാൽ മൊറേഷ്യസിലേയ്ക്കുള്ള അദ്ദേഹത്തിന്റെ വരവ് ജമാഅത്തിലെ പ്രവർത്തക സമിതിയിൽ തന്നെയുള്ള ധിക്കാരികളും താന്തോന്നികളുമായ ഏതാനും പേർക്കു വലിയ പരീക്ഷണത്തിനു കാരണമായി.

ഇക്കൂട്ടർ ജമാഅത്തിന്റെ ചന്ദയുടേയും ചിലവുകളുടേയും കണക്കുകൾ സ്വന്തം കൈയിൽ തന്നെ വെച്ചിരിക്കുകയായിരുന്നു. ജമാഅത്തിന്റെ ഭരണപരമായ ഈ സാമ്പത്തിക ഇടപാടുകളും കണക്കുകളും മറ്റുള്ളവരെ ഏൽപിക്കാൻ അവർ തയ്യാറുമായിരുന്നില്ല. ആ കണക്കുകളെല്ലാം അവരുടെ കയ്യിൽ തന്നെ സൂക്ഷിക്കണമെന്നാണു അവർ ശഠിച്ചുകൊണ്ടിരിക്കുന്നത്. മാത്രവുമല്ല ഹദ്റത്ത് അമീറുൽ മുഅ്മിനീൻ നിർദ്ദേശിച്ചതനുസരിച്ചു പുതുതായി എത്തിയിട്ടുള്ള മൗലവി സാഹിബിനു അലൗവൻസായി മുന്നൂറ് രൂപ കൊടുക്കാനും അവർ തയ്യാറല്ലായിരുന്നു. മെല്ലെ മെല്ലെ അവരുമായുള്ള ഭിന്നതയും അഭിപ്രായവ്യത്യാസങ്ങളും മൂർദ്ധന്യാവസ്ഥയിലായി. ആ ഇടയ്ക്കു ചന്ദയുടെ പണം മുഴുവനും ലാഹോർ കോളജിൽ പഠിക്കുന്ന മൊറേഷ്യസ് സ്വദേശിയായ ഒരു വിദ്യാർഥിയുടെ കൈയിൽ റബ്വയിലെ ജമാഅത്തിന്റെ ഓഫീസിലേയ്ക്കു കൊടുത്തയച്ചിട്ടുണ്ടെന്നു അവർ പറഞ്ഞുവെങ്കിലും അങ്ങനെ ഒരു പണം റബ്വയിൽ എത്തിയതുമില്ല. പിന്നീട് അവർ ഖലീഫത്തുൽ മസീഹിനെ തുറന്ന നിലയിൽ ധിക്കരിക്കാനും തുടങ്ങി. അതോടെ ഹുദൂർ ആ ഗ്രൂപ്പിന്നെതിരിൽ ശക്തമായ നടപടികൾ സ്വീകരിച്ചു. അതവരെ കൂടുതൽ പ്രകോപിതരാക്കി.

പള്ളിയോടു ചേർന്നുള്ള ഒരു ക്വാട്ടറിലായിരുന്നു മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാഹ് സാഹിബും കുടുംബവും താമസിച്ചിരുന്നത്. ഇക്കൂട്ടർ അവിടെ ചെന്നു അദ്ദേഹത്തേയും കുടുബത്തെയും അക്രമിക്കുകയും ചുറ്റുമതിൽ പൊളിക്കുകയും ചെയ്തു. എന്നിട്ടവർ ജമാഅത്തിന്റെ സ്വത്തുക്കളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. ഈ അവസരങ്ങളിലെല്ലാം തന്നെ അസീം സുൽത്താൻ ഗോസ് സാഹിബ് അടക്കമുള്ള ജമാഅത്തിന്റെ ഭൂരിപക്ഷം അംഗങ്ങളും പൂർണമായ അനുസരണം കാണിക്കുകയും മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാ സാഹിബിനു പൂർണ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നീട് നമസ്ക്കാരത്തിനും മൗലവി സാഹിബിന്റെ താമസത്തിനുമായി മറ്റൊരു സ്ഥലം കണ്ടെത്തുകയാണ് ചെയ്തത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] 1955 ൽ ഫലസ്ത്തീനിലെ മുബല്ലിഗായ മൗലാനാ ഫസ്ൽ ഇലാഹി ബശീർ സാഹിബിനെ മൊറേഷ്യസിലേയ്ക്കു അയക്കുകയും മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാഹ് സാഹിബിനെ ഫലസ്ത്തീനിലെ മുബല്ലിഗായി നിയമിക്കുകയും ചെയ്തു. മൗലാനാ ഫസ്ൽ ഇലാഹി ബശീർ സാഹിബ് മൊറേഷ്യസിലെത്തിയ ശേഷം വളരെ തന്ത്രപൂർവ്വം നിയമ നടപടികളിലൂടെ ജമാഅത്തിന്റെ മുഴുവൻ സ്വത്തുക്കളും തിരിച്ചു പിടിക്കുകയും മുനാഫിഖ് സംഘത്തിന്റെ ഫിത്നകളെ ഒരു പരിധി വരെ നിയന്ത്രിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൗലവി ബശീറുദ്ദീൻ ഉബൈദുല്ലാ സാഹിബിനു മൊറേഷ്യസിൽ നാലു വർഷം ദീനീ സേവനത്തിനുള്ള അവസരം ലഭിക്കുക യുണ്ടായി.

## സറായെ ഉബൈദുല്ലാഹ് ഖാദിയാൻ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ഈ കാലഘട്ടത്തിൽ മൊറേഷ്യസ് ജമാഅത്ത് ഹുദൂറിന്റെ അനുവാദത്തോടെ ഖാദിയാനിൽ ഒരു ഗസ്റ്റ് ഹൗസ് നിർമിക്കാനുള്ള പദ്ധതിയുമായി മുന്നോട്ടു വരികയും ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. 2005 ൽ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ജോലി പൂർത്തിയായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് 2005 ൽ ആദ്യമായി മൊറേഷ്യസ് സന്ദർശനത്തിനായി പോയിട്ടുണ്ടായിരുന്നുവല്ലോ? അവി

ടെ നിന്നാണു ഹുദൂർ ഖാദിയാനിലേയ്ക്കു വന്നത്. ആ അവസരത്തിൽ മൊറേഷ്യസ് ജമാഅത്തംഗങ്ങളുടെ അഭ്യർഥനമാനിച്ചു ഖാദിയാനിലെ മൊറേഷ്യസ് ഗസ്റ്റ് ഹൗസിന്റെ ഉൽഘാടനം ഹുദൂർ നിർവഹിക്കുകയും അതിനു സറായെ ഉബൈദുല്ലാഹ് (ഉബൈദുല്ലാഹ് അതിഥി മന്ദിരം) എന്നു നാമകരണം ചെയ്യുകയും ചെയ്തു. നൂറു വർഷങ്ങൾക്കു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്[അ] ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി[റ]ക്കു നൽകിയ വാക്കു അതായത് താങ്കളിൽ നിന്നും ശത്രുക്കൾ പിടിച്ചു വാങ്ങിയ വീടിനേക്കാൾ ഉത്തമമായത് അല്ലാഹു താങ്കൾക്കു നൽകുന്നതായിരിക്കും എന്നത് ഒരിക്കൽ കൂടി വളരെ ഉന്നതമായ നിലയിൽ മറ്റൊരു രീതിയിൽ പൂർത്തിയായി. ഇത്തരത്തിൽ ആ പിതാവും പുത്രനും ജമാഅത്തിനു നൽകിയ ത്യാഗങ്ങൾക്കു പകരമായി അതിമഹത്തായ പ്രതിഫലം ഈ ലോകത്തു തന്നെ അല്ലാഹു അവർക്കു നൽകുകയുണ്ടായി.

പേജ് 13 ൽ നിന്ന്

തൽ അപകടകരമായ വസ്തുത എന്താണെന്ന് വെച്ചാൽ ആ കുഴിയുടെ ചുറ്റുഭാഗത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. അത് പകരം ഒരു അടയാളമായി വെച്ചതായിരിക്കാം. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നു കൊണ്ട് മാത്രമാണ് ഞങ്ങൾ രക്ഷപ്പെട്ടത്. ഞാൻ എന്റെ കുടുംബവുമായി സഞ്ചരിക്കുകയായിരുന്നു. ഉടൻ തന്നെ ബ്രേയ്ക്ക് ചവിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഗുരുതരമായ ഒരു അപകടത്തിൽ പതിക്കുമായിരുന്നു. അടുത്ത ദിവസം തന്നെ ഞങ്ങൾ കേട്ടത് അതേ കുഴിയിൽ ഒരു ജർമ്മൻ ടൂറിസ്റ്റ് അദ്ദേഹത്തിന്റെ മെർസിഡസ് ഓടിച്ചു പോവുമ്പോൾ വീഴുകയുണ്ടായി എന്നാണ്. ഭാഗ്യത്തിന്ന് ഗുരുതരമായ പരിക്കുകകളൊന്നുമുണ്ടായില്ല.

മറ്റൊരു സംഭവം ഞാൻ പാകിസ്താനിലെ ശേഖ്പുരാ – ഗുജ്റൻവാലാ റോഡിൽ സഞ്ചരിക്കുമ്പോൾ നടന്നതാണ്. ഈ സംഭവത്തിൽ റോഡ് കിളച്ചിട്ടിരിക്കുന്നു. എന്നാൽ മണ്ണും കോൺക്രീറ്റും സ്ഥലത്ത് നിന്നും മാറ്റിയിട്ടില്ല. ഞാൻ ഇരുട്ടിൽ യാത്രചെയ്യുകയായിരുന്നു. റോഡിലെ മൺകൂനയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. കൃത്യ സമയത്ത് തന്നെ ബ്രേക്ക് നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചു. ആ അപകടം പിടിച്ച സ്ഥലത്ത് നിന്നും ഏതാനും അടി അകലെ എന്റെ കാർ നിർത്തുവാൻ എനിക്ക് സാധിച്ചു. ഇവിടെയും ഡ്രൈവർമാർക്ക് അപകടത്തിന്റെ മുന്നറിയിപ്പ് നൽകുന്ന യാതൊരു മുന്നറിയിപ്പുമില്ലായിരുന്നു. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കുറച്ച് അടുത്ത് നിന്ന് രംഗം വീക്ഷിച്ചു. ആ ഭീകരരംഗം അപ്പോഴാണ് ഞങ്ങൾ കണ്ടത്. കുഴിയെടുത്ത സ്ഥലം വളരെ വലുതായിരുന്നു. ഒരു ബസ്സ് മുഴുവനും അതിൽ വീണു കിടക്കുന്നുണ്ടായിരുന്നു. ബസ്സിന്റെ അവശിഷ്ടങ്ങൾ അവിടെ കാണാമായിരുന്നു. ദിനേന സംഭവിക്കുന്ന ഇത്തരം അപകടങ്ങളിൽ നിന്നുമുള്ള രണ്ട് സംഭവങ്ങളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

ജനങ്ങളിൽ നിന്നും നീതി പ്രാഥമിക രൂപത്തിൽ തന്നെ തടയപ്പെടുമ്പോൾ അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കാമെന്ന് ഇത് കൊണ്ട് തന്നെ സ്ഥാപിക്കാനാവും. അത്തരം സമൂഹങ്ങളിൽ മറ്റു മൗലികാവകാശങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നമുക്ക് സങ്കൽപ്പിക്കാനാവും. അതായത് ആ സന്ദേശത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ മുസ്‌ലിം സമൂഹം നീതിയുടെ മുന്നറിയിപ്പുകൾ അത് ഏറ്റവും താഴ്ന്ന വിതാനത്തിലായാൽ പോലും അവഗണിക്കാൻ പാടില്ല എന്നാണ്.

പേജ് 21 ൽ നിന്ന്


ലക്ഷ്യം കൂടി അതിനുണ്ട്. 2016 ൽ മാർച്ച് 9 ന് ഡൊണാൾഡ് ട്രംപ് സി എൻ എന്നിലെ ആൻഡേഴ്സ് കൂപ്പറുമായി നടത്തിയ അഭിമുഖത്തിൽ 'ഇസ്‌ലാം ഞങ്ങളെ വെറുക്കുന്നതായി മനസ്സിലാക്കുന്നു'എന്നും ' തീവ്രവാദികളായ മുസ്‌ലിംകളെയും മിതവാദികളായ മുസ്‌ലിംകളെയും തിരിച്ചറിയാൻ പ്രയാസമാണ്'എന്നിങ്ങനെയുള്ള പ്രസ്താവനകൾ രൂക്ഷമായ പ്രതികരണങ്ങളാണ് മുസ്‌ലിംകളിൽ നിന്നും ഉണ്ടാക്കിയത്. ട്രംപിന്റെ ഒന്നാം പ്രസിഡൻസിയിൽ (2017–2021) ഇറാൻ , ഇറാഖ്, ലിബിയ, സോമാലിയ സുഡാൻ, സിറിയ, യെമൻ മുതലായ ഏഴ് മുസ്‌ലിം രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാരെ അമേരിക്കയിൽ കടക്കുന്നത് ട്രംപ് നിരോധിക്കുകയുണ്ടായി. സിറിയൻ അഭയാർത്ഥികൾ അമേരിക്കയിൽ കടക്കുന്നത് അനിശ്ചിതമായി നിരോധിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ കാരണം ടെറോറിസ്റ്റുകൾ അമേരിക്കയിൽ കടക്കുന്നത് തടയാനാണ് ഈ നിരോധനം എന്നാണ്. പല മുസ്‌ലിം രാജ്യങ്ങളിലും വിസ നിയന്ത്രണങ്ങളുണ്ട്. 2025 ൽ ട്രംപ് അധികാരമേറ്റ ശേഷം 43 രാജ്യങ്ങൾക്ക് ട്രാവൽ ബാൻ ഏർപ്പെടുത്താനുള്ള എക്സികുട്ടീവ് ഓർഡർ തയ്യാറായി വരുന്നു എന്ന റിപ്പോർട്ടുണ്ട്,

ഏതായാലും അമേരിക്ക, ക്രിസ്ത്യൻ ഇവാൻഞ്ചലിക്കലിസത്തിന്റെയും യഹൂദ സയണിസത്തിന്റെയും പിടിയിലമരുമ്പോഴും വിവര സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ അമേരിക്കൻ യുവത ഒരു വശത്ത് സത്യവും നീതിയും വിവേചിച്ച് മനസ്സിലാക്കി വരികയാണ്. കോളേജിലും യൂണിവേഴ്സിറ്റികളിലും സാംസ്ക്കാരികവേദികളിലും തെരുവുകളിലും അത് പ്രകടമാണ് ഖുർആൻ പറയുന്നു: *'പറയുക, സത്യം വന്നു, അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാവുകതന്നെ ചെയ്യും.'* (സൂറ: ബനീ ഇസ്‌റായീൽ 17: 81)

# ഇസ്‌ലാമിനെ സ്നേഹിച്ച ടോൾസ്റ്റോയ്

**വിശ്വപ്രശസ്തനായ ലിയോ ടോൾസ്റ്റോയ് ഇസ്‌ലാമിനെ സ്നേഹിക്കുകയും മുഹമ്മദ് നബി(സ)യെ ആദരിക്കുകയും ചെയ്ത ചിന്തകനും ധർമനിഷ്ഠയുള്ള ആദർശശാലിയുമായിരുന്നു. അഹ്മദിയ്യാ സാഹിത്യങ്ങൾ അദ്ദേഹത്തെ അഗാധമായി സ്വാധീനിക്കുകയുണ്ടായി.**

ബശാറത്ത് അഹ്മദ് ബശീർ



മഹാനായ ഒരു റഷ്യൻ ചിന്തകനും നോവലിസ്റ്റുമായിരുന്നു കൗണ്ട് ലിയോ ടോൾസ്റ്റോയ്(1828-1910) റഷ്യക്കാരെ മാത്രമല്ല ലോകം മുഴുക്കെയുള്ള അക്ഷര പ്രേമികളെ അദ്ദേഹത്തിന്റെ രചനകൾ സ്വാധീനിച്ചു. കുലീനമായ ഒരു റഷ്യൻ പട്ടാളക്കാരനായി പൊതുജീവിതമാരംഭിച്ച അദ്ദേഹം അക്കാലത്ത് തന്നെ രചനകളും ആരംഭിച്ചു.

## കുട്ടിക്കാലം

ചെറുപ്രായത്തിൽ തന്നെ ടോൾസ്റ്റോയിക്ക് മാതാപിതാക്കൾ നഷ്ടപ്പെട്ടിരുന്നു. ഏകാന്തതയിൽ കൊച്ചു ടോൾസ്റ്റോയിയുടെ മനസ്സ് കൂടുതൽ ഏകാഗ്രവും സംവേദനക്ഷമതയുള്ളതുമായി മാറി. അദ്ദേഹം പൊതുവെ ഗൗരവസ്വഭാവിയും വിഷാദഭാവക്കാരനുമായിരുന്നു. അധികം കൂട്ടുകെട്ടില്ലാത്ത ലിയോ, എകാന്ത പ്രേമിയായിരുന്നു. മരണം മനുഷ്യനെ ആക്രമിക്കാൻ ഏതോ മൂലയിൽ പതിയിരിക്കുന്നു എന്ന ചിന്ത അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. അതുകൊണ്ട് ജീവിതം പരമാവധി ആസ്വദിക്കാനുള്ള ഉദ്യമങ്ങളിൽ അദ്ദേഹം മുഴുകി, 'കുട്ടിക്കാലം'(Childhood) എന്ന തന്റെ പുസ്തകത്തിൽ ഈ ചിന്ത അദ്ദേഹത്തിന്റെ ജീവിതത്തെ ആ വഴിക്ക് മാറ്റുകയുണ്ടായി എന്ന് എഴുതിയിട്ടുണ്ട്.

## വിദ്യാഭ്യാസം

1837 ൽ ടോൾസ്റ്റോയിയുടെ പിതാവ് മരിച്ചപ്പോൾ അദ്ദേഹം ഖസാനിലേക്ക് താമസം മാറ്റി അവിടെ അദ്ദേഹം തന്റെ അമ്മായിയുടെ സംരക്ഷണയിലാണ് വളർന്നത് വളരെ പ്രതിഭാശാലിയായ ഒരു റഷ്യക്കാരിയായിരുന്ന അവർ. ഉന്നതമായ സംസ്കാരവും അത്യുദാരമായ ആതിഥ്യമര്യാദയും പാലിച്ചിരുന്ന ആ സ്ത്രീ അതീവ ധിഷണാശാലിയുമായിരുന്നു ഏതൊരു വിഷയത്തെക്കുറിച്ചും ആരുമായും സംസാരിക്കാനും ചർച്ച ചെയ്യാനും തന്റെ വീടിന്റെ വാതിലുകൾ എപ്പോഴും അവർ മലർക്കേ തുറന്നിട്ടിരുന്നു. ധാർമ്മിക വിഷയങ്ങളിൽ ഉദാരവീക്ഷണം പുലർത്തിയിരുന്ന അവരുടെ സാമൂഹിക ജീവിത ശൈലി ടോൾസ്റ്റോയിയുടെ ഭാവിജീവിതത്തെ സാരമായി സ്വാധീനിച്ചു.

## മുസ്‌ലിം സംസ്‌കാരം

ഖസാനിലെ താമസത്തിനിടയിൽ മുസ്‌ലിം സംസ്‌കാരങ്ങളുമായി ഇടപഴകാനും കിഴക്കൻ ജനതകളുടെ ജീവിതം അടുത്തു നിന്ന് കാണാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. മുസ്‌ലിം ജീവിതരീതി ടോൾസ്റ്റോയിയെ ഹഠാദാകർഷിക്കുകയുണ്ടായി. സംതൃപ്തിയിലും സത്യസന്ധതയിലും ഭക്തിയിലും അധിഷ്‌ഠിതമായിരുന്നു അവിടെയുള്ള മുസ്‌ലിംകളുടെ ജീവിതരീതി. ഖസാനിലെ താമസത്തിനിടയിലെ ഓർമ്മകൾ അദ്ദേഹം തന്റെ രചനകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ മദ്ധ്യേഷ്യ സാറിന്റെ അധീനതയിലായിരുന്നു. അറബി തുർക്കി എന്നീ ഭാഷകൾക്കൊപ്പം അവരുടെ ദേശീയതയും സംസ്ക്കാരവും അവിടെ തഴച്ചു വളർന്നു. ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ അവരുടെ മതപരമായ മാർഗ്ഗദർശനങ്ങൾക്കായി നോക്കിയിരുന്നത് റഷ്യയിലെ മദ്ധ്യേഷ്യയിൽ നിന്നുള്ള വരെയായിരുന്നു. ഇമാം ബുഖാരി, ഇമാം തിർമിതി, ഇമാം ഖാഫൽ, ഇമാം റാസി, ഇബ്നുസീന എന്നീ വിഖ്യാത പണ്ഡിതന്മാരെല്ലാം ഈ പ്രദേശത്ത് നിന്നുള്ളവരാണ്. സാഹിത്യം, തത്ത്വശാസ്ത്രം മുസ്‌ലിം നിയമശാസ്ത്രം മുതലായ അവരുടെ ദൈനംദിന ജീവിതത്തിൽ ഗൃഹസദസ്സുകളിൽവെച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളായിരുന്നു.

രാഷ്ട്രീയമായി മധ്യേഷ്യയിലെ മുസ്‌ലീംകൾ സാറിന്റെ ഭരണത്തിന് കീഴിലാണെങ്കിലും ചിന്താപരായി അവർ സ്വതന്ത്രരായിരുന്നു. അവർ തങ്ങളുടെ സംസ്കാരം കാത്തുസൂക്ഷിക്കുകയും മതം ആചരിച്ചുപോരുകയും ചെയ്തു. സാർ ഭരണകൂടം മുസ്‌ലിം സംസ്കാരത്തെ അതിന്റെ മൂലതന്തുവിൽനിന്നു തന്നെ നശിപ്പിക്കാനുള്ള ഗൂഢശ്രമങ്ങൾ നടത്തിയിരുന്നു. ഉദാഹരണത്തിന്, അറബി ലിപികൾക്ക് പകരം റോമൻ ലിപികൾ ഉപയോഗിക്കുക എന്നതായിരുന്നു അതിലൊന്ന്. അതുവഴി അവരുടെ സംസ്ക്കാരത്തെ നശിപ്പിക്കാമെന്ന് അവർ കണക്കാക്കി. ഈ ഗൂഢനീക്കം പ്രാവർത്തികമാക്കാനാരംഭിച്ചപ്പോൾ മുസ്‌ലിംകൾ സർവ്വവിധേനയും അതിനെ എതിർത്തു. അറബിഭാഷയോടുള്ള മുസ്‌ലിംകളുടെ സ്നേഹം അത്രമാത്രം ഗാഢമായിരുന്നു. റഷ്യയിലെ (1917) കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് ശേഷം ഈ നീക്കങ്ങൾ സോവ്യയറ്റ് ഭരണകൂടവും തുടർന്നുകൊണ്ടുപോകുകയുണ്ടായി.

കമ്മ്യൂണിസ്റ്റുകാർ റോമൻ ലിപികൾക്ക് പകരം റഷ്യൻ ലിപികളാണ് നടപ്പിലാക്കിയത്. ഈ ഭാഷാപരിഷ്കരണത്തെ കിഴക്കിന്റെ മഹാവിപ്ലവം എന്നാണ് ലെനിൻ വിശേഷിപ്പിച്ചത്. റഷ്യൻ മുസ്‌ലിംകൾക്ക് ഇസ്‌ലാമിനോടുള്ള അഗാധമായ കൂറ് റഷ്യൻ സംസ്ക്കാരത്തിന് ഒരു പാട് സംഭാവനകളും പുരോഗതിയും നൽകിയിട്ടുണ്ട്. ഖസാൻ യൂണിവേഴ്സിറ്റിയിൽ ടോൾസ്റ്റോയ് പ്രവേശനത്തിന് ശ്രമിച്ചതിൽനിന്ന് മുസ്‌ലിം സംസ്കാരവും വിജ്ഞാനവും റഷ്യയിൽ എത്രമാത്രം ആദരിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാം. ടോൾസ്റ്റോയ് തുർക്കിയിലും അറബിയിലും ഈ രണ്ട് ഭാഷകളിലും അദ്ദേഹം പരിജ്ഞാനം നേടുകയുണ്ടായി. അനാരോഗ്യം കാരണം 1862 ൽ അദ്ദേഹം പഠനം മതിയാക്കി ചികിത്സാർത്ഥം തുറസ്സായ ഒരു ക്യാമ്പിൽ താമസം ആരംഭിച്ചു. ബദൂവിയൻ താർത്താരികളുടെയും ബാഷ്കീർ ഗോത്രക്കാരുടെയും കൂടെയാണ് അദ്ദേഹം ജീവിച്ചത്. അവിടെ അദ്ദേഹം കുതിരയുടെ പാലും പാൽക്കട്ടിയും കഴിച്ച് ആരോഗ്യം വീണ്ടെടുത്തു.

## സാമൂഹിക പരിഷ്ക്കരണം

ടോൾസ്റ്റോയ് അടിസ്ഥാനപരമായി ഒരെഴുത്തുകാരനായിരുന്നു. അതേസമയം അദ്ദേഹം സദ്ഗുണസമ്പന്നനായ ഒരു സാമൂഹിക പരിഷ്കർത്താവും കൂടിയായിരുന്നു. ധീരത സത്യസന്ധത, സാമൂഹിക ക്ഷേമത്തിനുള്ള അഭിവാഞ്ഛ ഈ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. സാധാരണക്കാരോട് ടോൾസ്റ്റോയി അഗാധമായ സ്നേഹം പുലർത്തി. അദ്ദേഹത്തിലെ ഈ വിധ മനുഷ്യനന്മകൾ നിന്ദിതരും മൂകരുമായ പാവപ്പെട്ട റഷ്യൻ കർഷകരുടെ അഭിവൃദ്ധിക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെക്കാൻ പ്രേരണ നൽകി.

1860 വരെ റഷ്യയിൽ കർഷകത്തൊഴിലാളികൾ അടിമകൾക്ക് തുല്യരായി ജീവിച്ചിരുന്നു. നിയമപരമായി അവർക്ക് യാതൊരു സംരക്ഷണവും ഉണ്ടായിരുന്നില്ല. ഭൂവുടമകൾക്ക് കർഷകരുടെ മേൽ എന്തും പ്രവർത്തിക്കാനുള്ള അധികാരവും ഉണ്ടായിരുന്നു കർഷകരുടെ മോചനത്തിനു വേണ്ടിയുള്ള ഏതൊരു ശ്രമവും പ്രഭുത്ത്വത്തിനെതിരെയുള്ള നിലപാടായി കണക്കാക്കി കർഷകരുടെ ജീവിത പരിഷ്കരണ സംബന്ധിയായ പ്രവർത്തനങ്ങളെ ഭൂപ്രഭുക്കന്മാർ എതിർക്കുമായിരുന്നു. ഇതൊന്നും തന്നെ ടോൾസ്റ്റോയിയെ തളർത്തിയില്ല. നിരാലംബരും അടിമകളുമായ കർഷകരുടെ മോചനത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നു പോന്നു. ഒടുവിൽ സാർ ചക്രവർത്തി കർഷകരുടെ അടിമ മോചനത്തിനായുള്ള പ്രഖ്യാപനം നടത്തുന്നത് വരെ ടോൾസ്റ്റോയ് കർഷകർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി. ദീർഘകാലമായി പീഢിതരും മർദ്ദിതരുമായിരുന്ന കർഷകർ മോചിതരായപ്പോൾ അവർക്കിടയിൽ ടോൾസ്റ്റോയിയുടെ പ്രശസ്തി വളരെയേറെ വർദ്ധിച്ചു. അവർ അദ്ദേ

ഹത്തെ നായകനും വിമോചകനു മായിക്കണ്ടു. കർഷക ലക്ഷങ്ങൾ അദ്ദേഹത്തിന് വേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്നു. കർഷ കരുടെ മോചനം എന്ന ടോൾസ്റ്റോ യിയുടെ ദീർഘകാല ആഗ്രഹം സാഫല്യത്തിലെത്തും മുമ്പേ മുമ്പേ സാറിന്റെ ദുർഭരണത്തിനെതിരെ അദ്ദേഹം ആഞ്ഞടിച്ചു. അദ്ദേഹം സ്വന്തം നിലയിൽ നടത്തിയ കർ ഷക പരിഷ്കരണ സംരംഭങ്ങളെ ഗവൺമെന്റ് ഒരിക്കലും പ്രോത്സാ ഹിപ്പിച്ചില്ല. എങ്കിലും കർഷകർക്കി ടയിൽ അദ്ദേഹത്തിനുള്ള വമ്പിച്ച സ്വാധീനം കാരണം ടോൾസ്റ്റോയി യെ തൊടാൻ റഷ്യൻ ഭരണകൂടം ഭയപ്പെട്ടു.

ടോൾസ്റ്റോയിയോടുള്ള സാർ ചക്രവർത്തിയുടെ വിപ്രതിപത്തി പലതവണ അദ്ദേഹം പ്രകടിപ്പിച്ചി ട്ടുണ്ട്. റഷ്യയിലെ 'പൈശാചിക ബുദ്ധിജീവി' (Evil genius) ആണ് ടോൾസ്റ്റോയ് എന്നാണ് സാർ ചക്രവർത്തി ഒരിക്കൽ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

## ക്രിസ്തുമതത്തോടുള്ള സമീപനം

റഷ്യയിലെ ഓർത്തോഡോക്സ് സഭയായിരുന്നു കർഷകരുടെ പീ ഡനത്തിനു പിന്നിൽ പ്രവർത്തിച്ച ത്. സാർ ചക്രവർത്തി ആയിരുന്നു റഷ്യൻ ചർച്ചിന്റെ രക്ഷാധികാരി. അന്നത്തെ സാർ നിക്കോളസ് രണ്ടാ മൻ മുസ്ലിംകളോട് ഒരുതരം പക യും വിദ്വേഷവും വെച്ചുപുലർത്തി യിരുന്ന വ്യക്തിയായിരുന്നു. കോൺ സ്റ്റാന്റിനോപ്പിൾ തുർക്കി ഖിലാഫ ത്തിന്റെ ആസ്ഥാനം പിടിച്ചടക്കാനും മുസ്ലിം ആധിപത്യത്തെ തകർക്കാ നും അയാൾ ആഗ്രഹിച്ചു. കോൺ സ്റ്റാന്റിനോപ്പിളിനെ സംബന്ധിച്ച എന്റെ ദീർഘകാലത്തെ അഭിലാ ഷങ്ങളൊന്നും പൂവണിഞ്ഞില്ല എന്ന് തന്റെ സൈനിക ജനറലിനോട് അദ്ദേഹം പലപ്പോഴും പരാതി പറ ഞ്ഞിരുന്നു. അതായത് സെൻറ് സോഫിയ മോസ്കിന്റെ മേലുള്ള ചന്ദ്ര ക്കലയുള്ള പച്ച പതാക താഴ്ത്തി കുരിശു നാട്ടണം എന്നായിരുന്നു ആഗ്രഹം.

ഈ ദുരുദ്ദേശ്യത്തോടെയായിരു ന്നു യൂറോപ്യൻ യുദ്ധത്തിൽ റഷ്യ പക്ഷം ചേർന്നത്. പക്ഷേ സർ നിക്കോളസിന്റെ ഹൃദയത്തിൽ നീറി പ്പുകഞ്ഞുകൊണ്ടിരുന്ന ഈ ആഗ്ര ഹം ഒരിക്കലും സാക്ഷാത്ക്കരിക്കപ്പെ ട്ടില്ല. അതിന് മുമ്പ് സാർ ചക്രവർത്തി നിന്ദ്യമായും അതിക്രൂരമായും കൊ ല്ലപ്പെടുകയാണുണ്ടായത്.

വാദ്ഗത്ത മസീഹ് ഹസ്റത്ത് അഹ്മദ്[അ] സാറിന്റെ ഈ നിന്ദ്യ മായ പതനത്തെപ്പറ്റി ഇപ്രകാരം ദീർഘദർശനം ചെയ്തിട്ടുണ്ട്.

'ആ സമയത്ത് സാറിന്റെ നില ഏറെ പരിതാപകരമായിരിക്കും'

സാറിന്റെ മർദ്ദക ഭരണത്തെ ടോൾ സ്റ്റോയി തുറന്നെതിർത്തിട്ടുണ്ട്. അക്കാരണത്താൽ 1901-ൽ അദ്ദേ ഹത്തെ ക്രിസ്ത്യൻ സഭയിൽനിന്നു പുറത്താക്കി. മതപരിത്യാഗിയും വേദവിരുദ്ധനുമായി സഭകണക്കാ ക്കി. ടോൾസ്റ്റോയിയെക്കാൾ ധീരത കുറഞ്ഞ ഒരാൾക്ക് അക്കാലത്തെ റഷ്യയിൽ പരീക്ഷണങ്ങളെ അതി ജീവിക്കാൻ കഴിയുകയില്ലായിരുന്നു.

കേവലം പതിനാറ് വയസ്സിൽ തന്നെ ടോൾസ്റ്റോയ് ക്രിസ്തുമതം ഉപേക്ഷിച്ചിരുന്നു. ബൈബിൾ ഒരു വെളിപാട് പുസ്തകമായി അദ്ദേഹം കണക്കാക്കിയില്ല ക്രിസ്തുവിന് യാതൊരു ദിവ്യത്വവും അദ്ദേഹം കൽപ്പിച്ചില്ല. പാപപരിഹാര സിദ്ധാ ന്തത്തിലോ ത്രിത്വത്തിലോ ഉയിർ ത്തെഴുന്നേൽപ്പിലോ അദ്ദേഹം വി ശ്വസിച്ചില്ല. യേശു കാണിച്ച അത്ഭു തങ്ങളെല്ലാം വെറും കുട്ടികഥകളാ ണെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

## ഇസ്‌ലാമിനോടുള്ള പ്രേമം

ചെറുപ്പം മുതലേ അദ്ദേഹത്തിന് പരിചിതമായിരുന്ന ക്രിസ്തുമത സിദ്ധാന്തങ്ങളെ അദ്ദേഹം വെറു ത്തു. ബുദ്ധമതം അദ്ദേഹത്തെ ആ കർഷിച്ചില്ല. കാരണം അതിലെ സത്യ ത്തിന്റെ അംശം പര്യാപ്ത മായി രുന്നില്ല. അതദ്ദേഹത്തെ തൃപ്ത നാക്കിയില്ല. ഇസ്‌ലാമിൽ അദ്ദേഹം സജീവമായ ഒരു ജീവിതധാര കണ്ടെ ത്തുകയുണ്ടായി. അത് അദ്ദേഹത്തി ന്റെ ദാഹിക്കുന്ന ആത്മാവിന് ശമനം വരുത്തുകയും ചെയ്തു. അദ്ദേഹം ഇസ്‌ലാമിനെ അങ്ങേയറ്റം ബഹു മാനിച്ചിരുന്നു.

ഒരിക്കൽ ഖസാനിൽ വെച്ച് ഒരു ക്രിസ്ത്യൻ പാതിരി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി[സ]യെ പ്പറ്റി നിന്ദ്യമായ രീതിയിൽ സം സാരിക്കുകയുണ്ടായി. ടോൾസ്റ്റോ യിക്കത് സഹിക്കാനായില്ല. ഇത് സാധാരണക്കാരായ ജനങ്ങളിൽ മുഹമ്മദ് നബി[സ]യെപ്പറ്റി തെറ്റി ദ്ധാരണ പരത്തുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അദ്ദേഹം ക്രിസ്ത്യൻ പാ തിരിയെ വെല്ലുവിളിക്കുകയും അദ്ദേ ഹത്തിന്റെ ദുഷ്ടലാക്ക് തുറന്ന് കാട്ടുകയും ചെയ്തു.

വിശുദ്ധ പ്രവാചകന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ടോൾസ്റ്റോയ് ഒരു ലഘുപുസ്തകം Wisdom of Prophet (പ്രവാചകന്റെ വിവേകം) എന്ന പേരിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ അറബി വിവർത്തനം 1924 കയ്റോവിൽ നിന്നു പ്രസിദ്ധീകരി ക്കപ്പെട്ടിട്ടുണ്ട്. പ്രവാചകന്റെ ജീവ ചരിത്രവും അൻപത്തിനാല് ഹദീ സുകളും (പ്രവാചക വചനങ്ങൾ) അതിൽ അടങ്ങിയിരിക്കുന്നു. ആ പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതി: 'ഇസ്‌ലാമിന്റെ ന്യായപ്രമാണം (ശരീഅത്ത്) സമു ന്നതമായ വിധി വിലക്കുകളുടേ യും ഉറച്ച ധാർമ്മികതയുടെയും സാക്ഷാൽക്കാരമാണ്. അത് മനു ഷ്യനെ സന്തുലിതമായ മധ്യമാർഗ്ഗം സ്വീകരിക്കാൻ പ്രാപ്തനാക്കുന്നു. ഇസ്‌ലാം ക്രിസ്തുമതത്തേക്കാൾ എത്രയോ മേന്മനിറഞ്ഞതാണ് '

'മുഹമ്മദ് നബി[സ] മഹാനായ

ആത്മീയ പരിഷ്കർത്താവായിരുന്നു. അജ്ഞാനികളായ ജനതയെ അദ്ദേഹം ബിംബാരാധനയിൽ നിന്നും അനാചാരങ്ങളിൽനിന്നും തടയുകയുണ്ടായി. അദ്ദേഹം അവർക്ക് ഏകദൈവത്തെ ആരാധിക്കുന്ന വിശിഷ്ടമായ അദ്ധ്യാപനങ്ങൾ നൽകി. അദ്ദേഹം ജനങ്ങളിൽ സ്വാതന്ത്ര്യത്തെയും സാഹോദര്യത്തെയും കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു. രക്തച്ചൊരിച്ചിലും അക്രമണവും നിരോധിച്ചു. ഈ ലോകത്ത് മഹോന്നതമായ ഒരു പരിഷ്കർത്താവിന്റെ ദൗത്യവുമായാണ് മുഹമ്മദ് നബി[സ] വന്നത്. ഒരു മനുഷ്യനും ഇന്നുവരെ പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലാത്തയത്ര മഹത്വത്തിന്റേയും ഔന്നത്യത്തിന്റേയും ഉടമയായിരുന്നു അദ്ദേഹം.

## ടോൾസ്റ്റോയിയും അഹ്മദിയ്യത്തും

ടോൾസ്റ്റോയിയുടെ ജീവചരിത്രം പരിശോധിക്കുമ്പോൾ അദ്ദേഹം അഹ്മദിയ്യാ സാഹിത്യവുമായി പരിചയപ്പെടുകയും അഹ്മദിയ്യത്തിനെക്കുറിച്ച് പഠിക്കുകയും ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാം. അഹ്മദിയ്യാ സാഹിത്യങ്ങൾ അദ്ദേഹത്തെ പ്രചോദിപ്പിച്ചിട്ടുണ്ട്. എന്ന കാര്യം സ്പഷ്ടമാണ്. മുസ്‌ലിം ഭൂരിപക്ഷ വിശ്വാസത്തിനെതിരായി യേശുക്രിസ്തു മരിച്ചുപോയി എന്ന് അദ്ദേഹം വിശ്വസിച്ചു. ദൈവത്തിന്റെ അസ്തിത്വം, പരലോകജീവിതം, തിന്മയിൽ നിന്നുള്ള മോചനം, പ്രാർത്ഥനയുടെ ഫലങ്ങൾ, എന്നീ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അഹ്മദിയ്യാ സാഹിത്യങ്ങളിൽ പ്രതിപാദിക്കപ്പെട്ടത് തന്നെയായിരുന്നു. പ്രത്യേകിച്ച് 'റിവ്യൂ ഓഫ് റിലീജ്യൻസ്' എന്ന പ്രസിദ്ധീകരണത്തിലെ ലേഖനങ്ങൾ. 1903ൽ ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് സാഹിബ് (അഹ്മദിയ്യാ ജമാഅത്തിന്റെ മിഷനറി) അദ്ദേഹത്തിന് വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ്[അ]ന്റെ ഒരു ഫോട്ടോയും യേശുവിന്റെ കശ്മീരിലുള്ള കല്ലറയുടെ ചില ഫോട്ടോകളുമടക്കം പ്രബോധനാത്മകമായ ഒരു കത്ത് അയക്കുകയുണ്ടായി. കൂടെ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ഒരു കോപ്പിയും അടക്കം ചെയ്തിരുന്നു. നസ്രേത്തിലെ യേശു മരിച്ചുപോയെന്നും അദ്ദേഹത്തിന്റെ ഖബർ ഇന്ത്യയിലെ ശ്രീനഗറിനടുത്താണെന്നും കത്തിൽ എഴുതിയിരുന്നു. ദീർഘകാലമായി കാത്തിരിക്കുന്ന മസീഹിന്റെ അവതരണം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയിൽ[അ] പൂർത്തിയായെന്നും അദ്ദേഹത്തിന് ദൈവിക വെളിപാടുകൾ ലഭിക്കുന്നുവെന്നും അദ്ദേഹം ദൈവത്തിന്റെ ഒരു ദൂതനാണെന്നും വിശദീകരിച്ചിരുന്നു. ഹദ്റത്ത് മുഫ്തി സാഹിബ്, ഹദ്റത്ത് അഹ്മദ്[അ] ദൈവത്തിൽ യാതൊരു വിധ പങ്കുകാരനില്ലെന്നും ദൈവം ഏകനാണെന്നുമുള്ള വാദത്തിന്റെ ശക്തനായ വക്താവാണെന്നും അദ്ദേഹം എഴുതി.

അഹ്മദിയ്യാ സാഹിത്യങ്ങളും എഴുത്തും ലഭിച്ച ടോൾസ്റ്റോയ് ഇപ്രകാരം മറുപടി എഴുതി;

പ്രിയപ്പെട്ട മുഫ്തി മുഹമ്മദ് സാദിക്ക്, താങ്കളയച്ച കത്തും ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ ഫോട്ടോയും റിവ്യൂ ഓഫ് റിലീജ്യൻസും കിട്ടി യേശുവിന്റെ മരണം തെളിയിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ ഖബർ തിരയുക എന്നത് നിഷ്പ്രയോജനകരമാണ്. കാരണം ബുദ്ധിയുള്ള ഒരു മനുഷ്യനും യേശു ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കാനാവില്ല. നമുക്ക് ഇന്ന് ആവശ്യം യുക്തിഭദ്രമായ മതാദ്ധ്യാപനങ്ങളാണ്. ഹദ്റത്ത് മിർസാഗുലാം അഹ്മദിന് പുതുതായി എന്തെങ്കിലും നൽകാനുണ്ടെങ്കിൽ ഞാൻ അതിൽ നിന്നു ഫലമെടുക്കുന്നതിൽ അതീവ സന്തുഷ്ടനായിരിക്കും. റിവ്യൂ ഓഫ് റിലീജ്യൻസിലെ രണ്ട് ലേഖനങ്ങളും എന്നെ വളരെയേറെ ആകർഷിക്കുകയുണ്ടായി. 'തിന്മയിൽനിന്നുള്ള മോചനവും, മരണാനന്തര ജീവിതവും' ആണവ. ഗഹന സത്യങ്ങളിലധിലധിഷ്ഠിതമായ മഹത്വമേറിയ ആശയങ്ങൾ അവ ഉൾക്കൊള്ളുന്നു. മാഗസിനും കത്തും അയച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. ആത്മാർത്ഥതയോടെ


ഒപ്പ്
ടോൾസ്റ്റോയ്
ജൂൺ 5, 1903

താമസിയാതെ ടോൾസ്റ്റോയ് അഹ്മദിയ്യാ സാഹിത്യങ്ങളുമായി പരിചയപ്പെട്ടു. അദ്ദേഹം അതിൽ ആകൃഷ്ടനാവുകയുണ്ടായി അതിന്റെ ഫലങ്ങൾ അദ്ദേഹത്തിന്റെ പിൽക്കാല രചനകളിൽ ദൃശ്യമാണ്. വാഗ്ദത്ത മസീഹ്[അ] ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ഇപ്രകാരം പറഞ്ഞു:

'പരലോകത്തെ സംബന്ധിച്ച നമ്മുടെ ബോധം നിശ്ചയജ്ഞാനാവസ്ഥ പ്രാപിക്കുന്നത് നമുക്കുതന്നെ നേരിട്ട് ദൈവബോധനം ലഭിക്കുകയും നാം അവന്റെ സ്പഷ്ടമായ ശബ്ദം ശ്രവിക്കുകയും അവന്റെ ദിവ്യമായ വെളിപാട് ദർശിക്കുകയും ചെയ്യുമ്പോഴാകുന്നു'.

'സത്യസ്വരൂപനും സർവ്വസമ്പൂർണ്ണനും സർവ്വജ്ഞനും സജീവനുമായ ദൈവത്തെ സംബന്ധിച്ച വെറും പുരാവൃത്തങ്ങളെ അടിസ്ഥാനമാക്കിയുള്ള മിഥ്യാവിശ്വാസം കൊണ്ട് നമുക്ക് തൃപ്തിപ്പെടാമോ? അതോ ദൈവത്തെക്കുറിച്ച് ഇതുവരെ അപൂർണവും ന്യൂനവുമായ ഒരു ബോധമല്ലാതെ മറ്റൊന്നും പ്രദാനം ചെയ്യാൻ കഴിയാത്ത യുക്തിപരമായ അന്വേഷണത്തിൽ നാം സന്തുഷ്ടപ്പെടുകയോ വേണ്ടത്.'

മേൽകൊടുത്ത ആശയ സാരം ടോൾസ്റ്റോയ് തന്റെ രചനകളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക അദ്ദേഹത്തിന്റെ




വാക്കുകൾ ഉദ്ധരിച്ചത് ഇങ്ങനെയാണ്. 'ദൈവത്തെ അന്വേഷിക്കുക എന്നത് യുക്തിയുടെ പ്രവർത്തനമല്ല. അതൊരു അനുഭൂതിയാണ്.'

ആത്മാവിന് മരണത്തിന് ശേഷം എന്ത് സംഭവിക്കുന്നു എന്നതിനെക്കുറിച്ച് വാഗ്ദത്ത മസീഹ്(അ) ഇപ്രകാരം എഴുതി.

'മരണാന്തര സ്ഥിതി എന്നത് കേവലം നൂതനമായ ഒരവസ്ഥയല്ല. അത് യഥാർത്ഥത്തിൽ ഐഹിക ജീവിതത്തിലെ നമ്മുടെ ആത്മീയ അവസ്ഥയുടെ സമ്പൂർണവും സ്പഷ്ടവുമായ ഒരു പ്രതിഫലനമാണ്' 'താത്ത്വികമായി ശരീരം ആത്മാവുമായി നിത്യബന്ധിതമാണ്. എന്നാൽ നശ്വരശരീരം ആത്മാവിൽ നിന്നും വേർപെടുന്നതാണ്.'

ഈ വിഷയത്തിൽ ട്രോൾസ്റ്റോയിയുടെ അഭിപ്രായം. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ് 'ശരീരത്തിന്റെ നാശത്തോടെ ജീവൻ നിലക്കുന്നു. എന്നാൽ ദൈവികമായ ആത്മാവ് നിലനിൽക്കുന്നു. അതു കൊണ്ട് മരണം എന്നാൽ സമ്പൂർണ്ണ നാശമല്ല. അത് ആത്മാവിന്റെ വിമോചനമാണ്. മരണം എന്നത് നവ്യമായ ഒരു അവസ്ഥയിലേക്കുള്ള രൂപാന്തരമാണ്. ആത്മീയ സത്തിന്റെ മറ്റൊരവസ്ഥയിലുള്ള പ്രകാശനം'

ടോൾസ്റ്റോയി ജീവിതത്തിലൂടനീളം സൃഷ്ടിപ്പിന്റെ പൊരുളിനെക്കുറിച്ചും മനുഷ്യസൃഷ്ടിയുടെ ലക്ഷ്യത്തെക്കുറിച്ചുമുള്ള അഗാധ ചിന്തയിൽ മുഴുകിയിരുന്നു. വാഗ്ദത്ത മസീഹിന്റെ ഇസ്‌ലാം മതതത്ത്വജ്ഞാനം (The philosophy of the teachings of Islam) എന്ന ഗ്രന്ഥം അദ്ദേഹത്തെ യഥാർത്ഥത്തിൽ സ്വാധീനിച്ചിരുന്നു എന്നതിന് ശക്തമായ തെളിവുകളുണ്ട്. ഈ പുസ്തകത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗങ്ങളെക്കുറിച്ചും സമഗ്രവും വിശദവുമായ വിവരണങ്ങളുണ്ട്.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക വരച്ചുകാട്ടിയ ടോൾസ്റ്റോയിയുടെ ചിത്രം ഇങ്ങനെയായിരുന്നു.

'ജീവിതത്തിന്റെ പ്രഹേളിക നിർദ്ധാരണം ചെയ്യാൻ പറ്റിയ ഒരു സിദ്ധാന്തവും തന്റെ പക്കലില്ല എന്ന ചിന്തയാൽ അദ്ദേഹം അസ്വസ്ഥനും അസന്തുഷ്ടനുമായിരുന്നു. ചിലപ്പോൾ അദ്ദേഹം ഞാൻ എന്തിനാണ് ജീവിക്കുന്നത്? ഞാൻ എങ്ങനെയാണ് ജീവിക്കേണ്ടത് എന്നിങ്ങനെ ആത്മഗതം ചെയ്യാറുണ്ടായിരുന്നു.'

അല്ലാഹു അയക്കുന്ന പ്രവാചകൻമാർ ഈ ലോകത്ത് പ്രത്യക്ഷപ്പെടുമ്പോൾ അത് ആത്മീയതയുടെ പ്രസരണ കാലമായിരിക്കും. ആ സന്ദർഭത്തിൽ ചില ആളുകളുടെ ഹൃദയങ്ങളിൽ പ്രചോദനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഗുപ്തമായ അവരുടെ ആത്മീയമായ കഴിവുകൾ ഉണരുന്നു. ക്രിസ്തീയ പുരോഹിതൻമാരുമായി ഇസ്‌ലാമിനുവേണ്ടി പടപൊരുതിയ ടോൾസ്റ്റോയ് അത്തരത്തിലുള്ള കഴിവുകൾ കൊണ്ടനുഗൃഹീതനും വാഗ്ദത്ത മസീഹിന്റെ സമകാലികനുമായിരുന്ന ഒരു മഹാനായിരുന്നു.

**റഷ്യയും അഹ്മദിയ്യത്തും**

വാഗ്ദത്ത മസീഹിന്റെ(അ) റഷ്യയെ സംബന്ധിച്ചുള്ള ഒരു സ്വപ്നം:

'അതേ രാത്രി ഞാനൊരു സ്വപ്നം കണ്ടു. റഷ്യൻ ചക്രവർത്തി സാറിന്റെ ചെങ്കോൽ ഞാൻ കയ്യിൽ പിടിച്ചിരിക്കുന്നു. ആവശ്യമുള്ളപ്പോൾ പ്രയോഗിക്കാൻ അതിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു തോക്കിൻ കുഴൽ ഉണ്ട്. അതിനു ശേഷം അക്കാലത്ത് ഭരിച്ചിരുന്ന ബൂഅലിസീന (ഇബ്നു സീന)യുടെ വില്ല് എന്റെ കൈയിൽ ഉള്ളതായി കണ്ടു. ഞാൻ ഒരു കടുവക്ക് നേരെ ഒരു അമ്പെയ്തു. അപ്പോൾ ബൂഅലി സീനയും രാജാവും എന്റെ കൂടെ പ്രത്യക്ഷനായി.' (തദ്കിറ പേജ്. 265).

ഹദ്റത്ത് അഹ്മദി(അ)ന്റെ മറ്റൊരു ദർശനം ഇങ്ങനെയാണ്. 'റഷ്യ യിൽ എന്റെ ജമാഅത്തിലെ അംഗങ്ങൾ എണ്ണമില്ലാത്ത മണൽത്തരികൾ പോലെ ആവും.'

**ഉപസംഹാരം**

1910 നവം. 7ന് ലിയോടോൾസ്റ്റോയ് അന്തരിച്ചു. മുസ്‌ലിം ലോകം ആകമാനം ആ മഹാന്റെ വേർപാടിൽ ശോകമൂകമായി. ഈജിപ്തിലെ കവി അഹ്മദ് ബിൻ ശൗക്ക്, ആഫിസ് ഇബ്രാഹിം എന്നിവർ ടോൾസ്റ്റോയിയുടെ വേർപാടിൽ വിലാപ കാവ്യങ്ങൾ രചിച്ചു. ചില വരികൾ ഇപ്രകാരമായിരുന്നു.

'ഓ, ടോൾസ്റ്റോയ് അങ്ങ് ജ്ഞാനത്തിന്റെ മുദ്രയായിരുന്നു.

ഗതിയറ്റവർ തീവ്രനോവിനാൽ കണ്ണീരണിഞ്ഞു.

ആലംബഹീനരുടെ സ്നേഹിതാ അങ്ങ് കൺമറഞ്ഞല്ലോ!


അശരണർക്ക് അതുപോലൊരു തോഴൻ ദിനവും വരാറില്ല.' (അഹ്മദ് ശൗക്ക്)

'അങ്ങ് ദുർബലരുടെ കൂട്ടുകാരനായിരുന്നു. ഞാനോ വെറുമൊരു അബലൻ. എന്റെ ജീവിതത്തിൽ എന്നെ സഹായിക്കാനിനിയാരാണ്?' (ഇബ്റാഹിം ആഫിസ്)

# ദിവംഗതനായ ഫ്രാൻസിസ് മാർപ്പാപ്പ




**അ**നീതിയും അക്രമവും കൊണ്ട് സംഘർഷഭരിതമായ ലോകത്ത് സ്നേഹവും ശാന്തിയും തനിക്ക് ബോദ്ധ്യമായ സത്യവും നിർഭയമായി പറഞ്ഞ അപൂർവ്വം വ്യക്തികളിലൊരാളായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പ. തന്റെ വേർപാടിന്റെ തലേന്ന് നൽകിയ ഈസ്റ്റർ ദിന സന്ദേശത്തിൽ പോലും ഗസ്സയിലെ അക്രമത്തെയും വെടി നിർത്തലിനെയും കുറിച്ച് സംസരിച്ച ധീരനും മനുഷ്യ സ്നേഹിയുമായ ഫ്രാൻസിസ് മാർപ്പാപ്പ ലോകനേതാക്കന്മാരിൽ വ്യത്യസ്തനായി നിൽക്കുന്നു.



**പോപ്പിനൊപ്പം അഹ്മദി മിഷണറിമാരായ ഇമാം മർവാൻ ഗിൽ, ഇമാം അതാവുൽ വാസിഅ് താരിഖ്**

1272 വർഷങ്ങൾക്ക് ശേഷം യൂറോപ്പിന് പുറത്ത് നിന്നും മാർപ്പാപ്പയായി എത്തുന്ന ലാറ്റിൻ അമേരിക്കക്കാരനായ ആളാണ് ഫ്രാൻസിസ് മാർപാപ്പ. അർജന്റീനയിലെ ബ്യൂണഴ്സ് അയേസിൽ ജനിച്ച ജോർജ്ജ് മാരിയോ ബെർഗോഗ്ലിയോ എന്നാണ് അദ്ദേഹത്തിന്റെ യഥാർത്ഥ നാമം. അദ്ദേഹം 2013 ലാണ് മാർപാപ്പയായി ചുമതലയേൽക്കുന്നത്. പോപ്പ് ബെനഡിക്റ്റ് പോപ്പ് സ്ഥാനം രാജിവെച്ച് ഒഴിവിലേക്കാണ് അദ്ദേഹത്തെ തിരഞ്ഞെടുത്തത്. അദ്ദേഹത്തിന്റെ പേപ്പൽ നാമമാണ് ഫ്രാൻസിസ്. 12-ാം നൂറ്റാണ്ടിൽ ദാരിദ്ര്യവും എളിമയും സ്വയം വരിച്ച ഫ്രാൻസിസ്കൻ സന്യാസ സഭയുടെ സ്ഥാപകനായ ഫ്രാൻസിസിന്റെ നാമമാണ് അദ്ദേഹം പേപ്പൽ നാമമായി സ്വീകരിച്ചത്. അതിൽ നിന്നു തന്നെ എളിമയോടും ദരിദ്രരോടുമുള്ള അദ്ദേഹത്തിന്റെ ഏകീഭാവം വ്യക്തമാണ്. ഫ്രാൻസിസ് പോപ്പിനു മുമ്പുണ്ടായിരുന്ന വത്തിക്കാനിലെ അത്യാഡംബര അരമനകളിലുള്ള ജീവിതം ഒഴിവാക്കി അതിഥി മന്ദിരത്തിലെ ചെറിയ മുറികളിലാ

യിരുന്നു അദ്ദേഹം താമസിച്ചിരുന്നത്.

ലോക രാഷ്ട്രീയത്തെ പറ്റി ഉറച്ച നിലപാടുകളുള്ള പോപ്പായിരുന്നു ഫ്രാൻസിസ് പാപ്പ. സമാധാനം എപ്പോഴും തുറന്ന ചർച്ചകളിലൂടെ മാത്രമെ സാദ്ധ്യമാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. കഴിഞ്ഞ ഡിസംബറിൽ ഇസ്റായേൽ വത്തിക്കാൻ അംബാസഡർ ആർച്ച് ബിഷപ്പ് അഡോൾഫോ ടിറ്റോയല്ലാനയെ വിളിച്ചുവരുത്തി ഫലസ്തീനികൾക്കെതിരായ ഇസ്റാഈലിന്റെ ക്രൂരതകളെ ശക്തമായി വിമർശിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. ഗസ്സയിൽ ഉടൻ വെടിനിർത്തൽ കരാറുണ്ടാക്കണമെന്നും കുട്ടികളെ കൊല്ലുന്നതും അവരോടുള്ള ക്രുരതയും അവസാനിപ്പിക്കണമെന്നും ഫലസ്തീനികളുടെ ഹുമാനിറ്റേറിയൻ എയ്ഡ് പുനസ്ഥാപിക്കണമെന്നും, ഇസ്റയേലിന്റെ വയലൻസ് അവസാനിപ്പിക്കണമെന്നും പലതവണ പോപ്പ് പറയുകയുണ്ടായി. ഹമാസിനോട് ബന്ദികളെ മോചിപ്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. മരിക്കുന്നതിന് തലേനാൾ അവസാനത്തെ ഈസ്റ്റർ കൂദാശ നടത്താൻ അനാരോഗ്യം കാരണം ഡോക്ടർമാർ അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും അദ്ദേഹം നൽകിയ ഈസ്റ്റർ സന്ദേശത്തിൽ ഗസ്സയിൽ സമാധാനത്തിന് വേണ്ടിയായിരുന്നു വാദിച്ചത്. ഇടത് അനുകൂല നിലപാട് കാരണം വത്തിക്കാനിലെ കമ്മ്യൂണിസ്റ്റ് എന്നാണ് അദ്ദേഹത്തെ തീവ്ര വലത് പക്ഷ വിമർശകന്മാർ വിശേഷിപ്പിച്ചത്. ഫ്രാൻസിസ് മാർപ്പാപ്പയുടെ നിര്യാണത്തിൽ അനുശോചിച്ച് എക്സിൽ പങ്കുവെച്ച സന്ദേശം ഇസ്റയേൽ വിദേശകാര്യ വകുപ്പ് പിൻവലിക്കുകയുണ്ടായി. ഇസ്റയേൽ പ്രധാന മന്ത്രി നെതന്യാഹു ഇത്വരെ പാപ്പയുടെ നിര്യാണത്തിൽ അനുശോചിച്ചിട്ടില്ല എന്നതു ശ്രദ്ധേയമാണ്. റഷ്യ ഉക്രൈയ്ൻ യുദ്ധത്തിന് വിരാമമിടാൻ നിരന്തരം അദ്ദേഹം ശ്രമിച്ചു. കഴിഞ്ഞ വർഷം ഉക്രയ്ൻ സമാധാനത്തിന്നായി വെള്ളക്കൊടി വീശാൻ ധൈര്യം കാട്ടണമെന്ന അദ്ദേഹത്തിന്റെ പ്രസ്താവനക്കെതിരെ ഉക്രയ്ന്റെ ഭാഗത്ത് നിന്നും രൂക്ഷമായ വിമർശനമാണ് ഉണ്ടായത്. നാറ്റോയുടെ കിഴക്കോട്ടേക്കുള്ള വികസനം റഷ്യയുടെ പ്രകോപനം ക്ഷണിച്ചു വരുത്തും എന്ന അദ്ദേഹത്തിന്റെ അഭിപ്രായവും വിവാദപരമായിരുന്നു. റഷ്യ ഉക്രയ്ൻ സമാധാന ശ്രമങ്ങൾക്ക് മദ്ധ്യസ്ഥം വഹിക്കാൻ വത്തിക്കാൻ ഒരു ദൂതനെ അയക്കാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്യുകയുണ്ടായി. റഷ്യക്കെതിരെ മൗനം പാലിക്കുന്നതും ജോൺ പോൾ രണ്ടാമൻ പോപ്പിനെ പോലെ റഷ്യക്ക് എതിരായ നിലപാട് സ്വീകരിക്കാത്തതും ഫ്രാൻസിസ് പോപ്പിനെ പലരും വിമർശിച്ചിരുന്നു. ഏതായാലും ലോക സമാധാനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ തീർച്ചയായും ലോകം നന്ദിപൂർവ്വം സ്മരിക്കും.

ട്രംമ്പിന്റെ തലതിരിഞ്ഞതും മനുഷ്യത്വവിരുദ്ധവുമായ നയങ്ങൾക്കെതിരെ പ്രത്യക്ഷവും പരോക്ഷവുമായ വിമർശനങ്ങൾ ഫ്രാൻസിസ് പാപ്പാ നടത്തി. അമേരിക്ക മെക്സിക്കോ അതിർത്തിയിൽ മതിലുകെട്ടിയതും അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും വിമാനത്തിൽ ചങ്ങലകളിൽ ബന്ധിച്ച് കയറ്റി അയച്ചതിനെയും സിറിയൻ അഭയാർത്ഥികൾക്ക് അഭയം നിഷേധിച്ച യൂറോപ്യൻ രാജ്യങ്ങളെയും പാർട്ടികളുടെ നിലപാടിനെയും വിമർശിക്കാൻ ധീരത കാട്ടിയ മാർപ്പാപ്പയായിരുന്നു അദ്ദേഹം. മതിലുകളല്ല പരസ്പര പാലങ്ങളാണ് പണിയേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

ആധുനിക ലോകം പുരോഗമനം മാനവീയം എന്നൊക്കെവിശേഷിപ്പിക്കുന്ന എല്ലാറ്റിനേയും പിന്തുണക്കുന്ന നിലപാടുള്ള ആളായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പ. അതിൽ ചിലത് പാരമ്പര്യ മത നിലപാടുകൾക്ക് എതിരുപോലുമായിരുന്നു. ലൈംഗിക ന്യൂനപക്ഷങ്ങളോടും സ്വവർഗ്ഗരതിക്കാരോടും പ്രകടിപ്പിച്ച സമീപനവും അനുഭാവവും വിവാദപരമായിരുന്നു. സഭക്കകത്ത് ബാലപീഢനവും ലൈംഗിക പീഢനവും നടത്തിയ പുരോഹിതരോട് യാതൊരുവിധ വിട്ടുവീഴ്ച്ചയും കാണിക്കാത്ത സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. ഇതിനുദാഹരണമായിരുന്നു വാഷിംങ്ടൺ ആർച്ച് ബിഷപ്പായിരുന്ന കർദ്ദിനാൾ തിയോഡാർ മക്കാരിക്കിനെതിരായ നടപടികൾ. വ്യാപകമായ ലൈംഗികാരോപണങ്ങൾക്ക് വിധേയമായ അദ്ദേഹത്തെ എല്ലാ വൈദിക ചുമതകളിൽ നിന്നും നീക്കി. അവസാനം ബിഷപ്പ് മക്കാരിക്ക് രാജിവെച്ച് പോവേണ്ടിവന്നു. ലൈംഗികാരോപണങ്ങളുടെ പേരിൽ രാജിവെക്കേണ്ടിവന്ന ആദ്യത്തെ ബിഷപ്പായിരുന്നു കർദ്ദിനാൾ തിയോഡോർ. ലൈംഗികാരോപണങ്ങൾ സഭയിൽ ഇല്ലാത്തത് കൊണ്ടല്ല. ആരോപണങ്ങൾ സഭയിൽ സുലഭമായിരുന്നു. പക്ഷേ വേട്ടക്കാർക്കെതിരെ നടപടി എടുക്കാൻ ആരും മുതിരാറുണ്ടായിരുന്നില്ല.

2013 ൽ രാജിവെച്ച് സ്ഥാനമൊഴിഞ്ഞ പോപ്പ് ബെനഡിക്റ്റ് 14-ാം നൂറ്റാണ്ടിലെ ഒരു ചക്രവർത്തിയെ ഉദ്ദരിച്ച് കൊണ്ട് റസൂൽ തിരുമേനി(സ)ക്കെതിരെ നടത്തിയ വിമർശനം ലോകം മുഴുവനുമുള്ള പല മുസ്ലിം രാഷ്ട്ര നേതക്കന്മാരുടെയും പണ്ഡിതന്മാരുടെയും പ്രതിഷേധവും വിമർശനവും വിളിച്ചു വരുത്തിയിരുന്നു. അതിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് പ്രവാചകനോടും മുസ്ലിം കളോടും പോപ്പ് ഫ്രാൻസിസ് മാർപ്പാപ്പ സ്വീകരിച്ചത്. എല്ലാ ഈസ്റ്റർ ആഘോഷങ്ങളിലും വിശ്വാസികളുടെ പാദം കഴുകൽ ചടങ്ങിൽ മുസ്ലികളുടെ പാദം കഴുകാനും അദ്ദേഹം പ്രത്യേ

കം ശ്രദ്ധിച്ചിരുന്നു. സ്വീഡനിലെ ഒരു മതഭ്രാന്തൻ ഖുർആൻ കത്തിച്ചപ്പോൾ' 'ഈ പ്രവർത്തനങ്ങളിൽ എനിക്ക് ദേഷ്യവും വെറുപ്പും തോന്നുന്നു. ഒരുമതത്തിന്റെ അനുയായികൾ വിശുദ്ധമായി കണക്കാക്കുന്ന ഏതൊരു പുസ്തകവും അതിന്റെ വിശ്വാസികളോടുള്ള ബഹുമാനത്താൽ ബഹുമാനിക്കപ്പെടണം, അഭിപ്രായ സ്വാതന്ത്ര്യം ഒരിക്കലും മറ്റുള്ളവരെ വെറുക്കാനുള്ള ഒരു അവസരമായി ഉപയോഗിക്കരുത്, ഇത് അനുവദിക്കരുത്. അത്തരം പ്രവർത്തിയെ നിരസിക്കുകയും അപലപിക്കുകയും വേണം. എന്നായിരുന്നു പോപ്പ് ഫ്രാൻസിസിന്റെ പ്രതികരണം.

പോളണ്ട് സന്ദർശന വേളയിൽ ഫ്രാൻസിസ് മാർപ്പാപ്പ ചെയ്ത ഒരു ഉജ്ജ്വലമായ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി. 'ഇസ്ലാമിക അക്രമത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. കാരണം എല്ലാ ദിവസവും ഞാൻ പത്രങ്ങൾ തുറക്കുമ്പോൾ ഇവിടെ ഇറ്റലിയിൽ അക്രമ സംഭവങ്ങൾ കാണുന്നു: ആരെങ്കിലും കാമുകിയെ കൊല്ലുന്നു. മറ്റൊരാൾ അമ്മായിയമ്മയെ കൊല്ലുന്നു...ഈ അക്രമാസക്തരായ ആളുകൾ സ്നാപന മേറ്റ കത്തോലിക്കരാണ്! അവർ അക്രമാസക്തരായ കത്തോലിക്കരാണ്... ഞാൻ ഇസ്ലാമിക അക്രമത്തെക്കുറിച്ച് സംസാരിക്കുകയാണെങ്കിൽ, എനിക്ക് കത്തോലിക്കാ അക്രമത്തെക്കുറിച്ചും സംസാരിക്കേണ്ടിവരും. എല്ലാ മുസ്ലിംകളും അക്രമികളല്ല, എല്ലാ കത്തോലിക്കരും അക്രമികളല്ല. ഇത് ഒരു ഫ്രൂട്ട്കേക്ക് പോലെയാണ്, എല്ലാം അൽപ്പം ഉണ്ട് ഈ മതങ്ങളിൽ അക്രമാസക്തരായ ആളുകളുണ്ട്. ഒരു കാര്യം ശരിയാണ്. മിക്കവാറും എല്ലാ മതങ്ങളിലും എല്ലായ്പ്പോഴും ഒരു ചെറിയ മൗലികവാദഗ്രൂപ്പുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. മൗലികവാദി. നമുക്ക് സ്വന്തമായി ചില മൗലികവാദികളുണ്ട്. മൗലികവാദം കൊല്ലുന്ന



**രാജിവെച്ച ആഗ്ലിക്കൻ കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വിൽബി**

ഘട്ടത്തിലെത്തുമ്പോൾ-ഒരാൾക്ക് നാവുകൊണ്ട് ചെയ്യാം (ഇവ അപ്പോസ്തലനായ യാക്കോബിന്റെ വാക്കുകളാണ്, എന്റേതല്ല) അതുപോലെ കത്തി ഉപയോഗിച്ചും കൊല്ലാം. ഇസ്ലാമിനെ അക്രമവുമായി തിരിച്ചറിയുന്നത് ശരിയല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അത് ഒരിക്കലും ശരിയല്ല. ശരിയാവുകയുമില്ല. അൽ-അസ്ഹർ സർവകലാശാലയിലെ ഗ്രാൻഡ് ഇമാമുമായി ഞാൻ ദീർഘ നേരം സംസാരിച്ചു, അവർ എന്താണ് ചിന്തിക്കുന്നതെന്ന് എനിക്കറിയാം... അവർ സമാധാനം തേടുന്നു, ഏറ്റുമുട്ടലിനാണെന്ന് നിങ്ങൾക്ക് പറയാനാകില്ല. -ഇങ്ങിനെ കരുതുന്നത് തെറ്റാണെന്നും അന്യായമാണെന്നും ഞാൻ വിശ്വസിക്കുന്നു- അതായത് ഇസ്ലാം ഒരിക്കലും തീവ്രവാദ മതമല്ല. '(Pastoral visit to Poland, 2016)

2015 ൽ ഫ്രഞ്ച് മാഗസിൽ ചാർലി ഹെബ്ദോ പരിശുദ്ധ പ്രവാചകനെതിരെ വളരെ നികൃഷ്ടമായ ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് മുസ്ലിം തീവ്രവാദികൾ 12 പേരെ കൊല്ലുകയുണ്ടായി. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ കാർട്ടൂൺ പ്രസിദ്ധീകരണത്തെ യൂറോപ്യൻ ബുദ്ധിജീവികൾ ന്യായീകരിച്ചപ്പോൾ ഫ്രാൻസിസ് മാർപ്പാപ്പ യാഥാർത്ഥ്യ ബോധത്തോടെ പ്രതികരിച്ചത് ഇപ്രകാരമായിരുന്നു കാർട്ടൂൺ പ്രസിദ്ധീകരിച്ചതിന്റെ പേരിലുള്ള കൊലപാതകത്തെ അദ്ദേഹം നിശിതമായി വിമർശിക്കുകയുണ്ടായി തുടർന്ന് പറഞ്ഞു: 'എന്റെ നല്ല സുഹൃത്ത് ഡോ. ഗാസ്പാരി (അപ്പോൾ പോപ്പിന്റെ അടുത്തിരുന്ന സുഹൃത്ത്) എന്റെ അമ്മയ്ക്കെതിരെ ഒരു ശാപവാക്ക് പറഞ്ഞാൽ, അയാൾക്ക് ഒരു പഞ്ച് പ്രതീക്ഷിക്കാം. ഇത് സ്വാഭാവികമാണ്.' സുഹൃത്തിനെ ഇടിക്കുന്ന ആംഗ്യം കാണിച്ചുകൊണ്ടായിരുന്നു രസികനായ പോപ്പ് പറഞ്ഞത് തുടർന്ന് അദ്ദേഹം പറഞ്ഞു: 'നിങ്ങൾ ഒരു മതത്തേയും പ്രകോപിപ്പിക്കരുത്. ആരെയും അപമാനിക്കരുത്. എല്ലാ മതത്തിനും അതിന്റെതായ അന്തസ്സുണ്ട് മറ്റുള്ളവരുടെ വിശ്വാസത്തെ കളിയാക്കരുത്.'

1924ൽ ഇംഗ്ലണ്ടിലേക്കുള്ള യാത്രാമധ്യേ, അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) റോമിൽ എത്തുകയുണ്ടായി. അവിടെവെച്ച് പതിനൊന്നാം പീയൂസ് മാർപാപ്പയെ കാണാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. മാർപ്പാപ്പയുടെ ഓഫീസുകളുടെ നവീകരണം നടക്കുന്നതിനാൽ അത്തരമൊരു കൂടിക്കാഴ്ച്ച സാധ്യമല്ലെന്ന് പറഞ്ഞ് അഭ്യർത്ഥന നിരസിക്കപ്പെടുകയാണുണ്ടായത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പോപ്പായി തിരഞ്ഞെടുത്ത ഫ്രാൻസിസ് മാർപ്പാപ്പയെ അഭിന




**പോപ്പ് ഫ്രാൻസിസിനെ അഹ്മദിയ്യാ മിഷണരിമാർ സന്ദർശിച്ചപ്പോൾ**

ന്ദിച്ചു കൊണ്ട് 4 മാർച്ച് 2013 ൽ ഒരു കത്തെഴുതുകയുണ്ടായി.

'വരാനിരിക്കുന്ന കാലഘട്ടത്തിൽ ലോകത്തിൽ സമാധാനവും ഐക്യവും വളർത്തിയെടുക്കാൻ മാർപ്പാപ്പ തന്റെ സ്വാധീനം ഉപയോഗിക്കണമെന്ന് ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ പൊതുവായ അദ്ധ്യാപനങ്ങളിലും പ്രത്യേകിച്ച് ദൈവത്തിന്റെ ഐക്യത്തിലും ഒരുമിച്ച് ചേരേണ്ടത് വളരെ ആവശ്യമാണ്'

2022 ഒരു ശരത്കാലത്ത് രണ്ട് അഹ്മദി മിഷണറിമാർ ആദരണീയനായ പോപ്പ് ഫ്രാൻസിസിനെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന് അഹ്മദിയ്യ ജമാഅത്ത് പ്രസിദ്ധീകരിച്ച ഇറ്റാലിയൻ ഭാഷയിലുള്ള ഖുർആൻ പരിഭാഷ സമ്മാനിക്കുകയും ചെയ്തു. ഖലീഫത്തുൽ മസീഹിന്റെ ഒരു എഴുത്തും പോപ്പിന് കൈമാറുകയുണ്ടായി. വളരെ ആദരപൂർവ്വമാണ് അദ്ദേഹം അത് സ്വീകരിച്ചത്. അഹ്മദി മിഷണിമാർക്ക് വളരെ ഹൃദ്യമായ സ്വീകരണവും അദ്ദേഹം നൽകി. അതിന് മുമ്പ് പോപ്പ് ബനഡിക്റ്റിന് World Crisis and Pathway to Peace എന്ന പുസ്തകം സമ്മാനിച്ചിരുന്നു. ഫ്രാൻസിസ് പോപ്പിനും ആ പുസ്തകത്തിന്റെ ഒരു കോപ്പി നൽകുകയുണ്ടായി. പല കാര്യങ്ങളിലും അഹ്മദിയ്യാ ഖലീഫ തിരുമനസ്സ് ആ പുസ്തകത്തിൽ പ്രകടിപ്പിച്ച ആശയങ്ങളുമായി മാർപ്പായുടെ വീക്ഷണങ്ങൾക്ക് സാമ്യതയുണ്ടായിരുന്നു.

140 കോടി ക്രിസ്ത്യാനികളുടെ പരമോന്നതനേതാവാണ് ദിവംഗതനായത്. 85 ദശലക്ഷം ജനസംഖ്യയുള്ള മറ്റൊരു പ്രബല ക്രിസ്തീയ പ്രൊട്ടസ്റ്റന്റ് വിഭാഗമാണ് ആഗ്ലിക്കൻ സഭ. ആഗ്ലിക്കൻ സഭയുടെ പരമോന്നത ആത്മീയ നേതാവ് കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വിൽബി 7 ജനുവരി 2025 രാജിവെച്ചതിനാൽ ആ സ്ഥാനവും ശൂന്യമാണ്. 1970-80 കളിൽ ക്രിസ്മസ് അവധിക്കാലത്തെ ഒരു സമ്മർ ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ ലൈംഗികമായി പീഢിപ്പിച്ച ഉന്നത ചാരിറ്റി പ്രവർത്തകനായ ജോൺ സ്മിത്ത് എന്നയാൾക്കെതിരെ വ്യാപകമായ ആരോപണമുണ്ടായിട്ടും യാതൊരു നടപടിയുമെടുത്തില്ല എന്നതായിരുന്നു കാന്റർബറി ആർച്ച് ബിഷപ്പിനെതിരെ ചുമത്തപ്പെട്ട കുറ്റം. ഏതായാലും ലോകത്തിലെ ഏറ്റവും ശക്തമായ ക്രിസ്തീയ സമൂഹത്തിന് ആത്മീയമായ നേതൃത്വം നൽകുന്ന രണ്ട് മേലദ്ധ്യക്ഷന്മാർ വരാൻ ലോകം കാത്തിരിക്കുകയാണ്. സമുന്നതരും പ്രഭാവശാലികളും എല്ലാ സങ്കുചിത രാഷ്ട്രീയ മത വംശീയ താൽപര്യങ്ങൾക്കും അതീതമായി പ്രവർത്തിക്കുന്ന നീതിമാന്മാരും സമാധാന കാംഷികളുമായ തലവന്മാർ ക്രിസ്തീയ സമൂഹത്തിന് ലഭിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.



# വിവാദാത്മകമായ വഖഫ് ഭേദഗതി ബിൽ

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വഖഫ് നിയമം രാജ്യത്തുടനീളം പ്രബലന്യൂനപക്ഷമായ മുസ്‌ലിം സമൂഹത്തിൽ അരക്ഷിതത്വവും അസ്വസ്ഥതയും രൂക്ഷമായ എതിർപ്പും സൃഷ്ടിച്ചിരിക്കുകയാണ്. 2024 ആഗസ്ത് 8 ന് ലോക്സഭയിൽ അവതരിപ്പിച്ച ബില്ല് ജോയിന്റ് പാർലമെന്ററി കമ്മിറ്റി (ജെ പി സി) 38 സിറ്റിംങ്ങുകൾ നടത്തി. 98.2 ലക്ഷം അഭിപ്രായങ്ങൾ അവർക്ക് മുമ്പാകെ ലഭിക്കുകയുണ്ടായി പ്രതിപക്ഷം സമർപ്പിച്ച 44 ഭേദഗതികൾ ജെ പി സി തള്ളിക്കളഞ്ഞു. ഭരണകക്ഷിക്ക് പ്രാമുഖ്യമുള്ള ജെ പി സി അവർക്ക് അനുകൂലമായ 25 നിർദ്ദേശങ്ങൾ മാത്രമാണ് പരിഗണിച്ചത്. ഒടുവിൽ 2025 ഏപ്രിൽ 3 ന് ലോക്സഭയിൽ 12 മണിക്കൂറും രാജ്യസഭയിൽ ഏപ്രിൽ 4 ന് 14 മണിക്കൂറും ചർച്ചചെയ്ത് വഖഫ് ഭേദഗതി ബില്ല് 2025 , ഉമീദ് ആക്റ്റ് എന്ന് പേര് മാറ്റി (United Waqf Management, Empowerment, Efficiency and Development Act, 1995 (UWMEED Act 1995) പാസ്സായി. ഏപ്രിൽ 5 ന് രാഷ്ട്രപതി ബഹുമാന്യയായ ശ്രീമതി ദ്രൗപതി മുർമു തുല്യം ചാർത്തിയ നിയമം ഏപ്രിൽ 8 മുതൽ പ്രാബല്യത്തിൽ വന്നിരിക്കയാണ്.

ജനാധിപത്യ സെക്കുലർ മൂല്യങ്ങളിലധിഷ്ഠിതവും ഭരണ ഘടന അനുസരിച്ചു പ്രവർത്തിക്കുന്നതുമായ ഒരു രാജ്യമാണ് നമ്മുടെത്. പൗരന് ഏതൊരു മതവും വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഉറപ്പ് നൽകുന്നു. ബി ജെ പി നേതൃത്വത്തിലുള്ള ഗവർമെന്റ് കൊണ്ടുവന്ന വഖഫ് നിയമ ഭേദഗതി പൗരന്റെ മൗലികാവകാശത്തിന്മേലുള്ള കടന്നു കയറ്റവും ഇന്ത്യയിലെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിംകളുടെ സാമൂഹികാസ്തിത്വത്തെ അരക്ഷിതമാക്കുന്നതുമാണെന്ന് വ്യാപകമായ ആക്ഷേപമുണ്ട്. ഒരാൾ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്തിൽ നിന്ന് സമൂഹത്തിന്റെ ഭൗതികവും ആത്മീയവുമായ നന്മക്ക് വേണ്ടി വഖഫ് (ദൈവ മാർഗ്ഗത്തിൽ സ്വത്ത് സമർപ്പിക്കൽ) ചെയ്യലും ആ സമർപ്പണത്തിന്റെ ലക്ഷ്യം പ്രാപ്തിക്കുള്ള അവകാശവും പൗരൻ എന്ന നിലക്ക് മുസ്ലികളുടെ മതാചരണത്തിന്റെ ഭാഗമാണ്. വഖഫ് ഭേദഗതി നിയമം ഇത്തരം മതസ്വാതന്ത്ര്യത്തെ സാരമായി ബാധിക്കും എന്ന ആശങ്ക ഈ ഭേദഗതിയോടെ മുസ്‌ലിം സമൂഹത്തിലുണ്ട്. പാർലമെന്റിൽ പാസ്സായ വഖഫ് നിയമം നമ്മുടെ ഭരണഘടന ഉറപ്പുനൽകിയ മതസ്വാതന്ത്ര്യത്തെ ബാധിക്കും എന്ന പരാതിയുമായി അസദുദ്ദീൻ ഉവൈസി (ആൾ ഇന്ത്യ മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ) അമാനത്തുല്ലാ ഖാൻ എം എൽ എ (ആം ആദ്മി പാർട്ടി) ഇമ്രാൻ മസ്ഊദ്, ഉദിത്ത് രാജ് (കോൺഗ്രസ്സ്) മനോജ് കുമാർ ത്സാ (ആർ ജെ ഡി), മുസ്‌ലിം ലീഗ്, മുഹമ്മദ് സലീം (സി പി എം) മുതലായ രാഷ്ട്രീയ പാർട്ടികളും വ്യക്തികളുമായി 64 കക്ഷികൾ ഇന്ത്യയുടെ പരമോന്നത കോടതിയെ സമീപിച്ചിരിക്കുകയാണ്. ജനാധിപത്യത്തിൽ അഞ്ചു വർഷം മാത്രം ഭരിക്കാനുള്ള ജനസമ്മതിയോടെയാണ് ഒരു ഭരണകക്ഷി അധികാരത്തിൽ വരുന്നത്. കക്ഷി രാഷ്ട്രീയത്തിന്റെ നീക്കുപോക്കുകൾ നടത്തി തിരഞ്ഞെടുപ്പിലൂടെ അഞ്ച് വർഷത്തേക്ക് അധികാരത്തിൽ വരുന്ന ഒരു ഗവർമെന്റിന് ഭരണ ഘടന ഉറപ്പുനൽകിയ സുസ്ഥിരവും സനാതനവുമായ മൗലികാവകാശങ്ങളെ ഹനിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന രീതിയിൽ നിയമ നിർമ്മാണം നടത്തുന്നത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. മതവുമായി ബന്ധപ്പെട്ട മതേതരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനോ ക്രമപ്പെടുത്തുന്നതിനോ ആവശ്യമായ പരിമിതമായ നിയമ നിർമ്മാണാധികാരമേ ഗവർമെന്റിനുള്ളൂ എന്നിരിക്കെ മൗലികാവകാശങ്ങളെ ബാധിക്കുന്ന നിയമ നിർമ്മാണങ്ങൾ ഒരു കൂട്ടുകക്ഷി ഭരണത്തിൽ നിർവ്വഹിക്കുന്നത് നീതിയാണോ?

വഖഫ് എന്ന അറബി പദത്തിന്റെ അർത്ഥം തടഞ്ഞു വെക്കുക. (ഹബ്സ്) എന്നാണ്. സ്വത്ത് ക്രയവിക്രയങ്ങളിൽ നിന്ന് തടഞ്ഞ് നിർത്തി പ്രസ്തുത മുതലിന് തേയ്മാനം വരാതെ നിയമാനുസൃതമായി സൽകർമ്മങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന്നാണ് വഖ്ഫ് എന്ന് പറയുന്നത്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് മതപമോ വിദ്യഭ്യാസപരമോ സാംസ്കാരികമോ സാമൂഹികമോ സാധുജന പരിപാലനമോ ഉദ്ദേശിച്ച് സ്ഥാവര ജംഗമ സ്വത്തുക്കൾ തിരിച്ചെടുക്കാനാവാത്ത വിധം ശാശ്വതമായി അല്ലാഹുവിന്റെ

മാർഗ്ഗത്തിൽ സമർപ്പണമാണ് വഖഫ്. വിശുദ്ധ ഖുർആൻ പറയുന്നു: 'നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചിലവഴിക്കുന്നത് വരെ നിങ്ങൾ (പരിപൂർണ്ണ) നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചിലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു' (ആലു ഇംറാൻ 3:93) ഈ ഖുർആനിക പ്രമാണവും മറ്റ് നിരവധി വചനങ്ങളും റസൂൽ തിരുമേനി[സ] മാതൃകയും സമ്പത്ത് ദൈവമാർഗ്ഗത്തിൽ വഖഫ് ചെയ്യാൻ വിശ്വാസിയെ പ്രേരിപ്പിക്കുന്നതാണ്. ഇസ്‌ലാമിൽ ആദ്യത്തെ വഖഫ് ഉസ്മാനുബ്നു അഫ്ഫാ[റ]ന്റെ റൂമാ എന്ന കിണർ ദാനമെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. മദീനയിലെ ഒരേയൊരു ജലസ്റോതസ്സായിരുന്നു റൂമാ കിണർ ഒരു യഹൂദന്റെ ഉടമസ്ഥതയിലായിരുന്ന ആ കിണർ ഉണ്ടായിരുന്നത്. ഒരു തോൽ പാത്രം വെള്ളത്തിനു ഒരു സേർ ധാന്യം വസൂലാക്കിയാണ് അയാൾ വെള്ളം വിറ്റുകൊണ്ടിരുന്നത്. ജലക്ഷാമം നേരിടുന്ന മദീനയിലെ ജനങ്ങളുടെ കഷ്ടപ്പാട് കണ്ട റസൂൽ തിരുമേനി[സ]യുടെ നിർദ്ദേശ പ്രക്രാരം ആ കിണർ മുപ്പത്തയ്യായിരം വെള്ളി ദിർഹം വിലകൊടുത്ത് ഉസ്മാൻ [റ] വാങ്ങി. ജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ വഖഫ് ചെയ്യുകയുണ്ടായി. മറ്റൊരു സംഭവം ഉമറുബ്നു ഖത്താബിന്റെ വഖഫാണ്. ഖൈബറിൽ നിന്നും സ്വന്തമായി ലഭിച്ച ഫല സമൃദ്ധമായ തോട്ടഭൂമിയുടെ ഉപയോഗം സംബന്ധിച്ച് ഉപദേശത്തിനായി ഉമറുബിനുൽ ഖത്താബ് റസൂൽ തിരുമേനി[സ]യെ സമീപിച്ചപ്പോൾ അവിടുന്ന് നൽകിയ ഉപദേശം' വസ്തു അതേപോലെ നിലനിർത്തുക, അതിന്റെ ഫലങ്ങൾ സൽക്കർമ്മങ്ങൾക്കായി വിനിയോഗിക്കുക.' ഇതിൽ നിന്നാണ് വഖഫ് എന്ന ആശയം ഉത്ഭവിക്കുന്നത്. റസൂൽ തിരുമേനി[സ]യുടെ കാലത്ത് തന്നെ ധാരാളം വഖഫുകൾ ഉണ്ടായി. ഇസ്‌ലാം മതത്തെ കാരുണ്യത്തിന്റെയും അലിവിന്റെയും മതമാക്കി മാറ്റുന്നതിൽ വഖഫിനുള്ള സ്ഥാനം നിർണ്ണായകമാണ്. അത് ഇന്നും നിർബാധം തുടരുന്നു. വസ്തുവോ ധനമോ കൈമാറാനോ വിൽപ്പന നടത്താനോ അനന്തരാവകാശമായി കുടുംബത്തിലേക്ക് തിരിച്ചെത്താനോ സാധിക്കത്ത വിധം ആ വസ്തു വഖഫായി ഭക്തൻ അല്ലാഹുവിൽ സമർപ്പിക്കുന്നതോടു കൂടി, ദാതാവെന്ന (വാഖിഫ്) നിലയിൽ അതിന്മേലുള്ള ഉടമസ്ഥാവകാശം ക്രയവിക്രയാധികാരവും ദാതാവിന് നഷ്ടപ്പെടുന്നു. പിന്നെ കൈകാര്യ കർത്തൃത്വം മുതവല്ലിക്കാണ്. അദ്ദേഹം ഒരിക്കലും വഖഫ് സ്വത്തിന്റെ ഉടമസ്ഥാധികാരം ഇല്ല എന്നോർക്കണം. കൈകാര്യകർത്താവ് മാത്രമാണ്.

'വഖ്ഫെ ഔലാദ്'എന്ന പേരിലറിയപ്പെടുന്ന ഒരു പ്രത്യേക തരം സ്വകാര്യ വഖഫ് സമ്പ്രദായവും ഇന്ത്യൻ വഖ്ഫ് നിയമത്തിലുണ്ട്. വഖ്ഫ് ചെയ്യുന്ന സ്വത്തുക്കളിൽ ഒരു ഭാഗം ദാന ധർമ്മങ്ങൾക്കായും ബാക്കി ഭാഗം ബന്ധുക്കളുടെ ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കുകയും ചെയ്യുന്ന രീതിയിലുള്ള വഖഫിനെയാണ് 'വഖ്ഫെ ഔലാദ്' എന്ന് പറയുന്നത്. ധനികരുടെ സ്വത്തിന് വഖഫ് നിയമത്തിന്റെ പരിരക്ഷ കിട്ടാൻ വേണ്ടിയാണ് ഈ വഖഫ് നിയമം എന്നും ഇത് യഥാർത്ഥത്തിലുള്ള വഖഫാണോ എന്ന തർക്കവും മുസ്‌ലിം പണ്ഡിതന്മാർക്കിടയിലുണ്ട്. 1913 ലെ മുസൽമാൻ വഖ്ഫ് വാലിഡേറ്റിംഗ് ആക്ടാണ് ഈ കുടുംബ വഖ്ഫായ, വഖഫെ ഔലാദ് നിയമപരമാക്കി മാറ്റിയത്. ശരീഅത്ത് നിയമ പ്രകാരമുള്ള അനന്തരാവകാശ നിയമത്തെ മറികടക്കാനും നഷ്ടം സംഭവിക്കാതെ ബന്ധു തലമുറകൾക്കായി സ്വത്ത് നിലനിർത്താനും ഭൂപ്രഭുക്കന്മാർക്കും ഭരണാധികാരികൾക്കും ധനികർക്കും അനുകൂലമായ നിയമമാണെന്നുമുള്ള അഭിപ്രായവും ഈ നിയമത്തിനെതിരെയുണ്ട്. വഖഫ് നിയമം പോലെ തന്നെ സ്വത്തുക്കൾ കൈമാറാനോ ക്രയവിക്രയം ചെയ്യാനോ വഖഫെ ഔലാദിലും സാദ്ധ്യമല്ല. അനന്തരാവകാശികൾ ആരും അവശേഷിക്കുന്നില്ലെങ്കിൽ അത് പൂർണ്ണമായും ധർമ്മ പ്രവർത്തനങ്ങൾക്കും സാധാരണ വഖ്ഫ് സ്വത്തിൽ ലയിച്ചു ചേരും. ചരിത്രപരമായി രൂപം കൊണ്ട വഖഫെ ഔലാദിന് ഇന്ത്യയിൽ നിയമ സാധുതയുണ്ട്. വഖഫെ ഔലാദ് സ്ത്രീകളെ പ്രത്യേകം പരാമർശിച്ചില്ലെങ്കിൽ ശരീഅത്ത് അനന്തരാവകാശ നിയമത്തിൽ ലഭിക്കുന്നത് പോലെ പകുതി പങ്ക് പോലും അവർക്ക് ലഭിക്കില്ല എന്നൊരു ആക്ഷേപവുമുണ്ട്.

1947 ലെ വിഭജന സന്ദർഭത്തിൽ ലക്ഷക്കണക്കിന് മുസ്ലിംകൾ ഇന്ത്യയിൽ നിന്ന് പാക്കിസ്ഥാനിലേക്ക് കുടിയേറി. ഇങ്ങനെ പോയവരിൽ ഇവിടത്തെ ചില വഖ്ഫ് സ്വത്തുക്കൾ സംരക്ഷിച്ച് പോന്നിരുന്ന മുതവല്ലിമാരും കുടുംബങ്ങളും മതസ്ഥാപനങ്ങളുടെയടക്കം നടത്തിപ്പുകാരുമുണ്ടായിരുന്നു. സംരക്ഷിക്കാൻ ആളില്ലാതായതോടെ രാജ്യത്തിന്റെ പലഭാഗത്തും വഖ്ഫ് സ്വത്തുക്കൾ അന്യാധീനപ്പെടാനും കയ്യേറ്റത്തിന് വിധേയമാകാനും തുടങ്ങി. ഇത്തരം പരാതികൾ വ്യാപകമായതോടെ നെഹറു മന്ത്രിസഭയിൽ അംഗമായിരുന്ന മൗലാനാ അബുൽ കലാം ആസാദിന്റെ നേതൃത്വത്തിൽ മുസ്‌ലിം നേതാക്കൾ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ സമീപിച്ചു. വഖ്ഫ് സ്വത്തുക്കൾ സംരക്ഷിക്കാൻ ഭരണകൂടം ഇടപെടേണ്ടതിന്റെ ആവശ്യകത മുസ്‌ലിം നേതാക്കൾ നെഹ്റുവിനെ ബോധ്യപ്പെടുത്തി. അങ്ങനെയാണ് 1954 ലെ സെൻട്രൽ വഖ്ഫ് ആക്ട് നിലവിൽ വരുന്നത്. ഈ നിയമപ്രകാരമാണ് വഖ്ഫ് സ്വത്തുക്കളുടെ മേൽനോട്ടത്തി

നായി ഇന്ന് കാണുംവിധമുള്ള സംസ്ഥാന വഖ്ഫ് ബോർഡുകളും കേന്ദ്രത്തിൽ സെൻട്രൽ വഖ്ഫ് കൗൺസിലും നിലവിൽ വന്നത്. ഇന്ന് ഇന്ത്യയിലെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 32 വഖ്ഫ് ബോർഡുകളുണ്ട്.

ഇപ്പോൾ പാർലമെന്റ് പാസ്സാക്കിയ 2025ലെ വഖഫ് (ഭേദഗതി) നിയമത്തിനെതിരെ സുപ്രിം കോടതിയിൽ വന്ന ഹരജികൾ നമ്മുടെ ഭരണ ഘടന ഉറപ്പ് നൽകിയ അവകാശങ്ങൾക്ക് വിരുദ്ധമാണോ എന്നാണ് പരിശോധിക്കേണ്ടത്. ഒന്നാമതായി കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഇസ്‌ലാം ആചരിച്ച വ്യക്തികൾക്ക് (പ്രാക്റ്റീസിംങ്ങ് മുസ്‌ലിം) മാത്രമേ വഖഫ് ചെയ്യാൻ കഴിയൂ എന്ന ഭേദഗതി അവ്യക്തതകൾ നിറഞ്ഞതും അപ്രായോഗികവും മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതുമാണ്. മുസ്‌ലിമല്ലാത്ത ഒരാൾ മുസ്‌ലിംകൾക്ക് ദാനം ചെയ്യുന്നത് ഇത് വിലക്കുന്നു. ഇത് മുസ്‌ലിം എന്നതിൽ കവിഞ്ഞ് ഇന്ത്യയിലെ മറ്റു മതസ്ഥരായ പൗരന്മാരുടേയും സ്വന്തം സ്വത്ത് ആർക്കാണ് ദാനം ചെയ്യേണ്ടത് എന്ന് തീരുമാനിക്കാനുള്ള അവകാശത്തെ കൂടി വിലക്കുന്നു. നിയമത്തിന്റെ നൂലാമാലകൾ സൃഷ്ടിക്കാനും വഖഫ് ചെയ്യാൻ ഉദ്ദേശിക്കുന്നവരെ ബുദ്ധിമുട്ടിക്കുകയുമാണ് ഇതിന്റെ ഫലം.

വഖഫ് ചെയ്യുന്ന ആൾ ചുരുങ്ങിയത് അഞ്ച് വർഷം ഇസ്‌ലാം ആചരിക്കുന്ന പ്രാക്റ്റീസിംങ്ങ് മുസ്‌ലിം ആയിരിക്കണം എന്ന നിബന്ധന ആരാണ് നിർവ്വചിക്കുക? പുതിയ ഭേദഗതി നിയമത്തിൽ സ്റ്റേറ്റ് വഖഫ് ബോർഡുകളിൽ ഭൂരിപക്ഷ മുസ്‌ലിംകൾ മുസ്‌ലിംകളായി കണക്കാക്കാത്ത ആഖാഖാനീ, ഇസ്മായീലീ ബോറാ മുസ്‌ലികളുടെയും പ്രതിനിധികളുണ്ട്. സംസ്ഥാന തലത്തിൽ അവർക്ക് പ്രത്യേകം വഖഫ് ബോഡുകൾ രൂപീകരിക്കാനുള്ള പ്രൊവിഷനും ഈ നിയമത്തിലുണ്ട്. എന്നാൽ അഹ്മദികൾക്ക് ബോർഡിൽ പ്രാതിനിധ്യമില്ല എന്നത് ശ്രദ്ധേയമാണ്. വ്യത്യസ്തമായ അനേകം വിഭാഗീയമായ ആശയങ്ങൾ വെച്ചു പുലർത്തുന്നവരാണ് മുസ്‌ലിംകളിലെ മത കക്ഷികൾ, എന്നിരിക്കെ ആരാണ് 'പ്രാക്റ്റീസിങ്ങ് മുസ്‌ലിം' മിനെ തീരുമാനിക്കുക? ഇത് സംബന്ധിച്ച് രസകരമായ അനുഭവം, പാകിസ്താനിൽ 1953 ലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭകാലത്ത് കലാപത്തെ പറ്റി അന്വേഷിച്ച ജസ്റ്റീസ് മുനീർ കമ്മീഷൻ വിവിധ കക്ഷികളിൽ പെട്ട മുസ്‌ലിം ഉലമാക്കന്മാരെ വിചാരണ ചെയ്ത്കൊണ്ട് ആരാണ് മുസ്‌ലിം എന്ന് അവരോട് ചോദിച്ചിരുന്നു. അവരെല്ലാം തങ്ങളുടെ വിഭാഗീയമായ നിർവ്വചനങ്ങളാണ് 'മുസ്‌ലിമിന്' നൽകിയത്. ആർക്കും ഏകോപിച്ചുകൊണ്ടുള്ള ഒരു നിർവ്വചനം നൽകാൻ സാധിച്ചില്ല. മുസ്‌ലിമിനെ നിർവ്വചിക്കാൻ കഴിയാത്ത പണ്ഡിതന്മാരുടെ കക്ഷിത്വ അതിപ്രസരത്തെ ജസ്റ്റീസ് മുനീർ റിപ്പോർട്ടിൽ പരിഹസിക്കുന്നുണ്ട്.

പുതിയ ഭേദഗതി പ്രകാരം നമ്മുടെ കോടതികൾക്ക് ആരാണ് മുസ്‌ലിം എന്നോ, പ്രാക്റ്റീസിംങ്ങ് മുസ്‌ലിം ആരെന്നോ നിർവ്വചിക്കാൻ സാധിക്കുമോ? വഖഫ് ബോർഡിനോ വഖഫ് ട്രിബ്യൂണലിനോ സാധിക്കുമോ? ആരാണ് മുസ്‌ലിം എന്നതിന് ഇവിടുത്തെ മുസ്‌ലിം പണ്ഡിതന്മാർക്ക് സർവ്വാംഗീകൃതമായ ഒരു നിർവ്വചനം നൽകാൻ സാധിക്കുമോ? അഹ്മദികളെയും ഇസ്മായീലി മുസ്‌ലിംകളെയും ആഖാഖാനികളേയും ശിയാ മുസ്‌ലിംകളെയും ഇവിടുത്തെ ഭൂരിപക്ഷ മുസ്‌ലിംകൾ മുസ്‌ലികളായി അംഗീകരിക്കുമോ? പിന്നെ ബി ജെ പി സർക്കാരാണോ ഈ മുസ്‌ലിം നിർവ്വചനം നടത്തുക?

ആരാണ് മുസ്‌ലിം എന്ന പ്രശ്നത്തിൽ മുഹമ്മദ് നബി(സ) മാർഗ്ഗദർശനം സന്ദർഭവശാൽ ഇവിടെ ഉണർത്തുന്നു. ഇസ്‌ലാം മതത്തിന്റെ ഉത്തമ മാതൃകയും തന്റെ ഉമ്മത്തിനെ ഉദ്ഗ്രഥിച്ചു നിർത്താൻ അഗാധവും വിശാലവുമായ ഉപദേശം നൽകുകയും ചെയ്ത മുഹമ്മദ് നബി(സ)യുടെ ഏറ്റവും വിവേക പൂർണ്ണമായ വചനങ്ങൾ നോക്കൂ.അവിടുന്ന് പറഞ്ഞു: 'സ്വയം മുസ്‌ലിമാണെന്ന് പറയുന്ന ഏവരുടെയും പേര് എനിക്ക് വേണ്ടി എഴുതുക.' (ബുഖാരി) മറ്റൊരവസരത്തിൽ പ്രവാചകൻ അരുളി: 'നാം നമസ്ക്കരിക്കുന്നത് പോലെ നമസ്ക്കരിക്കുകയും നമ്മുടെ ഖിബ്‌ലയുടെ നേരെ തിരിയുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവനാരോ അയാൾ മുസ്‌ലിമാകുന്നു' (ബുഖാരി- കിതാബുസ്സലാത്ത്) ആധുനിക സെക്കുലർ ജനാധിപത്യ രാജ്യത്ത് ഒരാളുടെ മതവിശ്വാസം പ്രഖ്യാപിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം അയാളിൽ മാത്രം നിക്ഷിപ്തമാണ്. അത് ഉലമാക്കന്മാരോ കോടതിയോ ഗവർമെന്റോ നിർവ്വചിച്ച് തീരുമാനിക്കേണ്ട വിഷയമല്ല എന്ന മാർഗ്ഗ ദർശനമാണ് ഈ പ്രവാചക വചനങ്ങളിലുള്ളത്.

വഖഫ് ഭേദഗതി നിയമത്തിലെ മറ്റൊന്ന് വഖഫിന്റെ നിർവചനത്തിൽ നിന്ന് 'വഖ്ഫ് ബൈ യൂസർ' അതായത് ഉപയോഗം കൊണ്ട് സ്ഥിരപ്പെട്ട വഖഫ് റദ്ദു ചെയ്തുകൊണ്ടുള്ള വകുപ്പാണ്. ഇത് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കും എന്ന് വരികയാണെങ്കിൽ വഖഫ് സ്വത്തുക്കളെ ഏറ്റവും പ്രതികൂലമായി ബാധിക്കാൻ പോകുന്ന വകുപ്പായിരിക്കുമത്. ഈ നിയമ പ്രകാരം എല്ലാ വഖഫ് സ്വത്തുക്കളും സ്റ്റേറ്റ് വഖഫ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഹാജരാക്കുന്ന രേഖകൾ കർശനമായ പരിശോധനകൾക്കും അന്വേഷണങ്ങൾക്കും വിധേയമായിരിക്കും എന്ന് വരുമ്പോൾ, ഇത് മുസ്‌ലിം വിശ്വാസികൾക്ക് എത്ര

മാത്രം പ്രയാസകരമായിരിക്കും. ഇന്ത്യയിൽ ഇസ്‌ലാം മതം റസൂൽ തിരുമേനി(സ)യുടെ കാലം മുതൽ തന്നെ ആവിർഭവിച്ചിട്ടുണ്ടെന്ന് പല ചരിത്ര കാരന്മാരും അഭിപ്രായപ്പെടുന്നു. ബ്രിട്ടീഷുകാരുടെ കാലം മുതലാണ് രജിസ്ട്രേഷൻ സമ്പ്രദായം ആരംഭിച്ചത്. കൃത്യമായി പറഞ്ഞാൽ 1863 ലാണ് റിലീജിയസ് എൻഡോവ്മെന്റ് ആക്ട് ബ്രിട്ടീഷുകാർ ആദ്യമായി നടപ്പിലാക്കിയത്. സർക്കാറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നിന്ന് മതസ്ഥാപനങ്ങളെ ഒഴിവാക്കുന്നതായിരുന്നു ഈ നിയമം. ക്രിസ്ത്യൻ വിഭാഗത്തിന്റെ സമ്മർദ്ദപ്രകാരമാണ് ഈ നിയമം രൂപപ്പെട്ടതെങ്കിലും എല്ലാ മതവിഭാഗങ്ങളും ഇതിന്റെ ഗുണഭോക്താക്കളായിരുന്നു. നൂറ്റാണ്ടുകളായി മുസ്‌ലിംകൾ ആരാധനാലയമായി ഉപയോഗിച്ചു വരുന്ന മസ്ജിദുകളും കബർസ്ഥാനുകളും വഖഫാണെന്ന് തെളിയിക്കാൻ രേഖകൾ ആവശ്യപ്പെടുന്നത് ഒരിക്കലും നീതീകരിക്കാൻ സാദ്ധ്യമല്ല. വാമൊഴിയായി ഇങ്ങനെ വഖ്ഫ് ചെയ്യപ്പെട്ട് സ്വത്തുക്കൾ ബ്രിട്ടീഷുകാർവരെ നിയമ പ്രാബല്യം നൽകിയിരിക്കെ ഇപ്പോൾ അതിനെല്ലാം രേഖകൾ ഹാജരാക്കണം എന്ന് പറയുന്നത് ഒരിക്കലും നീതിയല്ല. മറ്റു ആരാധനാലയങ്ങൾക്കില്ലാത്ത നിയമം മുസ്‌ലികൾക്ക് മേൽ അടിച്ചേൽപ്പിക്കുന്നത് ന്യായമാണോ? ഒരു ഏകദേശ കണക്കനുസരിച്ച് ഇന്ത്യയിൽ ആകെ 872,852 വഖഫ് വസ്തുക്കളുണ്ട്. അതിൽ 405,000 ഹെക്റ്റർ ഭൂമിയാണ്.(ഒരു ദശലക്ഷം ഏകർ ഭൂമി) അതിൽ പള്ളിയും കബർസ്ഥാനും മറ്റു ഭൂമികളുമടക്കം പകുതിയും വഖഫ് ബൈ യൂസർ ആണ്. പകുതി മാത്രമേ എഴുത്ത് പ്രമാണങ്ങളുള്ള വഖഫ് ബൈ ഡീഡ് സ്വത്തുക്കളുള്ളൂ. അത് കൊണ്ട് അത്തരം സ്വത്തുക്കളിന്മേൽ തർക്കമുന്നയിക്കാൻ ആർക്കും എളുപ്പത്തിൽ കഴിയും. തർക്കമുണ്ടായാൽ അത് തീർപ്പാക്കാനുള്ള അധികാരം വഖഫ് ബോർഡിനും വഖ്ഫ് ട്രിബ്യൂണലിനുമായിരുന്നു ഇത്വരെയുള്ള നിയമത്തിൽ ഉണ്ടായിരുന്നത്. പുതിയ നിയമ പ്രകാരം അത് ജില്ലാ കലക്ടർക്കോ അല്ലെങ്കിൽ സർക്കാർ നിയമിക്കുന്ന ഉദ്യോഗസ്ഥനിലോ നിക്ഷിപ്തമാണ്. സുൽത്താന്മാരും മുഗൾ രാജാക്കന്മാരും നവാബുമാരും ഭരിച്ചിരുന്ന ഇന്ത്യയിലെ പല ചരിത്ര സ്മാരകങ്ങളും വഖഫ് ബൈ യൂസർ ആയിരിക്കാം. പക്ഷേ വഖഫ് സ്വത്തിലെ ഗണ്യമായ പങ്ക് സാധാരണ ഭക്തരായ മുസ്‌ലിം വ്യക്തികളും സമൂഹം കൂട്ടായും സാമ്പത്തിക ത്യാഗം ചെയ്തും സ്വരൂപിച്ചതാണ്. പുതിയ ഭേദഗതി നിയമത്തിലെ മുസ്‌ലിം വഖഫ് സ്വത്ത് നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ള വഖഫ് ബൈ യൂസറിന്റെ റദ്ദാക്കൽ മതസ്വാതന്ത്ര്യത്തിന്റെ മൗലികാവകാശ ലംഘനം എന്ന നിലക്ക് ബഹുമാനപ്പെട്ട സുപ്രിം കോടതി ഇതിന് പരിഹാര മുണ്ടാക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

കേന്ദ്ര വഖഫ് കൗൺസിലിലും സംസ്ഥാന വഖഫ് ബോർഡുകളിലും അമുസ്ലിം അംഗങ്ങളെ ഉൾപ്പെടുത്തുന്നത് ഭരണ ഘടനയുടെ ആർട്ടിക്കിൾ 26 (ബി), ആർട്ടിക്കിൾ 26 (ഡി) എന്നിവയുടെ ലംഘനമാണോ എന്ന് സുപ്രീം കോടതി ഫയൽ ചെയ്ത കേസിൽ മുസ് ലിം കക്ഷികൾ പരാതിപ്പെട്ടതാണ്. 11 അംഗ സ്റ്റേറ്റ് വഖഫ് ബോർഡുകളിൽ 2 പേർ അമുസ്‌ലിം അംഗങ്ങളും രണ്ട് വനിതാ അംഗങ്ങളും ഉണ്ടായിരിക്കണം എന്നാണ് പുതിയ നിയമം നിർദ്ദേശിക്കുന്നത്. 1995 ലെ നിയമത്തിൽ അത് പൂർണ്ണമായും മുസ്‌ലിംകളായിരുന്നു. അത്പോലെ ആഖാഖാനി ബോറാ ശിയാ മുസ് ലിംകളിൽ നിന്നും പ്രതിനിധികളുണ്ടായിരിക്കണം. സ്റ്റേറ്റ് ഗവർമെന്റ് ആവശ്യപ്പെടുകയാണെങ്കിൽ ഇവർക്ക് പ്രത്യേകം വഖഫ് ബോർഡുകളും രൂപീകരിക്കാവുന്നതാണ്. തീർച്ചയായും അവരെല്ലം സ്വയം മുസ്‌ലികളാണെന്ന് അവകാശപ്പെടുന്നവരായിരിക്കെ അവരുടെ വഖഫ് സ്വത്തുക്കൽ സംരക്ഷിക്കാൻ അവരുടെ പ്രാതിനിത്യമുണ്ടായിരിക്കേണ്ടതാണ്. സ്ത്രീകളുടെ പ്രാതിനിധ്യവും ഉണ്ടായിരിക്കും. പക്ഷേ മുസ്‌ലിമല്ലാത്ത ഒരാളുടെ പ്രാതിനിത്യം തികച്ചും മുസ്‌ലികളുടെ മതപരമായ ആവശ്യത്തിന് സ്വരൂപിക്കപെട്ട സ്വത്തുക്കൾ നിയന്ത്രിക്കുന്ന സ്ഥാപനത്തിൽ ഉണ്ടാകുന്നത് ഉചിതമായിരിക്കുമോ? മറ്റ് അമുസ്‌ലിം മതസ്ഥാപനങ്ങളിൽ ഇത് അനുവദിക്കുമോ? ബഹുമാനപ്പെട്ട സുപ്രിം കോടതിയുടെ വിധിക്ക് നമുക്ക് കാത്തിരിക്കാം.

ഒരു ജനാധിപത്യ ഭരണകൂടത്തെ വിലയിരുത്തുക ആ രാജ്യത്ത് ജീവിക്കുന്ന ന്യൂനപക്ഷങ്ങൾക്ക് മറ്റെല്ലാ പൗരന്മാരെപോലെയും ക്ഷേമവും സ്വാതന്ത്ര്യവും പൗരാവകാശങ്ങളും അനുഭവിച്ച് ശാന്തിയോടെ ജീവിക്കാൻ സാധിക്കുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. ദാന ധർമ്മങ്ങൾ കരുണാർദ്ദമായ ഇസ്‌ലാം മതത്തിന്റെ ജനിതക ഘടനയിലെഴുതപ്പെട്ടതാണ്. മുസ്‌ലിം സമൂഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും മതകീയ പ്രവർത്തനങ്ങളുടെയും നട്ടെല്ലാണ് ചരിത്രത്തിൽ അത് മതവംശീയ ഭേദങ്ങൾക്കതീതമായി മനുഷ്യ സമൂഹത്തിന്റെ നന്മക്കും ക്ഷേമത്തിനും ഉതകിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട നമ്മുടെ പരമോന്നത കോടതിയും ആദരണീയരായ നമ്മുടെ കേന്ദ്രഭരണ കൂടവും പ്രബല ന്യൂനപക്ഷമായ മുസ്‌ലിം സമൂഹത്തിന്റെ വേദനയും ബുദ്ധിമുട്ടുകളും മത വിശ്വാസം പാലിച്ചുകൊണ്ട് ജീവിക്കാനുള്ള അവരുടെ പ്രയാസങ്ങളും കണ്ടറിഞ്ഞ് അനുഭാവ പൂർവ്വം അവരുടെ പരാതികൾക്ക് ഒരു പരിഹാരം ഉണ്ടാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# ഫ്രാൻസിസ് മാർപ്പാപ്പ
# ഖലീഫത്തുൽ മസീഹിന്റെ അനുശോചന സന്ദേശം





വിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ നിര്യാണത്തിൽ ഞാൻ അതീവ ദുഃഖിതനാണ്. തന്റെ ജീവിതത്തിലുടനീളം, ഫ്രാൻസിസ് മാർപ്പാപ്പ ദരിദ്രർക്കും ദുർബലർക്കും വേണ്ടിയുള്ള സേവനം കാഴ്ചവെക്കുകയുണ്ടായി. യുദ്ധം, പീഡനം, അനീതി എന്നിവയുടെ കനത്ത ഭാരം അനുഭവിക്കുന്ന ഇരകളോട് അഗാധമായ അനുതാപം അദ്ദേഹം പ്രകടിപ്പിച്ചു. വ്യത്യസ്ത മതങ്ങളിലും വിശ്വാസങ്ങളിലുമുള്ളവർക്കിടയിൽ പാലങ്ങൾ നിർമ്മിക്കാനാണ് ഫ്രാൻസിസ് മാർപ്പാപ്പ പരിശ്രമിച്ചത്. അനുകമ്പയും ഏളിമയും വിശ്വസ്തതയുമുള്ള വ്യക്തിയായിരുന്നു അദ്ദേഹം.

ഫ്രാൻസിസ് മാർപ്പാപ്പ തന്റെ പേപ്പസി കാലത്ത് വത്തിക്കാനിൽ അഹ്മദിയ മുസ്‌ലിം സമൂഹത്തിലെ പ്രതിനിധികളെ ഊഷ്മളതയോടും ആദരവോടും കൂടിയാണ് സ്വീകരിച്ചത്. അതിന് ഞങ്ങൾ എല്ലായ്പ്പോഴും അദ്ദേഹത്തോട് നന്ദിയുള്ളവരായിരിക്കും.

കത്തോലിക്കാ സഭയ്ക്കും ലോകമെമ്പാടുമുള്ള അതിന്റെ അംഗങ്ങൾക്കും അഹ്മദീയ മുസ്‌ലിം സമൂഹത്തിന് വേണ്ടി ഞാൻ ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.

വിശ്വസ്തതയോടെ
മിർസ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

# പഹൽഗാം ആക്രമണം അപലനീയം: അഹ്മദിയ്യാ ജമാഅത്ത്

പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശക്തമായി അപലപിക്കുകയും സമാധാനത്തിനും ഐക്യത്തിനും വേണ്ടി അഭ്യർഥിക്കുകയും ചെയ്യുന്നു. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിൽ 27 മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു. നിരപരാധിയായ ഒരു വ്യക്തിയെ കൊല്ലുന്നത് മുഴുവൻ മനുഷ്യരാശിയെയും കൊല്ലുന്നതിന് തുല്യമാണെന്ന ഖുർആനിക തത്വമാണ് (5:33) ഇസ്‌ലാമിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ, ഇത്തരം അതിക്രമങ്ങൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. ഇത്തരം ആക്രമണങ്ങൾ മനുഷ്യാവകാശങ്ങൾക്കും മതതത്വങ്ങൾക്കും ധാർമിക മൂല്യങ്ങൾക്കും വിരുദ്ധവുമാണ്. ഇന്ത്യ ഒരു മനോഹരമായ പൂങ്കാവനമാണ്. ഇവിടെ വിവിധ മതങ്ങളിലും ജാതികളിലും പെട്ടവർ സ്നേഹത്തോടും ഐക്യത്തോടും കൂടി ജീവിക്കുന്നു. ചില ദുഷ്ടശക്തികൾ ഇടയ്ക്കിടെ ഈ ഐക്യം ഭംഗപ്പെടുത്താൻ ശ്രമിക്കുന്നത് അങ്ങേയറ്റം വിദ്രോഹപരമാണ്. ഈ നീചകൃത്യത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇന്ത്യ ശക്തമായി അപലപിക്കുന്നു. ഈ സംഭവത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും, അനീതിക്ക് ഇരയാക്കപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുശോചനം അറിയിക്കുകയും, അവർക്ക് ക്ഷമയും ആത്മധൈര്യവും ലഭിക്കുന്നതിനായും, പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കുന്നതിനായും പ്രാർഥിക്കുകയും ചെയ്യുന്നു.

## അനുസ്മരണം
## എ. ഹമീദ് മാസ്റ്റർ

ഐരാപുരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ആദ്യകാല അഹ്മദി മോളത്ത് മൂക്കട അബ്ദുറഹ്മാൻ മകൻ എ ഹമീദ് മാസ്റ്റർ ജൂൺ 30ന് ഞായറാഴ്ച്ച വാർദ്ധക്യസഹജമായ രോഗത്താൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ*

യൗവന കാലത്ത് തന്നെ ഇമാം മഹ്ദിയുടെ സന്ദേശം തിരിച്ചറിയുവാനും സ്വീകരിക്കുവാനും, ആദ്യകാല പണ്ഡിത ശിരോമണികളോടൊപ്പം ജമാത്തത്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും അവസരം ലഭിച്ച ഹമീദ് മാസ്റ്റർ സ്കൂൾ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച് തന്റെ പ്രവർത്തന മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് നാട്ടുകാർക്കിടയിലും ശിഷ്യന്മാരിലും വളരെയധികം ആദരവും ബഹുമാനവും സമ്പാദിച്ച ഒരു വ്യക്തിയാണ് ഹമീദ് മാസ്റ്റർ. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ തന്റെ വിവാഹശേഷം വധുവുമായി സ്വന്തം സഹോദരിയുടെ വീട്ടിൽ വിരുന്നു പോയ അവസരത്തിൽ തദ്ദേശവാസികളായ അഹ്മദിയ്യത്തിന്റെ എതിരാളികളും വിരോധികളും രാത്രി സഹോദരിയുടെ വീട് വളഞ്ഞ് ഒരു വലിയ ആൾക്കൂട്ടം നവവധുവരന്മാരെ പാതിരാത്രി വീട്ടിൽ നിന്നിറക്കി വിടുകയുണ്ടായി.

ജാതിമതഭേദമന്യേ സർവ്വരുടെയും ആദരവും ബഹുമാനവും പിടിച്ചു പറ്റിയ ആദരണീയനായ അദ്ധ്യാപകനായിരുന്നു അദ്ദേഹം. താൻ മനസ്സിലാക്കിയ സത്യത്തിൽ അടിയുറച്ച് നിന്നതിന്റെ പേരിൽ സ്വന്തം സമൂഹത്തിൽ നിന്നുതന്നെ വളരെയധികം എതിർപ്പുകൾ സഹിച്ചുകൊണ്ടാണ് തന്റെ ഔദ്യോഗിക രംഗത്ത് സ്തുത്യർഹമായ സേവനം അദ്ദേഹം നടത്തിയത്. തങ്ങളുടെ പ്രദേശത്തുള്ള ഏക വായനശാലയിലും സജീവമായി അംഗമായിരുന്നു. ഐരാപുരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ വിവിധ ഭാരവാഹിത്വങ്ങൾ വഹിക്കുവാനും പ്രസിഡണ്ടായി ജമാഅത്തിനെ നയിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ.

കരുനാഗപ്പള്ളി നിവാസിയായിരുന്ന നെല്ലിമുറ്റത്ത് മഠം വാഴപ്പള്ളിയിടത്ത് മുഹമ്മദ് കുഞ്ഞു മാസ്റ്റർ അവർകളുടെ മകളായ ആരിഫയാണ് ഭാര്യ

മക്കൾ: ഫസീല നാസർ കരുനാഗപ്പള്ളി, ഷറീന എംഎച്ച് (നോർക്ക റൂട്ട്സ് എറണാകുളം), റസീന അസ്സ് കരുളായി, ഷെഫീല (ദുബായ്) ഹസീന യാസർ കൊടുവായൂർ, മരുമകൾ: ഫാത്തിമത്ത് സുഹറ,

*പ്രസിഡണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഐരാപുരം*

# www.mta.tv




## Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.05.2025

Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without
Prepayment **The Sathyadoothan Monthly**

Vol: 97 Issue.05
Price Rs. 30/-


## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ട് പിന്നിട്ട
മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## SUBSCRIBE

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
*Phone No: 9447086862 (G. Pay)*

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

ഈ ക്യൂആർ കോഡ് ഉപയോഗിച്ച്
വരിസംഖ്യ അയക്കുന്നവർ രസീതിന്റെ
സ്ക്രീൻ ഷോട്ട്, പേര്, വിലാസം എന്നിവ
സർക്കുലേഷൻ മാനേജർക്ക് അയച്ചു
നൽകുവാൻ താൽപര്യപ്പെടുന്നു.
9995950052


Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Oset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.